## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 –ലെ യോഗത്തിന്റെ നടപടിവിവരം



| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 2 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 22.01.2024, 13.08.2024, 16.10.2024, 05.12.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| **2.1** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| 3.2 | ആംബുലൻസ് | 4 |
| 4.7 | കായംകുളം നഗരസഭ | 9 |
| **2.2** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 11 |
| 4.31 | വിളയൂർ ഗ്രാമപഞ്ചായത്ത് | 11 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 12 |
| 3.2 | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 12 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 12 |
| 4.23 | കുടുംബശ്രീ | 13 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 14 |
| 3.2 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 14 |
| 4.2 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 15 |
| 4.19 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 16 |
| **2.5** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം | 17 |
| 3.5 | ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം | 17 |
| 4.15 | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 18 |
| 4.16 | കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – മലപ്പുറം ജില്ലാ കമ്മിറ്റി | 18 |
| 4.19 | ആരോഗ്യ വകുപ്പ് | 19 |
| 4.21 | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി | 19 |
| 4.23 | പുറമേരി ഗ്രാമപഞ്ചായത്ത് | 21 |
| **3** | പൊതുവിഷയം | 21 |
| 3.1 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 21 |
| 3.2 | അങ്കണവാടി കുട്ടികളുടെ കലോത്സവം | 22 |
| 3.3 | ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ | 22 |
| 3.4 | എസ്റ്റേറ്റ് മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ | 23 |
| 3.5 | മണ്ണ് സംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം | 23 |
| 4 | **പ്രത്യേക വിഷയം** | 24 |
| 4.1 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 24 |
| 4.2 | തുമ്പമൺ ഗ്രാമപഞ്ചായത്ത് | 24 |
| 4.3 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 25 |
| 4.4 | കണ്ണൂർ കോർപ്പറേഷൻ (അദാലത്ത്) | 26 |
| 4.5 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 26 |
| 4.6 | വാഴൂർ ഗ്രാമപഞ്ചായത്ത് | 27 |
| 4.7 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 27 |

| | | |
|---|---|---|
| 4.8 | ജലനിധി – കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി | 28 |
| 4.9 | കുടാളി ഗ്രാമപഞ്ചായത്ത് | 29 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 29 |
| 4.11 | കെൽപാം | 30 |
| 4.12 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 31 |
| 4.13 | ചെറിയനാട് ഗ്രാമപഞ്ചായത്ത് | 31 |
| 4.14 | അടിമാലി ഗ്രാമപഞ്ചായത്ത് | 32 |
| 4.15 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 32 |
| 4.16 | കേരള വാട്ടർ അതോറിട്ടി | 33 |
| 4.17 | മഞ്ചേരി നഗരസഭ | 34 |
| 4.18 | ചവറ ഗ്രാമപഞ്ചായത്ത് | 34 |
| 4.19 | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | 35 |
| 4.20 | തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 35 |
| 4.21 | വാഴയൂർ ഗ്രാമപഞ്ചായത്ത് | 36 |
| 4.22 | ക്ഷീര വികസന വകുപ്പിന്റെ ക്ഷീരഗ്രാമം പദ്ധതി | 36 |
| 4.23 | നെല്ലനാട് ഗ്രാമപഞ്ചായത്ത് | 37 |
| 4.24 | കൊക്കയാർ ഗ്രാമപഞ്ചായത്ത് | 37 |
| 4.25 | വേങ്ങര ഗ്രാമപഞ്ചായത്ത് | 38 |
| 4.26 | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | 38 |
| 4.27 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.28 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 39 |
| 4.29 | ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 40 |
| 4.30 | തോട്ടം മേഖലയിലെ നിർമ്മാണ പ്രവർത്തനം | 41 |
| 4.31 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 41 |
| 4.32 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് | 41 |
| 4.33 | കൺസ്യൂമർ ഫെഡ് | 42 |
| 4.34 | വേങ്ങര ഗ്രാമപഞ്ചായത്ത് | 43 |
| 4.35 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് | 43 |
| 4.36 | കൊടുവള്ളി നഗരസഭ | 43 |
| 4.37 | വടക്കാഞ്ചേരി നഗരസഭ | 44 |
| 4.38 | കൊണ്ടോട്ടി നഗരസഭ | 44 |
| 4.39 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 45 |
| 4.40 | കൊല്ലം ജില്ലാ പഞ്ചായത്ത് | 46 |
| 4.41 | ലൈഫ് മിഷൻ– കൊപ്പം ഗ്രാമപഞ്ചായത്ത് | 47 |
| 4.42 | കാലടി ഗ്രാമപഞ്ചായത്ത് | 47 |
| 4.43 | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 48 |
| 4.44 | വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 48 |
| 4.45 | പിണറായി ഗ്രാമപഞ്ചായത്ത് | 48 |
| 4.46 | തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം | 49 |
| 4.47 | ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 50 |
| 4.48 | കളമശ്ശേരി നഗരസഭ | 51 |
| 4.49 | ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് | 51 |
| 4.50 | കൊക്കയാർ ഗ്രാമപഞ്ചായത്ത് | 52 |
| 4.51 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 52 |
| 4.52 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 53 |

| | | |
|---|---|---|
| 4.53 | The Vision Multi- Lateral Labour Contract - Co operative - Society Ltd. No. 1263 | 53 |
| 4.54 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 54 |
| 4.55 | മാറഞ്ചേരി ഗ്രാമപഞ്ചായത്ത് | 54 |
| 4.56 | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് | 55 |
| 4.57 | എറണാകുളം ജില്ലാ പഞ്ചായത്ത് | 55 |
| 4.58 | തലക്കാട് ഗ്രാമപഞ്ചായത്ത് | 56 |
| 4.59 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 57 |
| 4.60 | അനങ്ങനടി ഗ്രാമപഞ്ചായത്ത് | 57 |
| 4.61 | വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | 58 |
| 4.62 | നൂറനാട് ഗ്രാമപഞ്ചായത്ത് | 58 |
| 4.63 | വേങ്ങര ഗ്രാമപഞ്ചായത്ത് | 59 |
| 4.64 | പാടശേഖര സമിതികളുടെ നിയന്ത്രണത്തിലുള്ള മോട്ടോർ തറകളുടെ റിപ്പയറിംഗ് | 59 |
| 4.65 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 60 |
| 4.66 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 60 |
| 4.67 | കുന്നമംഗലം ഗ്രാമപഞ്ചായത്ത് | 61 |
| 4.68 | കണ്ണൂർ കോർപ്പറേഷൻ | 61 |
| 4.69 | എറണാകുളം ജില്ലാ പഞ്ചായത്ത് | 62 |
| 4.70 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 62 |
| 4.71 | പത്തനംതിട്ട ജില്ലാപഞ്ചായത്ത് | 63 |
| 4.72 | പയ്യന്നൂർ നഗരസഭ | 63 |
| 4.73 | മങ്കട ഗ്രാമപഞ്ചായത്ത് | 64 |
| 4.74 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ | 64 |
| 4.75 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 65 |
| 4.76 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | 65 |
| 4.77 | പനയം ഗ്രാമപഞ്ചായത്ത് | 66 |
| 4.78 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 66 |
| 4.79 | പന്തളം നഗരസഭ | 67 |
| 4.80 | വയനാട് ജില്ലാ ആസൂത്രണസമിതി | 67 |
| 4.81 | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | 68 |
| 4.82 | ATMA മലപ്പുറം | 68 |
| 4.83 | തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 68 |
| 4.84 | വയനാട് ജില്ലാ പഞ്ചായത്ത് | 69 |
| 4.85 | എറണാകുളം ജില്ലാപഞ്ചായത്ത് | 69 |
| 4.86 | പ്രാദേശിക വെറ്ററിനറി മരുന്നുല്പാദന കമ്പനികൾ | 70 |
| 4.87 | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 70 |

No./400/2024/SRG/LSGD/CC(6)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ന നടന്ന യോഗത്തിന്റെ നടപടി വിവരം.

യോഗം രാവിലെ 10.00 ന് സെക്രട്ടേറിയറ്റിലെ അനക്സ് II വിലെ 'നവകൈരളി' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ 1 ആയി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2 ആയി ഉൾപ്പെടുത്താറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള തുടർനടപടി, ക്രമ നമ്പർ 3 ആയി ഉൾപ്പെടുത്താറുള്ള പൊതുവിഷയം, ക്രമനമ്പർ 4 ആയി ഉൾപ്പെടുത്താറുള്ള പ്രത്യേക വിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 22.01.2024, 13.08.2024, 16.10.2024, 05.12.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 ഖണ്ഡിക 3.2

### ആംബുലൻസ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ (ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന് നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |

| | | | |
|---|---|---|---|
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന്റ കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

04.01.2024 ലെ തീരുമാനം:- ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

13.08.2024-ൽ നൽകിയ റിപ്പോർട്ട്: ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

16.10.2024-ൽ നൽകിയ റിപ്പോർട്ട്:- കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ.

16.10.2024-ലെ തീരുമാനം:- ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന് നൽകിയ റിപ്പോർട്ട് :- ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ വകുപ്പും മോട്ടോർ വെഹിക്കിൾ വകുപ്പും റിപ്പോർട്ട് നൽകിയെങ്കിലും ഇവയിൽ സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രണമുള്ളത് (പബ്ലിക്) എത്രയാണ്, സ്വകാര്യ ഉടമസ്ഥതയിൽ എത്രയാണ് എന്ന് തരംതിരിക്കാൻ കഴിയില്ല. വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരങ്ങൾ ആണ് ലഭിച്ചത്. ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു BLS ആംബുലൻസും ഓരോ 5.00 ലക്ഷം ജനസംഖ്യയ്ക്കും ഒരു ALS ആംബുലൻസും വേണം.

# Number of Ambulance Registered under RTO

## Table I

| District | No of LSGIs (GP, Municipality, Corporation) | No. of Ambulances Registered under RTO | Avg. No of Ambulances Per LSGIs (considering that the registered vehicles are available in the district) | 2023 Projected population of the district (During 2023) | Population lakhs | No of ambulances per lakh population ( column 3/6) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| TVM | 78 | 1771 | 23 | 34,29,192 | 34 | 52 |
| KLM | 73 | 688 | 9 | 27,37,364 | 27 | 25 |
| PTA | 57 | 407 | 7 | 12,43,752 | 12 | 33 |
| ALP | 78 | 477 | 6 | 22,10,134 | 22 | 22 |
| KTM | 77 | 595 | 8 | 20,50,966 | 21 | 29 |
| IDK | 54 | 327 | 6 | 11,57,891 | 12 | 28 |
| EKM | 96 | 1189 | 12 | 34,09,416 | 34 | 35 |
| TSR | 94 | 824 | 9 | 32,41,990 | 32 | 25 |
| PKD | 95 | 550 | 6 | 29,18,678 | 29 | 19 |
| MPM | 106 | 738 | 7 | 42,72,090 | 43 | 17 |
| KKD | 78 | 835 | 11 | 32,05,733 | 32 | 26 |
| WND | 26 | 220 | 8 | 8,49,054 | 8 | 26 |
| KNR | 81 | 507 | 6 | 26,20,643 | 26 | 19 |
| KSD | 41 | 207 | 5 | 13,57,970 | 14 | 15 |
| **TOTAL** | **1034** | **9335** | **9** | **3,46,98,873** | **346** | **27** |

Table II

Total Ambulance Owned by DHS, DME, 108 and LSGIs

| Total Ambulances | | | | | LSGIs | Total |
|---|---|---|---|---|---|---|
| Dist | Population lakhs | DHS | DME | 108 | | |
| TVM | 34 | 58 | 7 | 28 | 41 | 134 |
| KLM | 27 | 42 | 2 | 21 | 19 | 84 |
| PTA | 12 | 47 | 1 | 15 | 7 | 70 |
| ALP | 22 | 28 | 4 | 18 | 10 | 60 |
| KTM | 21 | 20 | 8 | 17 | 41 | 86 |
| IDK | 12 | 31 | 3 | 15 | 16 | 65 |
| EKM | 34 | 47 | 4 | 32 | 56 | 139 |
| TSR | 32 | 21 | 6 | 32 | 34 | 93 |
| PKD | 29 | 30 | 0 | 28 | 25 | 83 |
| MPM | 43 | 19 | 3 | 32 | 7 | 61 |
| KKD | 32 | 18 | 2 | 31 | 19 | 70 |
| WND | 8 | 25 | 0 | 11 | 8 | 44 |
| KNR | 26 | 28 | 4 | 21 | 10 | 63 |
| KSD | 14 | 14 | 0 | 14 | 11 | 39 |
| **TOTAL** | **347** | **428** | **44** | **315** | **304** | **1091** |

## Table III

Number of Ambulance owned by DHS, DME,108 (Type wise)

| ALS | | | | | | BLS | | | | | | PTV | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Dist | DHS | DME | 108 | Total | No of ALS ambulance needed as per norms-(One ALS for 5 lakh) | Population lakhs | DHS | DME | 108 | Total | No of BLS ambulance needed as per norms-(One BLS for 1 lakh) | DHS | DME | 108 | Total |
| TVM | 4 | | 0 | 4 | 6.8 | 34 | 14 | | 28 | 42 | 34 | 44 | | 0 | 44 |
| KLM | 4 | | 0 | 4 | 5.4 | 27 | 35 | | 21 | 56 | 27 | 3 | | 0 | 3 |
| PTA | 2 | | 0 | 2 | 2.4 | 12 | 43 | | 15 | 58 | 12 | 2 | | 0 | 2 |
| ALP | 3 | | 0 | 3 | 4.4 | 22 | 7 | | 18 | 25 | 22 | 18 | | 0 | 18 |
| KTM | 0 | | 0 | 0 | 4.2 | 21 | 2 | | 17 | 19 | 21 | 18 | | 0 | 18 |
| IDK | 3 | | 0 | 3 | 2.4 | 12 | 7 | | 15 | 22 | 12 | 21 | | 0 | 21 |
| EKM | 3 | | 0 | 3 | 6.8 | 34 | 11 | | 32 | 43 | 34 | 33 | | 0 | 33 |
| TSR | 1 | | 0 | 1 | 6.4 | 32 | 3 | | 32 | 35 | 32 | 17 | | 0 | 17 |
| PKD | 2 | | 0 | 2 | 5.8 | 29 | 28 | | 28 | 56 | 29 | 0 | | 0 | 0 |
| MPM | 1 | | 0 | 1 | 8.6 | 43 | 6 | | 32 | 38 | 43 | 12 | | 0 | 12 |
| KKD | 1 | | 0 | 1 | 6.4 | 32 | 2 | | 31 | 33 | 32 | 15 | | 0 | 15 |
| WND | 4 | | 0 | 4 | 1.6 | 8 | 11 | | 11 | 22 | 8 | 10 | | 0 | 10 |
| KNR | 2 | | 0 | 2 | 5.2 | 26 | 2 | | 21 | 23 | 26 | 24 | | 0 | 24 |
| KSD | 0 | | 0 | 0 | 2.8 | 14 | 4 | | 14 | 18 | 14 | 10 | | 0 | 10 |
| **TOTAL** | **30** | | **0** | **30** | **69.4** | **347** | **175** | | **315** | **490** | **347** | **227** | | **0** | **227** |

### Table IV

| HEALTH SERVICES VEHICLE PURCHASED WITH VARIOUS GOVERNMENT FUNDS | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No | District | Govt.Fund | MP Fund | MLA Fund | LSGIs Fund | Donation/CSR | Other Fund | Total |
| 1 | Trivandrum | 50 | 35 | 26 | 65 | 3 | 0 | 179 |
| 2 | Kollam | 16 | 28 | 16 | 2 | 2 | 0 | 64 |
| 3 | Pathanamthitta | 13 | 29 | 12 | 12 | 2 | 0 | 68 |
| 4 | Alappuzha | 17 | 16 | 8 | 2 | 2 | 0 | 45 |
| 5 | Kottayam | 15 | 15 | 6 | 2 | 5 | 0 | 43 |
| 6 | Idukki | 12 | 13 | 17 | 3 | 3 | 0 | 48 |
| 7 | Eranakulam | 21 | 25 | 21 | 24 | 40 | 0 | 131 |
| 8 | Thrissur | 25 | 8 | 6 | 3 | 11 | 0 | 53 |
| 9 | Palakkad | 23 | 13 | 11 | 0 | 11 | 0 | 58 |
| 10 | Malappuram | 28 | 12 | 1 | 0 | 2 | 0 | 43 |
| 11 | Kozhikode | 17 | 22 | 27 | 1 | 6 | 1 | 74 |
| 12 | Wayanad | 19 | 15 | 12 | 6 | 13 | 0 | 65 |
| 13 | Kannur | 28 | 10 | 9 | 2 | 12 | 0 | 61 |
| 14 | Kasaragod | 21 | 3 | 4 | 3 | 1 | 0 | 32 |
| | **Total** | **305** | **244** | **176** | **125** | **113** | **1** | **964** |

30.01.2025 ലെതീരുമാനം:-

ദേശീയ മാനദണ്ഡമനുസരിച്ച് ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു BLS ആംബുലൻസും അഞ്ചു ലക്ഷം ജനസംഖ്യയ്ക്ക് ഒരു ALS ആംബുലൻസും ആണ് വേണ്ടത്. രജിസ്റ്റർ ചെയ്ത

ആംബുലൻസുകളുടെ എണ്ണമനുസരിച്ച് സ്വകാര്യ മേഖലയും കൂടി ചേർത്ത് എല്ലാ ജില്ലകളിലും BLS ആംബുലൻസ് ആവശ്യത്തിലധികമുണ്ട് എന്ന് യോഗം വിലയിരുത്തി.

1) DHS, DME, 108, LSGIs എന്നീ ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 347 BLS ആംബുലൻസാണ് വേണ്ടത്. DHS, DME, 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 BLS ആംബുലൻസുകളുമുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 69 ALS ആംബുലൻസ് വേണം. എന്നാൽ ലഭ്യമായ കണക്കനുസരിച്ച് DHS ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. അടിയന്തിര ജീവൻ രക്ഷയ്ക്ക് ALS അംബുലൻസ് വളരെ സഹായകരം ആയതിനാൽ ALS ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം വാങ്ങുന്നതാണ് അഭികാമ്യം.

2) DHS, DME, 108, LSGIയുടെ ഉടമസ്ഥതയിലുള്ള ആകെ അംബുലൻസുകൾ 1091 ആണ്. ആകെ രജിസ്റ്റർ ചെയ്തതിൽ ബാക്കിയുള്ള 8244 (9335 – 1091) എണ്ണം സ്വകാര്യ മേഖലയിലാണെന്നത് യോഗം വിലയിരുത്തി. എന്നാൽ ഇവയിൽ നല്ലൊരു ശതമാനം കാലപ്പഴക്കത്താൽ ഇപ്പോൾ സർവ്വീസിലുള്ളതാകാൻ വഴിയില്ല. അതിനാൽ കഴിഞ്ഞ 15 വർഷത്തിനകം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമെടുത്താലേ ശരിയായ വിവരം ലഭിക്കൂ. ഈ സാഹചര്യത്തിൽ കഴിഞ്ഞ 15 വർഷം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരം ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. ഇതിനായി തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇവ കൂടി ശേഖരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം.

3) മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണമനുസരിച്ചാണ്. എങ്കിലും BLS ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തി. MPLAD, MLASDF, CSR എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആംബുലൻസ് വാങ്ങേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പാലിയേറ്റീവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തിരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള SC/ST വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)ആരോഗ്യവകുപ്പ്, ഡയറക്ടർ<br>3)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2.1 ഖണ്ഡിക 4.7**

**കായംകുളം നഗരസഭ**

കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1-5101/2021-ാം നമ്പർ കത്തും (SRG/ 1092/23).

വിഷയം:- കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ

അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്.

26.10.2023 ലെ തീരുമാനം :- നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക എത്രയാണ് എന്നിവ മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

30.01.2025 -ന നൽകിയ റിപ്പോർട്ട്:- കൗൺസിൽ തീരുമാനം ഇല്ലാതെയാണ് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും, അസിസ്റ്റന്റ് എഞ്ചിനീയറുടേയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ETP-അപ്പ് ഗ്രേഡ് ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയത്. ഇത്തരത്തിൽ അധിക നിർമ്മാണം നടത്താൻ നഗരസഭ രേഖാമൂലം നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഈ അധിക പ്രവർത്തിയുടെ വാല്യുവേഷൻ തുക എത്രയാണ് എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പ്രവർത്തിയുടെ നിർമ്മാണ നിവ്വഹണ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിന്റെ ഗുണത ഉറപ്പിക്കാൻ ഇടപെട്ടിട്ടില്ല എന്നതിനാൽ അറവു ശാലയിൽ മത്സ്യ മാംസ മാലിന്യ സംസ്കരണ പ്ലാന്റ് (ETP) നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകളിലായി 25,17,685/- (23,35,000+1,82,685/) രൂപ ചെലവഴിച്ചുവെങ്കിലും ഈ പ്ലാന്റ് നിലവിൽ പ്രവർത്തന സജ്ജമല്ല. ആയതിനാൽ കരാറുകാരനായ ശ്രീ.ജോർജ് കുര്യന് ETPയുടെനിർമ്മാണവുമായി ബന്ധപ്പെട്ട് 28.03.2019 ൽ നൽകിയ തുകയുടെ ബില്ലും അധിക പ്രവൃത്തി നിർവ്വഹിക്കപ്പെട്ട എന്നതിലേക്കായുള്ള 11.50 ലക്ഷം രൂപയുടെ വിശദാംശങ്ങളുടെ ലിസ്റ്റും സൂപ്രണ്ടിങ് എൻജിനീയർ കാര്യാലയം പരിശോധിച്ചതിൽ അധികരിച്ച് നടത്തി എന്ന് പറയപ്പെടുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ആരും തന്നെ ഒപ്പ് വച്ചിട്ടില്ല. ഈ പ്ലാന്റിൽ സ്ഥാപിച്ചിരുന്ന ചില യന്ത്രഭാഗങ്ങൾ ഈ കരാറുകാരൻ ഇളക്കി കൊണ്ട് പോയതായി സ്ഥല പരിശോധന വേളയിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ ഈ പ്രവർത്തിയുടെ DPR ലഭ്യമല്ല. 23,35,000 രൂപ കരാറുകാരന് നൽകിയത്. കരാറുകാരൻ നൽകിയ ബില്ലിന്റെ (INVOICE) മാത്രം അടിസ്ഥാനത്തിലാണ്. അതിനാൽ ഏതൊക്കെ ഇനങ്ങൾക്ക് ആണ് തുക നൽകിയിരുന്നത് എന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

ബില്ലും അധിക പ്രവർത്തികളുടെ ലിസ്റ്റും പരിശോധിച്ചതിൽ കൂടുതൽ ഇനങ്ങളും മെക്കാനിക്കൽ വിഭാഗത്തിലെയും ഇലക്ട്രിക്കൽ വിഭാഗത്തിലേയും പ്രവർത്തികൾ ആയതിനാലും ഓരോ ഇനങ്ങളുടെയും വാല്യൂവേഷൻ പരിശോധിക്കുന്നതിന് സാങ്കേതികമായി പരിജ്ഞാനമുള്ളവർ ആരും തന്നെ സൂപ്രണ്ടിങ് എൻജിനീയർ കാര്യാലയത്തിൽ ഇല്ലാത്തതിനാലും അധികരിച്ചു നടത്തിയ പ്രവർത്തികളുടെ വാലുവേഷൻ എടുക്കുന്നതിന് സൂപ്രണ്ടിങ് എൻജിനീയർ കാര്യാലയത്തിന് സാധിക്കാതെ വന്നിട്ടുണ്ട്. അധിക പ്രവർത്തികളിൽ ഉൾപ്പെട്ട മെക്കാനിക്കൽ പ്രവർത്തികളെ സംബന്ധിച്ച് വാല്യൂവേഷൻ എടുക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കായംകുളം നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഇല്ല. അതിനാൽ കരാറുകാരന് തുക നൽകിയതും, നൽകാത്തതുമായ കണക്കുകൾ വേർതിരിച്ച് ഫയലിൽ ലഭ്യമല്ല. അധിക പ്രവർത്തികൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനായി ഈ പ്രവർത്തികളുടെ എസ്റ്റിമേറ്റ്, എം-ബുക്ക് എന്നിവയൊന്നും തന്നെ ഇല്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ അധിക പ്രവർത്തി കണ്ടെത്തി വാല്യുവേഷൻ തയ്യാറാക്കുവാൻ കഴിയുകയില്ല എന്ന വിവരം അറിയിച്ചു കൊണ്ടുള്ള മൊഴി തുടർ അന്വേഷണത്തിന്റെ ഭാഗമായി കായംകുളം നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നൽകിയിട്ടുണ്ട്. ഈ കാരണങ്ങളാൽ അധികരിച്ചു നടത്തിയ പ്രവർത്തികളുടെ വാല്യുവേഷൻ തുക തയ്യാറാക്കി നൽകുവാൻ കഴിയുന്നതല്ല.

30.01.2025-ലെ തീരുമാനം :- നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഗുരുതരമായ വീഴ്ച ഇതിന്റെ നിർവ്വഹണത്തിൽ നടന്നിട്ടുണ്ട്. ഇത് വകുപ്പ് തലത്തിൽ പരിശോധിക്കാനും ആവശ്യമെങ്കിൽ മറ്റ് ഏജൻസി മുഖേന പരിശോധിച്ച് കർശന നടപടി സ്വീകരിക്കാനും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം/ഡി.ബി) വകുപ്പ് |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01. 2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.31**

**വിളയൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).

വിഷയം:- കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്.

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

<u>22.01.2024 ലെ തീരുമാനം :-</u> ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഈ വിഷയത്തിൽ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>16.10.2024-ൽ നൽകിയ റിപ്പോർട്ട്:-</u> മുകളിൽപ്പറഞ്ഞ വിവരങ്ങൾ വസ്തുതാപരമാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

<u>16.10.2024-ലെ തീരുമാനം:-</u> പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടി മുകളിൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ നിലനിർത്തേണ്ടതുണ്ടോ, ഇവയിൽ ഏതൊക്കെയാണ് ഇപ്പോൾ പ്രവർത്തന സജ്ജം, കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേകം പരിപാലിച്ചു സംരക്ഷിക്കേണ്ട ജല സ്രോതസ്സ് ഉണ്ടോ, ഇനി ആവശ്യമില്ലാത്തവയാണെങ്കിൽ അവയുടെ മോട്ടോർ അടക്കമുള്ളവ എന്തു ചെയ്യണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ലിസ്റ്റ് സഹിതം നൽകാൻ റൂറൽ ഡയറക്ടറോട് നിർദ്ദേശിക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കാലതാമസമൊഴിവാക്കി ഉടനെ റിപ്പോർട്ട് നൽകേണ്ടതാണെന്നു നിർദ്ദേശിച്ചതു പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 ന നൽകിയ റിപ്പോർട്ട് :-</u> മുകളിൽ പറഞ്ഞ 30 കുടിവെള്ള പദ്ധതിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ പദ്ധതികൾ ഇനി നിലനിർത്തേണ്ടതില്ലെന്നും ഇവയുടെ മോട്ടോറുകൾ അടക്കമുള്ളവ ലേലം ചെയ്യാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതിയിൽ നിന്ന് തുക പിരിച്ചെടുത്ത ഒരെണ്ണമൊഴികെ മറ്റെല്ലാത്തിന്റെയും കുടിശ്ശിക അടച്ചു. ഇനിയുള്ള ഒരെണ്ണത്തിന്റെ കുടിശ്ശിക (കൺസ്യൂമർ നമ്പർ 1168218004066) തുക 78,274 രൂപയാണ്. ഇതിൽ 49,137 രൂപ അടച്ചു. ഇനി 29,137 രൂപ മാത്രമാണ് അടയ്ക്കാനുള്ള കുടിശ്ശിക തുക.

<u>30.01.2025 -ലെ തീരുമാനം:-</u>കുടിശ്ശിക മിക്കതും തീർത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതി 29,137 രൂപ തന്നില്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഈ തുക അടയ്ക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് |

**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.2**

**അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ (13.08.2024–ലെ) യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ്, ഡി.പി. ഡിവിഷൻ, SPB<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.3 ഖണ്ഡിക 3.5**

**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന നൽകിയ റിപ്പോർട്ട്:– കുടിവെള്ളത്തിലൂടെയും മലിനജലത്തിലൂടെയും ഭക്ഷ്യ ശൃംഖലയിലൂടെയും ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളും മറ്റു വിഷാംശങ്ങളും മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ദൂഷ്യഫലങ്ങൾക്ക് കാരണമാകുന്നു. ജല മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള താഴെപ്പറയുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും അവയുടെ ഭേദഗതികളും പരിഗണിക്കേണ്ടതുണ്ട്.

1.Water (Prevention and Control of Pollution) Act, 1974

2. Water (Prevention and Control of Pollution) Cess Act, 1977

3. Environment (Protection) Act, 1986

4. Food Safety and Standards Act, 2006

5. Kerala Public Health Act,2023

6. Kerala Panchayat Raj Act, 1994

7. Kerala Municipality Act, 1994

കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഖണ്ഡികകൾ ബാധകമാക്കാവുന്നതാണ്.

| | |
|---|---|
| Kerala Public Health Act 2023 | a) Sections 15, 16 & 17 മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ<br>b) Sections 18(5), 18(6), 18(7), 19, 20 – ശുചിത്വ സൗകര്യങ്ങൾ<br>c) Section 21 to 26 വരെ. 'Nuisance' (ശല്യം ഒഴിവാക്കൽ)<br>d) Section 39 & 49 – പ്രതിരോധ നടപടികൾ ഏറ്റെടുക്കുന്നതിനും പരിശോധന നടത്തുന്നതിനും പ്രവേശനത്തിനുമുള്ള അധികാരം<br>e) Section 58 സാമൂഹിക ഒത്തു കൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും<br>f) Section 59 – ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം. |

ഈ നിയമങ്ങളും അവയുടെ ഭേദഗതികളും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകളും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വകുപ്പുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പ്
2. പരിസ്ഥിതി വകുപ്പ്
3. മലിനീകരണ നിയന്ത്രണബോർഡ്
4. കേരള ജല അതോറിറ്റി
5. ഭൂജല വകുപ്പ്
6. ജലനിധി
7. ജലസേചന വകുപ്പ്
8. ഭക്ഷ്യസുരക്ഷാ വകുപ്പ്
9. വ്യവസായ വകുപ്പ്
10. കൃഷി വകുപ്പ്
11. ജല വിഭവ വകസന വിനിയോഗ കേന്ദ്രം ( CWRDM)
12. കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയണൽ ഡയറക്ടറേറ്റ്
13. ആരോഗ്യ വകുപ്പ്
14. നിയമവകുപ്പ്

ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി മേൽ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഒരു സംയുക്ത ശില്പശാല സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം :-</u> ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതുപോലെ മുകളിൽ പറഞ്ഞ വകുപ്പുകളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.3 ഖണ്ഡിക 4.23**

**<u>കുടുംബശ്രീ</u>**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.05.2024 –ലെ 1152/D/2020/KSHO നമ്പർ കത്തും അനുബന്ധരേഖകളും സർക്കാർ ഫയലും (SRG/628/24 IA1/250/2022/LSGD)

വിഷയം:- കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ ചെറുകിട യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

മറ്റു സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകളിൽ നിന്ന് ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 25.09.2021–ലെ 19/2021/SPD സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിന്റെ കാലാവധി 01.07.2022–നു അവസാനിച്ചു. ഇതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ

18.06.2023-ൽ കുടുംബശ്രീ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ആവശ്യം തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന് നൽകിയെങ്കിലും "തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു മിഷൻ പ്രോജക്ടായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ ഇളവ് അനുവദനീയമായ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാറ്റഗറിയിൽപ്പെടുന്നതല്ല" എന്നതടക്കമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി ആവശ്യം നിരസിച്ചു. എന്നാൽ ഇത്തരം കുടുംബശ്രീ യൂണിറ്റുകളെ അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) ഉൾപ്പെടുത്തുന്നതിന് ധനവകുപ്പുമായി ആലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടി കൂടാതെ കുടുംബശ്രീ തയ്യൽ യൂണിറ്റിന് നേരിട്ട് നൽകാൻ സാധിക്കുംവിധം ഇത്തരം സേവനങ്ങൾ നൽകുന്ന അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച് ഇതിന്മേൽ റിപ്പോർട്ടിനായി കില ഡയറക്ടർ ജനറലിനു നൽകി. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ഡയറക്ടർ ജനറൽ മറുപടി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

13.08.2024 -ലെ തീരുമാനം:-കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തന പരിചയം, സാങ്കേതിക മേന്മ, ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകളെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതെന്ന് ലിസ്റ്റ് സഹിതം നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 നു നൽകിയ റിപ്പോർട്ട് :-</u> കുടുംബശ്രീയുടെ കീഴിൽ അയ്യായിരത്തിൽപ്പരം അപ്പാരൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 35ൽ അധികം അംഗങ്ങൾ പ്രവർത്തിക്കുന്ന അപ്പാരൽ പാർക്കുകൾ മുതൽ വ്യക്തിഗത യൂണിറ്റുകൾവരെ ഉൾപ്പെടുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭിക്കുന്ന ബൾക്ക് ഓഡറുകൾ ഇത്തരത്തിലുള്ള എല്ലാ യൂണിറ്റുകളും ചേർന്നാണ് പൂർത്തീകരിക്കുന്നത്. അതിനാൽ ഇത്തരത്തിലുള്ള ഓരോ യൂണിറ്റുകളെയും അക്രഡിറ്റഡ് ഏജൻസിയായി പരിഗണിക്കേണ്ടിവരും. ഇത് പ്രായോഗികമല്ലാത്തതിനാൽ ഓരോ ജില്ലയിലേയും അപ്പാരൽ യൂണിറ്റുകളെ ഉൾപ്പെടുത്തി ഓരോ കൺസോർഷ്യം രൂപീകരിച്ച് ഈ കൺസോർഷ്യത്തെ അക്രഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളുടെ സാങ്കേതിക മേന്മ, ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് വിദഗ്ദ്ധ ഏജൻസിയുമായി ചർച്ച ചെയ്തുവേണം തീരുമാനമെടുക്കേണ്ടത്. ഇതിന്മേൽ അന്തിമ തീരുമാനമെടുത്തതിനുശേഷം വിശദമായ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാമെന്നറിയിച്ചിട്ടുണ്ട്.

തീരുമാനം :- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അന്തിമ റിപ്പോർട്ടും സാങ്കേതിക ഗുണമേന്മ എന്നിവ സംബന്ധിച്ച വിവരങ്ങളും നൽകുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

## 2.4 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

**2.4 ഖണ്ഡിക 3.2**

### സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.2**

**<u>പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത്)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ചയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

16.10.2024-ലെ തീരുമാനം:-ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>05.12.2024-നു നൽകിയ റിപ്പോർട്ട്:-</u> മൂന്ന് നിലകളിലായി 12 യൂണിറ്റുകൾ അടങ്ങിയ 3 കെട്ടിടവും 2 നിലകളിലായി 8 യൂണിറ്റ് അടങ്ങിയ ഒരു കെട്ടിടവും ഉൾപ്പെടെ ആകെ 44 കുടുംബങ്ങൾക്കാണ് ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണത്തിന് ആകെ 6.86 കോടി രൂപ ചെലവ് വരും. ഇതുപ്രകാരം ക്ലസ്റ്റർ ഹോം നിർമ്മിക്കുമ്പോൾ ഒരു യൂണിറ്റിന് വേണ്ടിവരുന്ന ചെലവ് 15.58 ലക്ഷം രൂപയാണ്. ഈ പദ്ധതിയ്ക്ക് അനുബന്ധമായി വേണ്ടിവരുന്ന നിർമ്മാണ പ്രവൃത്തികളായ റോഡ്, മറ്റ് External Service Works, STP Land Development ജോലികൾ എന്നിവയ്ക്ക് വേണ്ടത് 88 ലക്ഷം രൂപയാണ്. ഇതു കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ ഒരു യൂണിറ്റിന് 17.58 ലക്ഷം രൂപ ചെലവ് വരും. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം 47.62 ചതുരശ്ര മീറ്റർ ആണ് (512.10 സ്ക്വയർ ഫീറ്റ്). പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 64 സെന്റ് സ്ഥലം ലഭ്യമാണ്.

പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രീ-ഫാബ് മാതൃകയിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 616 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ തുകയും അടിസ്ഥാന സൗകര്യത്തിനാവശ്യമായ 88.00 ലക്ഷം രൂപയും 2024-25 വർഷം 4515 - 00-102 - 41 എന്ന റൂറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കാൻ കഴിയുമെന്ന് 11.11.2024-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ഭവനസമുച്ചയ

നിർമ്മാണത്തിനായി സി.എസ്.ആർ/സംഭാവന ലഭിക്കുവാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

05.12.2024-ലെ തീരുമാനം:- ഒരു വീടിന്റെ നിർമ്മാണ ചെലവ് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ചെലവ് എന്നതിനാൽ ലഭ്യമായ 64 സെന്റ് സ്ഥലം ഓരോ കുടുംബത്തിനും 3 സെന്റ് വീതം നൽകി വീടിന് ധനസഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. ശേഷിക്കുന്നവർക്ക് സ്ഥലം വാങ്ങി നൽകി വീട് വയ്ക്കുന്നതിന്റെ സാധ്യതയും പരിഗണിക്കാവുന്നതാണ്. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) ചീഫ് എഞ്ചിനീയർ. തദ്ദേശസ്വയംഭരണ വകുപ്പ്<br>3)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.4 ഖണ്ഡിക 4.19**

**കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2024-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2023-ലെ 58(1)-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2024-ലെ B4-2158/23 -ാം നമ്പർ കത്തും (SRG/840/24 - CC/534/24)

വിഷയം:- മാനസിക വെല്ലുവിളി നേരിടുന്നവർക്കായി മാറ്റി വച്ച തുകയിൽ നിന്ന് ഭിന്നശേഷി ക്യാമ്പും ഉപകരണങ്ങളും നൽകുന്നതിനായി ഉപയോഗിക്കുന്നതു സംബന്ധിച്ച്

കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2017-18 വർഷം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോ.നം. 19/18). ജില്ലാ പഞ്ചായത്ത് വിഹിതം 40,00,000 രൂപ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 1,15,37,079 രൂപ, ബാങ്കിൽ ലഭ്യമായ പലിശ 68,38,628 രൂപ എന്നീ രീതിയിലാണ് പ്രോജക്ടിന് വിഹിതം വകയിരുത്തിയിരുന്നത്. ആകെ 2,23,75,707 രൂപ. മുൻകാലങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക ബാങ്കിൽ സൂക്ഷിച്ചതിന്റെ പലിശയാണ് മുകളിൽ പറഞ്ഞ പലിശ വിഹിതം. 2017-18 മുതൽ ഓരോ വർഷവും ഈ ആവശ്യത്തിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിവരവും താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ (രൂപയിൽ | ചെലവ് (രൂപയിൽ) | ശേഷിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|
| 2017-18 | 19/18 | 2,23,75,707 | 1,08,18,320 | 1,15,57,387 |
| 2018-19 | 574/19 | 3,30,30,887 | 67, 21,049 | 2,63,09,838 |
| 2019-20 | 480/20 | 2,63,09,838 | 17,73,429 | 2,45,36,409 |
| 2020-21 | 356/21 | 2,45,36,409 | 29,58,261 | 2,15,78,148 |
| 2021-22 | 440/22 | 2,15,78,148 | 36,79,998 | 1,78,98,150 |
| 2022-23 | 316/23 | 1,78,98,150 | 69,33,500 | 1,09,64,650 |
| 2023-24 | 474/24 | 1,09,64,650 | 0 | 1,09,64,650 |
| 2024-25 | 628/25 | 1,09,64,650 | 0 | 1,09,64,650 |

മിച്ചമുള്ള 1,09,64,650 രൂപയിൽ നിന്ന് എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ഭിന്നിശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം നല്കാൻ 21.08.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയിരുന്നു. എന്നാൽ ഇതിനായി ഇതുവരെ 40 പേർ മാത്രമാണ് അപേക്ഷകരായി വന്നത്. അതിനാൽ ബാക്കിയുള്ള തുക (69,64,650 രൂപ) ഉപയോഗിച്ച് ഭിന്നശേഷി വിഭാഗക്കാർക്ക് പ്രത്യേക പരിശോധനാ ക്യാമ്പ് നടത്തി ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

16.10.2024-ലെ തീരുമാനം:-1) ഈ വർഷത്തെ പ്രോജക്ടിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ജില്ലാതല കർമ്മ പദ്ധതി എന്നു മാത്രമെയുള്ളൂ. പക്ഷേ കത്തു പ്രകാരം ക്യാമ്പും ഉപകരണങ്ങളുമാണ് എന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ലഭ്യമായ തുക (69,64,650 രൂപ) യേക്കാൾ കൂടുതലാണ് അടങ്കൽ കാണിച്ചിരിക്കുന്നത്.

2) 2017-18 മുതൽ ലഭിച്ച തുക ബാങ്കിലാണിട്ടിരിക്കുന്നത് (കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ച്). ഓരോ വർഷവും ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചത് എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 ന നൽകിയ റിപ്പോർട്ട്:-</u> 2017-18 മുതൽ ലഭിച്ച തുക കാസർകോട് ജില്ലാ പഞ്ചായത്തിന്റെ അതിജീവനം പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കുന്ന എൻ.പി.ആർ.പി.ഡി (നാഷണൽ പ്രോഗ്രാം ഫോർ ദി റീഹാബിലിറ്റേഷൻ ഓഫ് പേഴ്സൺ വിത്ത് ഡിസബിലിറ്റി) പദ്ധതിയിൽ ഉൾപ്പെടുത്തി ഓർത്തോട്ടിക് ഉപകരണങ്ങൾ വാങ്ങി നൽകൽ, പെട്ടിക്കട നൽകൽ, സ്കൂളുകളിലെ റിസോഴ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങി 9 പദ്ധതികൾക്കായാണ് തുക വിനിയോഗിച്ചത്.

NPRPD പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്ക് വിദ്യാനഗർ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ പലിശ ഉൾപ്പെടെ ബാക്കി നിൽക്കുന്ന 1,09,64,650 രൂപയിൽ 40 ലക്ഷം രൂപ എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ദിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനായി മാറ്റി വച്ചു. ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ 40 അപേക്ഷകർക്കാണ് ധനസഹായം നൽകുന്നത്. ബാക്കി തുകയായ 69,64,650/- രൂപയ്ക്ക് ഭിന്നശേഷിക്കാർക്കുള്ള ക്യാമ്പ് നടത്തി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഭിന്നശേഷിക്കർക്കായുള്ള ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് എടുത്തിട്ടുണ്ട്. ഇത് കൂടി നടപ്പിലാക്കിയാൽ വർഷങ്ങളായി സ്പിൽ ഓവർ ആയി തുടർന്നു വരുന്ന പദ്ധതി അവസാനിപ്പിക്കാൻ സാധിക്കുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

30.01.2025-ലെ തീരുമാനം:- ജില്ലാ പഞ്ചായത്ത് 2017-18 ൽ ആരംഭിച്ച പദ്ധതിയുടെ മിച്ചമുള്ള മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയും എന്ന റിപ്പോർട്ടു കൂടി പരിഗണിച്ച് 69,64,650 രൂപ ഭിന്നശേഷിക്കാരുടെ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി നൽകുന്നു. ഉപകരണങ്ങൾ നൽകുമ്പോൾ ഇരട്ടിപ്പുണ്ടാകരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 2.5 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12 .2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

### <u>2.5 ഖണ്ഡിക 3.5</u>

### <u>ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം</u>

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കളും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അതിദരിദ്ര കുടുംബങ്ങളിലെ ലിസ്റ്റിലുള്ള ചില ഗുണഭോക്താക്കളും ഏകാംഗ കുടുംബമായിട്ടുള്ളവരാണ്. ഇവർക്ക് ഭവന നിർമ്മാണത്തിനു ധനസഹായം നൽകുമ്പോൾ പിന്തുടർച്ചാവകാശികൾ ഇല്ലാത്ത സാഹചര്യം വരുന്നുണ്ട്. ഇത്തരം ഏകാംഗ കുടുംബങ്ങളുടെ കാലശേഷം സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥതയ്ക്ക് പിന്തുടർച്ചാവകാശികൾ ഇല്ലായെങ്കിൽ ഇത് തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്തുകൊണ്ട് വീടിന് അർഹതയുള്ള മറ്റുള്ളവർക്ക് നൽകുന്നത് സമൂഹത്തിന് ഗുണം ചെയ്യും. ഇതടക്കമുള്ള സാധ്യതയും നിയമവശങ്ങളും പരിശോധിച്ച് ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്<br>2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>3) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.15**

**<u>ഉള്ളിയേരി ഗ്രാമപഞ്ചായത്ത്</u>**

_ബഹു.വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ 24.09.2024-ലെ കത്തും ശ്രീ.ഭാസ്കരൻ കിടാവ്, പാലോട്ട് ഹൗസ്. മുടക്കല്ലൂർ. പി.ഒ, അത്തോളിയുടെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും കത്തും (SRG/932/24)

വിഷയം:- കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDF - പദ്ധതിയിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതു സംബന്ധിച്ച്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDFൽ നിന്ന് 5.00 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചിരുന്നു. ശ്രീ. ഭാസ്കരൻ കിടാവ് എന്ന വ്യക്തി കൺവീനറായി പ്രവൃത്തി ആരംഭിക്കുകയും വയൽ പ്രദേശത്ത് മണ്ണിടുകയും തെങ്ങ് തടികൊണ്ടുള്ള പൈലിംഗ് നടത്തുകയും ചെയ്തു. ഫണ്ടിന്റെ കുറവു മൂലം വയൽ പ്രദേശത്തെ പൈലിംഗ് പ്രവൃത്തി നിർത്തി വച്ചു. കോക്കനട്ട് പൈലിംഗ് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ ബിൽ തയ്യാറാക്കിയില്ല. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. കുന്നത്തറ സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് 55.00 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. MLASDF പ്രകാരം ചെയ്ത പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയൽ ഇപ്പോൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയാൽ വയൽ പ്രദേശത്ത് മണ്ണടിച്ചതടക്കമുള്ള പ്രവൃത്തികളുടെ അളവെടുക്കാൻ കഴിയില്ല. അതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് അർഹമായ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്. സർക്കാർ അനുമതി നൽകിയാൽ വാല്യുവേഷൻ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

05.12.2024-ലെ തീരുമാനം:-MLASDF ൽ ചെയ്ത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായും ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.5 ഖണ്ഡിക 4.16**

**<u>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി</u>**

ബഹു. വേങ്ങര എം.എൽ.എ.യുടെ 19.07.2024 ലെ 114/MLA/Vengara/2024 -ാം നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/626/2024)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

ആരോഗ്യവകുപ്പ് നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHC&PHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടറെ നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടത് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ആയിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കുമ്പോൾ ഡോക്ടറെ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നും പ്രാദേശികമായി ഡോക്ടറെ ലഭ്യമാകാതിരിക്കുകയും ചെയ്യുമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി

സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും ഉൾക്കൊള്ളുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

05.12.2024-ലെ തീരുമാനം:-മലപ്പുറം, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഡോക്ടർമാരെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു എന്നതും സുതാര്യമായ രീതിയിൽ ജില്ലാ തലത്തിൽ ഡോക്ടർമാരുടെ ഒരു പൂൾ തയ്യാറാക്കാനുമാണ് ഇപ്രകാരമൊരു രീതി കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം എടുത്തത് എന്ന് യോഗം വിലയിരുത്തി. എങ്കിലും മുകളിൽ പറഞ്ഞ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.5 ഖണ്ഡിക 4.19**

**ആരോഗ്യവകുപ്പ്**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.07.2024-ലെ PLB4 –4283/2024/ആ.വ.ഡ. നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റും (SRG/ 715/24) – LSGD/DA1/296/2024- LSGD)

വിഷയം:- PHC അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി.യുടെ പ്രവർത്തനത്തിന് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഡയറക്ടർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ലെ യോഗ തീരുമാന പ്രകാരം ഇതിന്മേൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് FHC/PHC കളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ്, CHC കളിൽ 2 ഡോക്ടർ, 2 പാരാമെഡിക്കൽ സ്റ്റാഫ്, താലൂക്കാശുപത്രികളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ് എന്ന നിലയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നത്. അധികമായി സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും സംസ്ഥാനത്ത് ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം പരിഗണിച്ച് തീരുമാനമെടുക്കുമെന്നറിയിച്ചിരുന്നു.

എന്നാൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 5 ജില്ലകളിലായി 278 ആരോഗ്യ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് നിയമിക്കണമെന്നാവശ്യപ്പെട്ട കൊണ്ടാണ് ആരോഗ്യവകുപ്പ് കത്ത് നൽകിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ ലിസ്റ്റും ആവശ്യമുള്ള സ്റ്റാഫിന്റെ എണ്ണവും പ്രത്യേകമായി നൽകിയിട്ടുണ്ട്.

05.12.2024-ലെ തീരുമാനം:-ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.5 ഖണ്ഡിക 4.21**

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.05.2024 -ലെ SHA/157/2023 – MGR (OPN) നമ്പർ കത്ത് (SRG/617/24)

വിഷയം:- കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസിന് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ എണ്ണമനുസരിച്ചുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകാൻ അനുമതിയുണ്ട്. ഈ തുക ആവശ്യമനുസരിച്ച് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

05.12.2024-ലെ തീരുമാനം:-

1) കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസിനു വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്നതിന് 15.02.2019-ൽ തീരുമാനമെടുത്തത് KSSM എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ താഴെപ്പറയുംപ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. പല കമ്പനികളുമായും രക്ഷകർത്താക്കളുമായും ഇതു സംബന്ധിച്ച് ചർച്ച നടത്തിയാണ് റിപ്പോർട്ട് നൽകിയത്. പ്രതിവർഷം 20,000 രൂപ മുതൽ 1,00,000 രൂപ വരെ മെയിന്റനൻസിനായി ചെലവ് വരും. എന്നാൽ സ്പീച്ച് പ്രൊസസർ കേടു വന്നാൽ 4.00 ലക്ഷം രൂപ വരെ ചെലവ് വരും. അതിനാൽ ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം KSSM -ന് (ഇപ്പോൾ SHA) നൽകണമെന്നായിരുന്നു ശുപാർശ.

എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം KSSM-ന് ട്രാൻസ്ഫർ ചെയ്യാൻ 15.02.2019-ൽ കോഓർഡിനേഷൻ കമ്മിറ്റി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾക്ക് അനുമതി നൽകി.

2) കോഓർഡിനേഷൻ കമ്മിറ്റിയുടെ ഈ തീരുമാനപ്രകാരം നൽകിയ ധനസഹായം സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചതിനുശേഷം ഈ ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്. 2019 ഏപ്രിൽ ഒന്നു മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനായി ആകെ എത്ര രൂപ നൽകി (വർഷം തിരിച്ച്), എത്ര രൂപ ഓരോ വർഷവും ചെലവഴിച്ചു, എത്ര കുട്ടികളുടെ ഉപകരണം റിപ്പയർ ചെയ്തു, ശരാശരി ചെലവ് എത്രയാണ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകാൻ SHA എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു. ഒപ്പം റിപ്പയറിംഗിനായി SHA തെരഞ്ഞെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും അറിയിക്കണം. ആദ്യ വർഷങ്ങളിലെ വിവരങ്ങൾ KSSM ഓഫീസിൽ നിന്ന് ശേഖരിച്ച് SHA നൽകണം. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| വർഷം | ജില്ലയുടെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | എത്ര കുട്ടികൾക്ക് ഉപകരണം റിപ്പയറിംഗ് നടത്തി | അർഹതയുള്ള കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| 2019-20 | 1<br>"<br>"<br>14 | | | | |
| 2020-21 | 1<br>"<br>"<br>14 | | | | |
| 2021-22 | 1<br>"<br>"<br>14 | | | | |

| | | | | | |
|---|---|---|---|---|---|
| 2022-23 | 1<br>"<br>"<br>14 | | | | |
| 2023-24 | 1<br>"<br>"<br>14 | | | | |
| ആകെ | | | | | |

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)എക്സിക്യൂട്ടീവ് ഡയറക്ടർ,സ്റ്റേറ്റ് ഹെൽത്ത് ഏജൻസി<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.5 ഖണ്ഡിക 4.23**

**<u>പുറമേരി ഗ്രാമപഞ്ചായത്ത്</u>**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 - CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 - 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

05.12.2024- ലെ തീരുമാനം **:-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**3. പൊതുവിഷയം**

**3.1 <u>സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം</u>**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022-41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ

തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണമെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021–2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31–ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**3.2 അങ്കണവാടി കുട്ടികളുടെ കലോത്സവം**

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം (28.05.2022–ലെ 115/2022/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.5.1) അങ്കണവാടി കുട്ടികളുടെ കായിക കലാമത്സരങ്ങൾ നടത്തുന്നതിന് ഓരോ വർഷവും പരമാവധി 15,000 രൂപ ചെലവഴിക്കാം. ഈ തുക പരമാവധി 30,000 രൂപയായി വർദ്ധിപ്പിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**3.3 ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട തുക നൽകുന്നത് ട്രഷറി വഴിയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കം വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകാറുണ്ട്. ബിൽ ട്രഷറിയിൽ നൽകിയതിനുശേഷം ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അർഹതപ്പെട്ട തുക വരവു വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പിശകുണ്ടെങ്കിലോ, തുക കൈമാറാൻ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിലോ

30 ദിവസത്തിനകം പരിഹരിച്ചാൽ ഗുണഭോക്താവിന്/ സ്ഥാപനത്തിന് ബിൽ തുക നൽകാൻ കഴിയും. ഇതിൽ വീഴ്ച വരുന്നതിനാലാണ് ഗുണഭോക്താവിന് ലഭിക്കേണ്ട തുക സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് വരവ് വയ്ക്കുന്നത്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ / ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പാലിക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് നിർദ്ദേശം നൽകുന്നു. ബില്ല് മാറി ഗുണഭോക്താവിന് തന്നെ ലഭിക്കുന്നതിനായി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 3.4 എസ്റ്റേറ്റ് മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്റ്റേറ്റ് മേഖലയിൽ എസ്റ്റേറ്റ് ഉടമയുടെ /അധികാരികളുടെ NOC യുടെ അടിസ്ഥാനത്തിൽ റോഡിന്റെ അറ്റകുറ്റപ്പണി, ടാറിംഗ്, അങ്കണവാടി/ കുടുംബാരോഗ്യകേന്ദ്രം തുടങ്ങിയവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാറുണ്ട്. NOC യുടെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള നിർമ്മാണം സർക്കാർ/കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയേ നടപ്പാക്കാവൂ. ഇപ്രകാരം NOCയുടെ അടിസ്ഥാനത്തിൽ റോഡ് നിർമ്മിക്കുമ്പോഴും കെട്ടിടം നിർമ്മിക്കുമ്പോഴും ഇനി പറയുന്ന നിബന്ധന പാലിക്കണമെന്നും നിർദ്ദേശിക്കുന്നു.

(I) റോഡുകൾ നിർമ്മിക്കുമ്പോൾ പൊതുജനങ്ങൾക്ക് മുഴുവൻ സമയവും റോഡുകളുടെ ഉപയോഗം എസ്റ്റേറ്റ് ഉടമ ലഭ്യമാക്കണം. ഉദാ. ഗേറ്റ് സ്ഥാപിക്കുന്നത് പോലുള്ള നിയന്ത്രണം പാടില്ല.

(II) കെട്ടിടം, കിണർ, വാട്ടർടാങ്ക് പോലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ ഇവ എസ്റ്റേറ്റ് അധികാരികൾ പൊളിച്ചു മാറ്റുകയോ ഇത് മറ്റാവശ്യത്തിന് ഉപയോഗിക്കുകയോ പൊതുജനങ്ങൾക്ക് ഉപയോഗം തടസ്സപ്പെടുത്തുകയോ ചെയ്യാൻ പാടില്ല.

എസ്റ്റേറ്റ് അധികാരികൾ NOC നൽകി നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തദ്ദേശഭരണ സ്ഥാപനവും എസ്റ്റേറ്റ് അധികാരികളും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതും മുകളിൽ പറഞ്ഞ നിബന്ധനകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ കോടതി വ്യവഹാരങ്ങളിൽ കോടതിയുടെ അന്തിമ തീരുമാനം ബാധകമായിരിക്കുമെന്നുമുള്ള നിബന്ധന കരാറിൽ ഉൾപ്പെടുത്തണം.

NOCയുടെ അടിസ്ഥാനത്തിൽ ഉള്ള നിർമ്മിതികളിൽ റോഡ് ഒഴികെയുള്ള കെട്ടിടം പോലുള്ള ആസ്തികൾ പ്രത്യേകം കുറിപ്പോടു കൂടി ആസ്തി രജിസ്റ്ററിൽ ചേർത്ത് ഇവയുടെ ഭാവിയിലെ അറ്റകുറ്റപ്പണി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.

എസ്റ്റേറ്റ് മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിലുള്ള നിർമ്മാണം നടത്താൻ നിബന്ധനകളോടെ അനുമതി നൽകുന്നത് തദ്ദേശവാസികളുടെയും പൊതുജനങ്ങളുടെയും ക്ഷേമം മുന്നിൽ കണ്ടുകൊണ്ടാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 3.5 മണ്ണ് സംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം

സർക്കാരിന്റെ 08.01.2021–ലെ 3/2021/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് 15 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർവ്വഹണം നടത്തുന്നതിന് അനുമതിയുള്ളൂ. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന നടപ്പാക്കുന്ന മണ്ണ് സംരക്ഷണ പ്രോജക്ടുകളുടെ നിർവ്വഹണത്തെ ഇത് ബാധിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ

ഉദ്യോഗസ്ഥനായി വരുന്ന കേസുകളിൽ ടെണ്ടറിംഗിനും നിർവ്വഹണത്തിനും പരിധി ഒഴിവാക്കാവുന്നതാണെന്ന് ഇന്നത്തെ (30.01.2025-ലെ) കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ മണ്ണ് ജല സംരക്ഷണ വകുപ്പിന്റെ പ്രതിനിധി അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ പ്രോജക്ടുകൾക്ക് ടെണ്ടറിംഗിനും നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന്റെ മാനദണ്ഡം ബാധകമാക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് മുകളിൽപറഞ്ഞ സർക്കാർ ഉത്തരവിലും ഭേദഗതി വരുത്തുന്നതിന് സോയിൽ സർവേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ്<br>തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. പ്രത്യേക വിഷയം**

**4.1 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.12.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.12.2024-ലെ LSGD/DP/491/2024 -ലെ കത്തും (SRG/2/25 – CC/786/24)

വിഷയം:- വിജ്ഞാൻ ആലപ്പുഴ പദ്ധതിയുടെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ തേടുന്നതിനുള്ള സംഘാടന പ്രവർത്തികൾക്ക് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 997/25* | *അടങ്കൽ* | *10,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2024-25 വിജ്ഞാൻ ആലപ്പുഴ സംഘാടനം* | |

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അനുയോജ്യമായ തൊഴിൽ തേടുന്നതിന് അവരെ സജ്ജമാക്കുവാൻ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് വിജ്ഞാൻ ആലപ്പുഴ എന്ന പദ്ധതി ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട രീതിയിൽ മേളകൾ സംഘടിപ്പിക്കുന്നതിന് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (KDISC) കീഴിലുള്ള കേരള നോളജ് ഇക്കോണമി മിഷന്റെ സഹായം ഈ പദ്ധതിക്കുണ്ട്. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കുടുംബശ്രീയുടെയും പങ്കാളിത്തത്തോടെയാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) രജിസ്റ്റർ ചെയ്തവരെയും ഇനി രജിസ്റ്റർ ചെയ്യുന്നവരെയും ഉൾപ്പെടുത്തി തൊഴിൽമേള സംഘടിപ്പിച്ച് അവർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശീലന പരിപാടിയിൽ ഭക്ഷണം, സ്റ്റേഷനറി, ബാനർ, ടെലഫോൺ ചാർജ്ജ്, യാത്രപ്പടി, ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയാണ് പ്രധാനമായ ചെലവ് ഇനങ്ങൾ. വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.2 <u>തുമ്പമൺ ഗ്രാമപഞ്ചായത്ത്</u>**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.11.2024-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ P 24-25 –ാം നമ്പർ കത്തും (SRG/ 1174/24 CC/748/24)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന പ്രദേശത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 35/25 | അടങ്കൽ | 4,30,160 രൂപ |
| | | (എസ്.സി.പി) |
| *പേര്:-* | ചെറുകുന്നിൽ കോളനി പാർശ്വഭിത്തി നിർമ്മാണം വാർഡ് 10 | |

ഉമ്പമൺ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ ചെറുകുന്ന് പട്ടികജാതി നഗറിൽ 5 പട്ടികജാതി വിഭാഗക്കാരും പൊതുവിഭാഗത്തിൽപ്പെട്ട ഒരു കുടുംബവും താമസിക്കുന്നുണ്ട്. ഒരു വശത്ത് നെൽവയലും മറുഭാഗത്ത് ഉയർന്ന പ്രദേശവുമാണ്. മഴ പെയ്യുന്ന സമയത്ത് ഉയർന്ന പ്രദേശത്തു നിന്ന് മണ്ണിടിയുന്ന സാഹചര്യവുമുണ്ട്. ഇവർക്ക് സ്വന്തമായി സംരക്ഷണഭിത്തി നിർമ്മിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇവരുടെ സുരക്ഷിതത്വത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രവൃത്തി ചെയ്യുന്നതിന് എസ്.സി.പി. ഫണ്ട് ഉപയോഗിക്കാൻ പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

തീരുമാനം :- പട്ടികജാതി നഗർ ആണ് എന്നതു പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.3 പയ്യാവൂർ <u>ഗ്രാമപഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2024-ലെ കത്തും പയ്യാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.10.2024-ലെ 7/257(6)/2024-ാം നമ്പർ തീരുമാനവും ബഹു.ഹൈക്കോടതിയുടെ 18.10.2024-ലെ WP(C)No.27556 of 2023-ാം നമ്പർ ഉത്തരവും (SRG/ 1224/24 - CC/744/24)

വിഷയം:- മാവുംതോട് പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 200/21 | അടങ്കൽ | 10,00,000 രൂപ |
| | വികസനഫണ്ട് ജനറൽ | 10,00,000 രൂപ |
| *പേര്:-* | മാവുംതോട് പുഴ ശുചീകരണവും സംരക്ഷണവും | |

പയ്യാവൂർ ഗ്രാമപഞ്ചായത്ത് 2020-21 വർഷം മാവുംതോട് പുഴ ശുചീകരണത്തിനും സംരക്ഷണത്തിനുമായി പ്രോജക്ട് ഏറ്റെടുത്തിരുന്നു. നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി പൂർത്തിയാക്കുകയും 12.01.2023-ൽ 8,92,779 രൂപയുടെ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തിയുടെ നടത്തിപ്പിൽ അഴിമതിയുണ്ടെന്ന് വിജിലൻസ് വിഭാഗത്തിന് പരാതി ലഭിച്ചതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. എന്നാൽ വിജിലൻസ് FIR തയ്യാറാക്കുകയോ തുക നൽകുന്നത് തടസ്സപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ബിൽ തുക ലഭിക്കാതെ വന്നതിനെ തുടർന്ന് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ WP(C) 27556/23 പ്രകാരം കേസ് ഫയൽ ചെയ്തു. കേസു തീർപ്പാക്കിയ ദിവസം മുതൽ (18.10.2024) മുതൽ 6 ആഴ്ചയ്ക്കകം ബിൽ തുക നൽകാനുള്ള അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. താമസം കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് തുടർനടപടി സ്വീകരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയോട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുക നൽകാനായി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഗ്രാമപഞ്ചായത്ത് നൽകിയ വിവരമനുസരിച്ച് നടപടിക്രമങ്ങളിൽ അപാകതയില്ല എന്നതും ബഹു. ഹൈക്കോടതിയുടെ ഉത്തരവും പരിഗണിച്ച് ഈ പ്രോജക്ടിന്റെ അർഹതപ്പെട്ട തുക നടപടിക്രമങ്ങൾ പാലിച്ച് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ് |

**4.4 കണ്ണൂർ കോർപ്പറേഷൻ (അദാലത്ത്)**
കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2024-ലെ കത്തും ശ്രീമതി നസീറ എം.കെ, സാധു കമ്പനി റോഡ്, താണ, കണ്ണൂർ എന്ന വ്യക്തിയുടെ 23.08.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1057/24 - cc/708/24)

വിഷയം:- കാഴ്ച പരിമിതിയുള്ള വ്യക്തിക്ക് വീടിനോട് ചേർന്ന് മുറി നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

കണ്ണൂർ കോർപ്പറേഷനിൽ താമസിക്കുന്ന ശ്രീമതി.നസീറ എം.കെ, സാധു കമ്പനി റോഡ്, താണ എന്ന വ്യക്തി പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്ത വ്യക്തിയാണ്. താമസിക്കുന്ന വീടിന് മതിയായ സൗകര്യമില്ല. താമസിക്കുന്ന വീട്ടിൽ സൗകര്യപ്രദമായ മുറിയില്ലാത്തത് വിവാഹത്തിന് തടസ്സമായി നിൽക്കുന്നു. മാതാപിതാക്കൾ വൃദ്ധരായി വരുന്നുവെന്നും സഹോദരന്മാർ ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്. 40 വയസ്സുള്ള ഈ വ്യക്തിയുടെ ഭാവി സുരക്ഷിതമാക്കാൻ ഭവന സൗകര്യം (പ്രത്യേക മുറി) ഒരുക്കി നൽകണമെന്നു സംബന്ധിച്ച്.

തീരുമാനം :- പ്രത്യേക അനുമതി നൽകുന്നു. ഈ ഗുണഭോക്താവിന്റെ കാഴ്ചപരിമിതി കൂടി പരിഗണിച്ച് 100 ചതുരശ്ര അടിയുള്ള മുറി ആവശ്യമായ പ്രത്യേക സൗകര്യത്തോടെ നിർമ്മിക്കാവുന്നതാണ്. ഇതിനായി പരമാവധി 2.00 ലക്ഷം രൂപ വരെ നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.5 കൊടുവായൂർ ഗ്രാമപഞ്ചായത്ത്**
പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.10.2024 ലെ കത്ത് (SRG/ 999/24 - CC/433/24)

വിഷയം:- കൊടുവായൂർ രഥോത്സവത്തിന്റെ ഭാഗമായി തെരുവുകൾ വൃത്തിയാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 6/24 | അടങ്കൽ | 1,50,000 രൂപ |
| | | തനത് ഫണ്ട് |
| *പേര്:-* | *കൊടുവായൂർ രഥോത്സവം* | |

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമി ക്ഷേത്ര രഥോത്സവത്തിന്റെ ഭാഗമായി രഥം സഞ്ചരിക്കുന്ന വീഥികളും തെരുവുകളും വൃത്തിയാക്കാൻ കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഡിസംബർ 27,28 തീയതികളിലായാണ് രഥോത്സവം നടന്നത്. കഴിഞ്ഞ വർഷം 16.12.2023 ന് മാത്രമാണ് കത്ത് നൽകിയത് എന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് ആവശ്യം പരിഗണിക്കാൻ കഴിഞ്ഞില്ല. ഉത്സവം കഴിഞ്ഞ സാഹചര്യത്തിൽ ഫയൽ തിരികെ അയയ്ക്കുകയും ചെയ്തു. 2018-19, 2019-20, 2021-22, 2022-23 വർഷങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി/ സർക്കാർ അനുമതിയോടെ മുകളിൽ പറഞ്ഞ ആവശ്യത്തിന് ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിരുന്നു. മുൻ വർഷങ്ങളിൽ മുകളിൽപറഞ്ഞ പ്രവൃത്തികൾ ചെയ്യാൻ അനുമതി ലഭിച്ചതാണ് എന്നതിനാൽ കഴിഞ്ഞ വർഷം ഡിസംബറിൽ രഥം സഞ്ചരിക്കുന്ന വീഥികൾ വൃത്തിയാക്കുകയും മറ്റു സാനിറ്റേഷൻ പ്രവൃത്തികൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ചെലവായ തുക നൽകിയില്ല. ഈ സാഹചര്യത്തിൽ 1.50 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

തീരുമാനം :- 2018-19 മുതൽ ഇതിന് അനുമതി നൽകിയിരുന്നതാണ് എന്നത് പരിഗണിച്ച് ബിൽ തുകയിൽ പരിമിതപ്പെടുത്തി പരമാവധി 1.50 ലക്ഷം രൂപ നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.6 വാഴൂർ ഗ്രാമപഞ്ചായത്ത്**

വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.2024-ലെ SC1-3000/24 -ാം നമ്പർ കത്തും വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.12.2024-ലെ 4-ാം നമ്പർ തീരുമാനവും (SRG/1225/24)

വിഷയം:- കുട്ടികളുടെ പാർക്കിന്റെ അനുബന്ധ പ്രവർത്തനങ്ങൾ നിർമ്മിതികേന്ദ്രം വഴി നടത്തിയതിന് സാധൂകരണം സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 183/25 | അടങ്കൽ | 21,66,860 രൂപ |
| | വികസനഫണ്ട് ജനറൽ | 7,56,860രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 രൂപ |
| | ജില്ലാപഞ്ചായത്ത് വിഹിതം | 5,00,000 രൂപ |
| | തനത് ഫണ്ട് | 2,00,000 രൂപ |
| | കേന്ദ്രാവിഷ്കൃത വിഹിതം (SBM) | 2,10,000 രൂപ |
| *പേര്:-* | കുട്ടികളുടെ പാർക്ക് - നക്ഷത്രോത്സവം | |

വാഴൂർ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ഗ്രാമീണ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നക്ഷത്ര ജലോത്സവ വേദിയിൽ കുട്ടികളുടെ പാർക്കും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ് പ്രോജക്ട്. ഈ പ്രോജക്ട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കേന്ദ്ര വിഹിതം എന്നിവ ലഭിച്ചില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതം മാത്രമുപയോഗിച്ച് നിലവിലെ പാർക്കിന് അകത്തും ചുറ്റിനും നടപ്പാത നിർമ്മാണം, പ്രീഫാബ്രിക്കേറ്റഡ് ടോയിലറ്റ്, കുട്ടികളുടെ കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ എന്നിവ മാത്രമാണ് നടത്തിയത്. ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി ഏകദേശം 30 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് മുകളിൽ പറഞ്ഞ പ്രവൃത്തികൾ ഈ വർഷം ചെയ്തത്. ടൂറിസം വകുപ്പിന്റെ വിഹിതം നഷ്ടപ്പെടുമെന്നതിനാലാണ് കളി ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാനുള്ള പ്രവൃത്തി കൂടി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചത്.മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ കളി ഉകരണങ്ങൾ വാങ്ങി സ്ഥാപിക്കുക എന്ന ഘടകങ്ങൾ കൂടി ഉള്ളതുകൊണ്ട് ഈ വർഷം നടപ്പാക്കിയ ഈ പ്രോജക്ടിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പലവിധത്തിലുള്ള നിർമ്മാണ പ്രവൃത്തികളുടെ ഒപ്പം കളിയുപകരണങ്ങൾ കൂടി ഉണ്ട് എങ്കിലും സമഗ്ര സ്വഭാവമുള്ള പ്രവൃത്തിയാണ് എന്നതു പരിഗണിച്ച് സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.7 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2024-ലെ P6-2810/23ാം നമ്പർ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22.11.2024- 1(3) -ാം നമ്പർ തീരുമാനവും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 -ലെ (ഖണ്ഡിക 4.14) യോഗ തീരുമാനവും (SRG/1149/24)

വിഷയം:- ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 257/25* | *അടങ്കൽ* | *1,50,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം* | |

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആറന്മുള പള്ളിയോടസേവാസംഘം കുട്ടികൾക്കായി നടത്തുന്ന വഞ്ചിപ്പാട്ട് പഠനകളരിക്ക് ധനസഹായം നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മുൻവർഷങ്ങളിൽ സർക്കാർ അനുമതിയോടെ വഞ്ചിപ്പാട്ട് കളരിക്ക്

ധനസഹായം നൽകിയിട്ടുണ്ട് എന്നറിയിച്ചുകൊണ്ട് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ യോഗം ഇത് പരിശോധിക്കുകയും ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. മുൻ വർഷം ഇതു നടപ്പാക്കിയതാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം പുനഃപരിശോധിച്ച് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- മുൻ വർഷം വകുപ്പിൽ നിന്ന് ഇതിന് അനുമതി നൽകിയതാണ് എന്നതു പരിഗണിച്ച് ഈ വർഷവും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

## 4.8 ജലനിധി - കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2024-ലെ KRWSA – PMU/39/2023 - AC2 (RC) നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ (ഖണ്ഡിക 4.48) യോഗ തീരുമാനവും (SRG/ 1034/24 - LSGD / DC1 /83/2024 - LSGD)

വിഷയം:- മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന് ജലനിധി നൽകിയ വിഹിതത്തിൽ ബാക്കിയുള്ള തുക തിരികെ നൽകണമെന്നതു സംബന്ധിച്ച്.

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കളായി 46,84,330 രൂപ 2013-14 കാലഘട്ടത്തിൽ ജലനിധി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ പദ്ധതി ഉപേക്ഷിച്ചതിനാൽ കുടിവെള്ള പദ്ധതിക്ക് പ്രാരംഭനടപടികൾക്കായി ചെലവഴിച്ചതിന്റെ ബാക്കി തുകയായ 30,68,917 രൂപ തിരികെ നൽകണമെന്ന് ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ പലപ്രാവശ്യം ഗ്രാമപഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. ചെലവഴിക്കപ്പെടാത്ത തുക തിരികെ നൽകണമെന്ന് ജലനിധിയും ഗ്രാമപഞ്ചായത്തുമായി കരാറും ഉള്ളതാണ്. ജലനിധി നൽകിയ തുകയിൽ ബാക്കിയുള്ള തുക കാനറാ ബാങ്ക് മൈനാഗപ്പള്ളി ബ്രാഞ്ചിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു (പലിശയടക്കം 32,79,318 രൂപ). ജലനിധി പദ്ധതി നിലവിലില്ല എന്നറിയിച്ചുകൊണ്ട് ഈ തുക ജലജീവൻ പദ്ധതിപോലുള്ള കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ലെ യോഗം പരിഗണിക്കുകയും മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

എന്നാൽ സംസ്ഥാനത്താകെ ജലനിധിയുടെ വിവിധ പദ്ധതികൾ നടപ്പാക്കിയതിൽ 744.81 ലക്ഷം രൂപ കരാറുകാർക്ക് നൽകാനുണ്ടെന്നും അതിനാൽ 06.03.2024 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനവും അതിന്റെ അടിസ്ഥാനത്തിലുള്ള 04.06.2024 -ലെ 968/2024/തസ്വഭവ നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവും പിൻവലിക്കണമെന്നും ചെലവഴിക്കപ്പെടാതെയുള്ള തുക ജലനിധിക്ക് തിരികെ നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) ചെലവഴിക്കാതെ കിടക്കുന്ന തുക തിരികെ നൽകണമെന്ന് പല പ്രാവശ്യം ജലനിധി ആവശ്യപ്പെട്ടിരുന്നതാണ് എന്നതും ചെലവഴിക്കപ്പെടാതെയുള്ള തുക തിരികെ നൽകണമെന്ന് കരാറുമുണ്ടായിരുന്നു എന്നതും പരിഗണിച്ച് ഈ തുക ജലനിധിക്ക് തിരികെ നൽകാൻ നിർദ്ദേശിക്കുന്നു. ഒപ്പം കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 - ലെ യോഗ തീരുമാനം റദ്ദു ചെയ്യാനും തീരുമാനിച്ചു.

2) ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക തിരികെ നൽകണമെന്ന് ജലനിധിയിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു എന്നതും ചെലവഴിക്കപ്പെടാതെയുള്ള തുക തിരികെ നൽകാമെന്ന് ജലനിധിയും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറുണ്ടായിരുന്നു എന്നതും മറച്ചുവച്ച് ചെലവഴിക്കപ്പെടാതെ ബാക്കിയുള്ള തുക മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി നൽകിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ

ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഉചിതമായ തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

## 4.9 കുടാളി ഗ്രാമപഞ്ചായത്ത്

ബഹു. മട്ടന്നൂർ എം.എൽ.എ യുടെ 13.12.2024 -ലെ കത്തും കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024-ലെ കത്തും കുടാളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും അനുബന്ധരേഖകളും (SRG/1036/24- CC /400/24 - LSGD- DA1/192/24)

വിഷയം:- കുടാളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫിസിയോതെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

കുടാളി ഗ്രാമപഞ്ചായത്തിലെ കുടാളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും ഗ്രാമപഞ്ചായത്തിൽ നിന്നും നിയമിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫിസിയോ തെറാപ്പിക്കായി കെട്ടിടവും അനുബന്ധ സൗകര്യവും ഒരുക്കിയിട്ടുണ്ട്. 2023-24-ൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ചിരുന്നു. ഇപ്പോൾ നിയമിച്ചിരിക്കുന്ന ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഒപ്പം ഒരു ഫിസിയോ തെറാപ്പിസ്റ്റിനെ കൂടി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:-
1) ഫിസിയോ തെറാപ്പിക്ക് ഉപകരണങ്ങളും മറ്റ് സൗകര്യവും ഗ്രാമപഞ്ചായത്തിൽ നിന്ന് ഒരുക്കി കൊടുത്തുകൊണ്ടു രോഗികളിൽ നിന്ന് കുറഞ്ഞ നിരക്കിൽ ചാർജ്ജ് ഈടാക്കി HMC യിൽ നിന്ന് ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്ന രീതിയാണ് സ്വീകരിക്കേണ്ടത്.
2) HMC ഫണ്ട് തികയാതെ വന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് ഈ വർഷത്തേയ്ക്ക് വേതനം നൽകാൻ അനുമതി നൽകുന്നു. അടുത്ത വർഷം മുതൽ മുകളിൽ പറഞ്ഞ രീതിയിൽ HMC യിൽ നിന്ന് തുക കണ്ടെത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.10 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ)

ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 'ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി' എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

തീരുമാനം:- ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവന യിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.11 <u>കെൽപാം</u>**

കേരള സംസ്ഥാന പനയുല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാന്റെ 03.01.2025-ലെ കെൽപാം/E1/154/18/TC/BUNK നമ്പർ കത്ത് (SRG/61/25)

വിഷയം:- കെൽപാം നൊങ്ക് ബങ്ക് വിപണന ശൃംഖല വിപുലീകരണം സംബന്ധിച്ച്

കേരള സംസ്ഥാന പനയുല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷന്റേയും കെൽപാം കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷന്റേയും സംയുക്ത സംരംഭമാണ് **'ഇടം'** പോയിന്റ് (IDAM- Initiative of Differently Abled Movement). അർഹരായ ഭിന്നശേഷി ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി കൊടുക്കുകയാണ് **'ഇടം'** പദ്ധതിയുടെ ലക്ഷ്യം. കെൽപാമിന്റെ കരിമ്പന ഉല്പന്നങ്ങളായ പനം കരുപ്പട്ടി, പനം കൽക്കണ്ടം, നൊങ്ക് കൊണ്ടുള്ള ശീതള പാനീയങ്ങൾ മറ്റു വൈവിധ്യങ്ങളായ ഉല്പന്നങ്ങൾ എന്നിവയാണ് ബങ്ക് മുഖേന വിൽക്കുന്നത്. ഇപ്രകാരം ബങ്ക് സ്ഥാപിച്ച് ഇതിന്റെ വില്പന പ്രോത്സാഹിപ്പിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്. അർഹരായ ഭിന്നശേഷി വിഭാഗക്കാരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെ കണ്ടെത്താമെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി ഒരു സംരംഭം എന്ന നിലയിൽ ഇത്തരം ബങ്കുകൾ സ്ഥാപിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകുന്നു. എന്നാൽ മുകളിൽ പറഞ്ഞ ഉല്പന്നങ്ങൾ മുടക്കം കൂടാതെ കെൽപാം ലഭ്യമാക്കാമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്ന മുറയ്ക്ക് അപ്രകാരമുള്ള പ്രദേശത്തു മാത്രമേ ബങ്ക് സ്ഥാപിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി ബങ്ക് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.12 പാലക്കാട് ജില്ലാ പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2024-ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 9(23)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1186/24 – CC /778/24)

വിഷയം:- ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 24/25 | അടങ്കൽ | 1,00,00,000 രൂപ (CFC Tied Grant) |
| പേര് | ജലസേചന പ്രവൃത്തികൾ – സംയുക്തം | |

ജില്ലയിലെ രണ്ടാം വിള നെൽക്കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് കനാലുകൾ വൃത്തിയാക്കി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർ ഇറിഗേഷൻ ഡിവിഷനുകൾക്ക് കീഴിലുള്ള കനാലുകളിലാണ് അറ്റകുറ്റപ്പണി നടത്തേണ്ടത്. 2022-23 വർഷം മുതൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ കനാലുകൾ വൃത്തിയാക്കാൻ തുക ചെലവഴിച്ചിരുന്നു. ആവർത്തന സ്വഭാവമുള്ള ജോലിയായതിനാൽ MGNREGS മുഖേന ഈ പ്രവർത്തനം നടത്താൻ കഴിയില്ല. കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെളിയും മറ്റ തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുമുള്ള ഈ പ്രവൃത്തികൾക്കായി തുക മുകളിൽ പറഞ്ഞ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :-

1) സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ശുദ്ധജലം ഉറപ്പാക്കാനും ഇത് സഹായകരമാവും എന്നത് പരിഗണിച്ച് അനുമതി നൽകുന്നു.
2) കനാൽ വൃത്തിയാക്കേണ്ട ചുമതല ഇറിഗേഷൻ വകുപ്പിന്റേതാണ്. ഇറിഗേഷൻ വകുപ്പിന്റെ വിഹിതം കൂടി ഉപയോഗിച്ചതിനുശേഷം ആവശ്യമായ ബാക്കി വിഹിതം ജില്ലാ പഞ്ചായത്ത് ഉപയോഗിക്കുന്നതിന്റെ സാധ്യത ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.13 ചെറിയനാട് ഗ്രാമപഞ്ചായത്ത്**

ചെറിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.11.2024-ലെ PA- 09/2023-ം നമ്പർ കത്തും ചെറിയനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.08.2024-ലെ 7(1) -ാം നമ്പർ തീരുമാനവും (SRG/50/25)

വിഷയം:- ചെന്നക്കോട്ട്കാവ് ക്ഷേത്രക്കുളം നവീകരിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 243/24 | അടങ്കൽ | 17,62,500 രൂപ (CFC Tied Grant) |
| പേര് | ഗ്രാമപഞ്ചായത്തിലെ വിവിധ ജലാശയങ്ങളുടെ നവീകരണം | |

ചെറിയനാട് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചെന്നക്കോട്ടുകാവ് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രക്കുളം നവീകരിക്കുന്നതിനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ കുളം നവീകരിച്ചാൽ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ തരിശു കിടക്കുന്ന 20 ഹെക്ടർ പെരുനട പാടശേഖരത്തിൽ നെൽക്കൃഷി ചെയ്യാൻ കഴിയുമെന്നറിയിച്ചിട്ടുണ്ട്. 12.40 ലക്ഷം രൂപയാണ് ഇതിനു മാറ്റി വച്ചിരിക്കുന്നത്. CFC Tied Grant ഉപയോഗിച്ചുകൊണ്ടുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജല ലഭ്യത ഉറപ്പാക്കാനും കുളം നവീകരണം സഹായിക്കും എന്നതിനാൽ ഇനി പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

എല്ലാ വിഭാഗത്തിലുംപ്പെട്ട ജനവിഭാഗങ്ങളുടെ ഉപയോഗത്തിനും ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുവദിക്കാമെന്ന് ക്ഷേത്ര ട്രസ്റ്റിന്റെ സമ്മതപത്രം വാങ്ങണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

## 4.14 **അടിമാലി ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 16.01.2025-ലെ കത്തും അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.01.2025-ലെ SC2/11341/2024-ാം നമ്പർ കത്തും (SRG/63/25 - CC /665/24)

വിഷയം:- വന്യജീവി ശല്യം നിയന്ത്രിക്കുന്നതിന് സൗരവേലി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 354/25 | അടങ്കൽ | 50,00,000 രൂപ<br>(വികസന ഫണ്ട് - ജനറൽ) |
| പേര് | വന്യമൃഗ ശല്യം പരിഹരിക്കാൻ സൗരവേലി സ്ഥാപിക്കൽ | |

അടിമാലി ഗ്രാമപഞ്ചായത്തുമായി അതിരു പങ്കിടുന്ന വനഭൂമിയോടു ചേർന്ന കൃഷി ഭൂമിയിലെ വിളകൾ വന്യജീവികൾ നശിപ്പിക്കുന്നുണ്ട്. ഇവിടെ കാട്ടാന ശല്യം കൂടുതലാണ്. 500 ഏക്കറോളം കൃഷി ഭൂമി സംരക്ഷിക്കാനും മനുഷ്യരുടെ ജീവൻ സുരക്ഷിതമാക്കാനും സൗരവേലി സ്ഥാപിക്കാനുദ്ദേശിക്കുന്നു. 15 കിലോ മീറ്റർ ദൂരത്തിലാണ് വേലി സ്ഥാപിക്കുന്നത്. ഇത് 4,000 കർഷകർക്ക് പ്രയോജനപ്പെടും. ഇതിൽ 200 പട്ടികജാതി വിഭാഗക്കാരും 2,600 പട്ടികവർഗ്ഗ വിഭാഗക്കാരും 1200 ജനറൽ വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടുന്നു. വനം വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ച് ടെണ്ടർ മുഖേന വനം വകുപ്പിന്റെ ഭൂമിയിലാണ് ഫെൻസിംഗ് നടത്തുന്നത്. മാർഗ്ഗരേഖ പ്രകാരം സൗരവേലി നിർമ്മിക്കാൻ 50 ശതമാനം ചെലവ് ഗുണഭോക്താക്കൾ വഹിക്കണം (എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ബാധകം). ഗുണഭോക്തൃ വിഹിതം ഒഴിവാക്കി മുഴുവൻ തുകയും ഗ്രാമപഞ്ചായത്ത് വഹിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- വനഭൂമിയിലാണ് ഈ പ്രവൃത്തി ചെയ്യുന്നത് എന്നതിനാൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിന് അനുമതി നൽകുന്നു. നിർവ്വഹണം, എസ്റ്റിമേറ്റ് എന്നിവയിൽ വനം വകുപ്പുമായി ചേർന്ന് വേണം തീരുമാനമെടുക്കേണ്ടത്. ഒപ്പം വനം വകുപ്പിന്റെ വിഹിതം കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.15 **അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്**

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.09.2024-ലെ A2 - 7932/24-ാം നമ്പർ കത്തും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024-ലെ 10(1) -ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്നു. സതേൺ റെയിൽവേ (പാലക്കാട്) ഡിവിഷണൽ എഞ്ചിനീയറുടെ 19.12.2023-ലെ കത്തും IKM പോർട്ടൽ വഴി നൽകിയ ഫയലും (SRG/924/24, SRG/1112/24 - CC/43/24)

വിഷയം:- നിലമ്പൂർ - ഷൊർണ്ണൂർ റെയിൽവേ ലൈനിൽ അണ്ടർ പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ ചാത്തനല്ലൂർ ഭാഗത്ത് നിലമ്പൂർ - ഷോർണ്ണൂർ റെയിൽവേ ലൈനിൽ എഴുകണ്ണി പാലത്തിനു സമീപം അടിഭാഗത്തുകൂടി പാസ്സേജ് (അണ്ടർ പാസ്) നിർമ്മിക്കുന്നതിന് റെയിൽവേ 3,08,68,705 രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. MLA's Asset Development Scheme ൽ ഇതിനുള്ള തുക വകയിരുത്താൻ ഉദ്ദേശിക്കുന്നു. ഇതിനോടൊപ്പം 50.00 ലക്ഷം രൂപ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തും വകയിരുത്താൻ ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് തുക റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യണം. ഗ്രാമപഞ്ചായത്ത് വിഹിതമായി 50.00 ലക്ഷം രൂപ റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഉള്ളടക്കം ചെയ്തിരിക്കുന്ന രേഖകൾ പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാനായി സെന്റേജ് ചാർജ്ജായി 3,17,374 രൂപ ഡെപ്പോസിറ്റ് ചെയ്യാനാണ് റെയിൽവേ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ ഈ തുക മാത്രം ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തിന്റെ ബാക്കി വിഹിതം വിശദമായ എസ്റ്റിമേറ്റ് റെയിൽവേ നൽകിയതിനുശേഷവും റെയിൽവേയുടെ അനുമതി ലഭിച്ചതിനുശേഷവും MLA's Asset Development Scheme ൽ നിന്നു ഫണ്ട് ഉറപ്പാക്കിയതിനു ശേഷവും മാത്രമേ നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.16 കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടറുടെ 13.10.2024-ലെ 5613/ AE 15/**2021**/KWA/Part II നമ്പർ കത്ത് (SRG/ 983/24)

വിഷയം:- കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ സമയക്രമം നിശ്ചയിക്കുന്നത് സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 ലെ യോഗ തീരുമാന പ്രകാരമുള്ള 16.07.2024-ലെ 168/DC1/2024/തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് KWA മുഖേനയുള്ള പ്രവൃത്തികൾ തുക ഡെപ്പോസിറ്റ് ചെയ്ത അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ചില പ്രവൃത്തികളിൽ പ്രോജക്ട് ഷെഡ്യൂൾ അനുസരിച്ച് ജോലിയുടെ പൂർത്തീകരണത്തിന് ഒരു വർഷത്തിലധികം ആവശ്യമായി വരും. കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനു തന്നെ 18 മാസം ആവശ്യമായി വരും. ഭൂമിയുടെ ലഭ്യത, PWD റോഡ് കട്ടിംഗ് അനുമതി, Railway/NHAI തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതി എന്നിവ മൂലവും കാലതാമസം ഉണ്ടാകും.

അതിനാൽ ഒരുവർഷത്തിനകം എല്ലാ പ്രവൃത്തികളും തീർക്കണമെന്ന നിർദ്ദേശം പുനഃപരിശോധിക്കണമെന്നും പ്രവൃത്തികളുടെ പ്രത്യേകത അനുസരിച്ചും അപ്രതീക്ഷിത തടസ്സങ്ങൾ മൂലവും ഉണ്ടാകുന്ന കാലതാമസം കൂടി പരിഗണിച്ച് പ്രവൃത്തി പൂർത്തീകരണസമയം നിശ്ചയിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

തീരുമാനം :- കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗത്തിൽ നിർദ്ദേശിച്ചതുപോലെ തുക ഡെപ്പോസിറ്റ് ചെയ്ത അതേ വർഷം തന്നെ (പരമാവധി ഒരു വർഷം) പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകുന്നു. എന്നാൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഒന്നിലധിക വർഷം നിർമ്മാണത്തിന് ആവശ്യമായി വന്നാൽ തദ്ദേശഭരണ സ്ഥാപനവുമായി ധാരണയിലെത്തി പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് കാലപരിധി നിശ്ചയിച്ച് തദ്ദേശഭരണ സ്ഥാപനവും കേരള വാട്ടർ അതോറിട്ടിയുമായി കരാറിൽ ഏർപ്പെടേണ്ടതും പ്രസ്തുത കാലപരിധി പാലിച്ചുകൊണ്ട് നിർമ്മാണം നടത്തേണ്ടതുമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

## 4.17 മഞ്ചേരി നഗരസഭ

മഞ്ചേരി മുനിസിപ്പൽ ചെയർപേഴ്സന്റെ 16.10.2024-ലെ 1215100/24/k Smart നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2024-ലെ കത്തും മഞ്ചേരി നഗരസഭാ കൗൺസിലിന്റെ 05.07.2024-ലെ 7-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1019/24 - CC/660/24 - DE1/264/2024/LSGD)

വിഷയം:- പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഇ.എം.എസ്. ഭവന പദ്ധതിയിൽ മാറ്റി വച്ച എസ്.സി.പി. ഫണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

മഞ്ചേരി നഗരസഭ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതിക്കും, വീട് മാത്രം നൽകുന്ന പദ്ധതിക്കും 2010-11 വർഷം വിവിധ ഘട്ടങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർക്ക് തുക അനുവദിച്ചിരുന്നു. ഇതിൽ ബാക്കി വന്ന തുക SB അക്കൗണ്ടിൽ സ്ഥിര നിക്ഷേപമായി സഹകരണ ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| ഭവന പദ്ധതിയുടെ സ്വഭാവം | | ബാങ്കിൽ ബാക്കിയുള്ള തുക | | ആകെ തുക |
|---|---|---|---|---|
| | | SB അക്കൗണ്ടിൽ മിച്ചമുള്ള തുക | എഫ്.ഡി തുക | |
| 1 | സ്ഥലവും വീടും പദ്ധതി | 4,63,247 | 76,77,406 | 81,40,653 |
| **2** | വീട് നിർമ്മാണം | 3,13,730 | 33,60,500 | 36,74,230 |
| | ആകെ | 7,76,977 | 1,10,37,906 | 1,18,14,883 |

ലൈഫ് ഭവന പദ്ധതിയിൽ 113 ഭൂരഹിത ഭവന രഹിതർക്കും 14 ഭൂമിയുള്ള ഭവന രഹിതർക്കും ഇനിയും ധനസഹായം നൽകണം. മുകളിൽ പറഞ്ഞ ബാക്കി തുകയായ 1,18,14,883 സംസ്ഥാനാവിഷ്കൃത ഫണ്ടായി ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

തീരുമാനം:- 1) ലൈഫ് ലിസ്റ്റിൽ ഉള്ളവർക്ക് ഇനിയും ധനസഹായം നൽകാനുണ്ട് എന്നതിനാൽ ഈ തുക ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകുന്നു. ഇത് എസ്.സി.പി വിഹിതത്തിൽ വന്ന മിച്ചം തുക ആയതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെ നൽകണമെന്നും 6 മാസത്തിനകം തുക ചെലവഴിക്കണമെന്നും നിർദ്ദേശിക്കുന്നു.

2) സർക്കാരിൽ നിന്നും ലഭിച്ച വിഹിതം സ്ഥിരനിക്ഷേപമായി സൂക്ഷിച്ചത് (പ്രത്യേകിച്ചും എസ്.സി.പി ഫണ്ട്) നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.18 ചവറ ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2025-ലെ കത്ത് (SRG/ 1/2025 - CC/777/2024)

വിഷയം:- എക്കോ ടൂറിസവുമായി ബന്ധപ്പെട്ട ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 297/25 | അടങ്കൽ | 4,00,00,000 രൂപ |
| | സി.എഫ്.സി. ബേസിക് ഗ്രാന്റ് | 18,48,000 രൂപ |
| | തനത് ഫണ്ട് | 9,00,000 രൂപ |
| | സംഭവാന | 3,56,52,000 രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 6,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 രൂപ |
| *പേര്:-* | ചിൽഡ്രൻസ് പാർക്ക് – എക്കോ ടൂറിസം | |

അഷ്ടമുടി കായലിനോടു ചേർന്ന് ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് എക്കോ ടൂറിസം പദ്ധതിയും അതിനോടനുസബന്ധിച്ച് ചിൽഡ്രൻസ് പാർക്കും നടത്താനുദ്ദേശിക്കുന്നു. ടൂറിസ്റ്റുകളെ ആകർഷിക്കുംവിധം ഈ പ്രോജക്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി വഴി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ULCCS മുഖേന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ULCCS ക്ക് ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്ക്സിന് Non – PMC ആയി അക്രഡിറ്റേഷൻ ഉണ്ടെങ്കിലും അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ വിളിച്ച് മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. CRZ ബാധകമാണെങ്കിൽ ഇവയടക്കമുള്ള മറ്റ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.19 ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2024–ലെ SC2/4163/2024–ാം നമ്പർ കത്ത് (SRG/ 638/24)

**വിഷയം:-** ഭവന നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 2020 ലൈഫ് ലിസ്റ്റിൽ ആകെ 591 ഗുണഭോക്താക്കൾ ഉണ്ട്. മുൻപ് എടുത്ത HUDCO ലോൺ തിരിച്ചടവ് കുറവു ചെയ്തതിനുശേഷം പ്രധാനപ്പെട്ട പ്രോജക്ടുകൾക്ക് പോലും വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. അനിവാര്യ ചെലവിനുപോലും തനത് ഫണ്ട് തികയുന്നില്ല. ഈ സാഹചര്യത്തിൽ വീട് നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ/എഫ്.എം) വകുപ്പ് |

### 4.20 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2024–ലെ C/1024/12 –ാം നമ്പർ കത്ത് (SRG/ 640/24)

**വിഷയം:-** IAY, EMS ഭവന പദ്ധതി പ്രകാരമെടുത്ത വായ്പയുടെ പലിശ തിരികെ ലഭിക്കുന്നത് സംബന്ധിച്ച്

(i) തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2012-13 വർഷം ഐ.എ.വൈ പദ്ധതി പ്രകാരം 92 ഗുണഭോക്താക്കൾക്ക് 75,000 രൂപ വീതം നൽകുന്നതിന് 11 ശതമാനം പലിശയ്ക്ക് 69.00 ലക്ഷം രൂപ മാടായി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്, കുപ്പം ശാഖയിൽ നിന്ന് വായ്പയെടുത്തിരുന്നു. 69 ലക്ഷം രൂപ മുതൽ തുക തിരികെ അടച്ചു. ഇതുവരെയുള്ള പലിശ 48,92,120 രൂപ അടയ്ക്കണം.

(ii) ഇ.എം.എസ്. ഭവന പദ്ധതിക്കായി 50 ലക്ഷം രൂപ പാപ്പിനിശ്ശേരി കോഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ നിന്നും 2011-12-ൽ ബ്ലോക്ക് പഞ്ചായത്ത് വായ്പ എടുത്തിരുന്നു. 49,99,999 രൂപ

വായ്പയുടെ മുതലായും 31.03.2022 വരെയുള്ള പലിശയിനത്തിൽ 20,82,031 രൂപയും തിരികെ അടച്ചു. ഇനി പലിശയിനത്തിൽ 5,53,394 രൂപ കൂടി തിരികെ അടയ്ക്കണം.
വായ്പ എടുക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പലിശ സർക്കാർ അടയ്ക്കുമെന്നായിരുന്നു. എന്നാൽ ഇതുവരെ പലിശയൊന്നും ലഭിച്ചില്ല. ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച 55,27,925 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തളിപ്പറമ്പ് സബ് ട്രഷറി അക്കൗണ്ടിൽ (STSB Ac No. 71903140000001) ചെലവഴിക്കാതെ കിടപ്പുണ്ട്. ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ പലിശയായ 54,45,514 രൂപ (IAY 48,92,120+EMS 5,53,394 രൂപ) അടയ്ക്കാൻ അനുമതി നൽകുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും പ്രസ്തുത ബാങ്കുകൾക്ക് പലിശയിനത്തിലുള്ള തുക അനുവദിച്ച് നൽകുകയോ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്.

തീരുമാനം :- പലിശ സർക്കാരിൽ നിന്നാണ് നൽകേണ്ടതെന്ന് യോഗം നിരീക്ഷിച്ചു. വായ്പ സംബന്ധിച്ച കണക്ക്, സർക്കാർ അനുവദിച്ചിരുന്ന പലിശ നിരക്കും ബാങ്ക് യഥാർത്ഥത്തിൽ ചുമത്തിയിരിക്കുന്ന പലിശ നിരക്കും (ഉദാ. ഐ.എ.വൈ. വായ്പയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി പലിശ 10.75 ശതമാനമാണ്. പക്ഷേ ബ്ലോക്ക് പഞ്ചായത്ത് എടുത്തിരിക്കുന്നത് 11 ശതമാനം പലിശയ്ക്കാണ്) എന്നിവയടക്കം വകുപ്പ് തലത്തിൽ വിശദമായി പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.21 <u>വാഴയൂർ ഗ്രാമപഞ്ചായത്ത്</u>**

ബഹു.കൊണ്ടോട്ടി എം.എൽ.എ.യുടെ 04.07.2024-ലെ 19/LSGD/2024-ാം നമ്പർ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2024-ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024-ലെ 6-ാം നമ്പർ തീരുമാനവും. (SRG/ 671/24, SRG/761/24)

വിഷയം:- വീട് നിർമ്മാണത്തിന് ലഭിച്ച തുകയും പലിശയും ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്.

വാഴയൂർ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. സരോജിനി താഴത്തുപുരയ്ക്കൽ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഈ കുടുംബത്തിന് വീട് നിർമ്മാണത്തിനായി 2015-16-ൽ 2.30 ലക്ഷം രൂപ നൽകിയിരുന്നു. ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി ഈ വ്യക്തിയുടെ സ്ഥലവും വീടും ഏറ്റെടുത്തു. വീട് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 2.30 ലക്ഷം രൂപയും പലിശയിനത്തിൽ 1,69,700 രൂപയും ഹൈവേ അതോറിറ്റി തന്നെ ഗ്രാമപഞ്ചായത്തിന് നൽകി. ആകെ 3,99,700 രൂപ. നഷ്ടപരിഹാര തുകയുടെ ബാക്കി 32,16,905 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കും നൽകി.

വളരെ പാവപ്പെട്ട കുടുംബം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ഹൈവേ അതോറിറ്റി നൽകിയ തുക ഈ കുടുംബത്തിന് തിരികെ നൽകുകയോ അല്ലെങ്കിൽ പലിശയിനത്തിൽ നൽകിയ തുകയെങ്കിലുമോ തിരികെ നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.22 <u>ക്ഷീര വികസന വകുപ്പിന്റെ ക്ഷീരഗ്രാമം പദ്ധതി</u>**

ബഹു.രജിസ്ട്രേഷൻ- മ്യൂസിയം - പുരാവസ്തു-പുരാരേഖ വകുപ്പ്മന്ത്രിയുടെ 23.05.2024-ലെ 84/VIP/2024-ാം നമ്പർ കത്ത് (SRG /499/24)

വിഷയം:- ക്ഷീരഗ്രാമം പദ്ധതി കോർപ്പറേഷൻ മേഖലയിലും നടപ്പാക്കുന്നത് സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന **'ക്ഷീര ഗ്രാമം'** പദ്ധതി നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നടപ്പാക്കുന്നത്. കോർപ്പറേഷന്റെ പല ഭാഗങ്ങളും മുൻപ് ഗ്രാമപഞ്ചായത്ത് പ്രദേശമായിരുന്നു. അതിനാൽ ക്ഷീരഗ്രാമപദ്ധതി കോർപ്പറേഷൻ പ്രദേശത്തു കൂടി നടപ്പാക്കണമെന്നതു സംബന്ധിച്ച്

തീരുമാനം :- 1) ക്ഷീരഗ്രാമം ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയാണ്. ക്ഷീര വികസന വകുപ്പ് (സംസ്ഥാനാവിഷ്കൃതം) നേരിട്ട് നടപ്പാക്കുന്ന പദ്ധതി ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് ഇതിന്മേൽ തീരുമാനം എടുക്കുന്നത് ഉചിതമല്ലെന്ന് യോഗം വിലയിരുത്തി. അതിനാൽ വിഷയം പരിഗണിച്ചില്ല.

2) എന്നാൽ കോർപ്പറേഷൻ പ്രദേശത്തു പശുക്കളെ നൽകുന്നതടക്കമുള്ള തദ്ദേശഭരണസ്ഥാപനം നേരിട്ട് നടപ്പാക്കുന്ന ക്ഷീരവികസന പ്രോജക്ടുകൾ കോർപ്പറേഷന് സ്വന്തമായി എറ്റെടുക്കാൻ തടസ്സമില്ല. ഇത് ബഹു. മന്ത്രിയുടെ ഓഫീസിനെ അറിയിക്കാൻ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.23 <u>നെല്ലനാട് ഗ്രാമപഞ്ചായത്ത്</u>

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2024-ലെ കത്തുകളും (രണ്ടെണ്ണം) നെല്ലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2024-ലെ 17(1)-ാം നമ്പർ തീരുമാനവും (SRG/ 633/24 - CC/126/24)

**വിഷയം:-** നെല്ലനാട് ഗ്രാമപഞ്ചായത്ത് വെറ്ററിനറി ആശുപത്രിയിലേയ്ക്ക് ലാബ് ടെക്നീഷ്യനെ നിയമിക്കുന്നത് സംബന്ധിച്ച്

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിൽ ലാബ് സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ ലാബ് ടെക്നീഷ്യന്റെ തസ്തിക ഇല്ല. അതിനാൽ ഇവിടേയ്ക്ക് ഒരു ലാബ് ടെക്നീഷ്യനെ ഗ്രാമപഞ്ചായത്തിൽ നിന്നും നിയമിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- പുതിയ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ ലാബ് സൗകര്യം ഗ്രാമപഞ്ചായത്തിന് ഒരുക്കാവുന്നതാണ്. ഇപ്രകാരം അടിസ്ഥാന സൗകര്യം ഒരുക്കിയതിനുശേഷം ലാബിന്റെ വരുമാനത്തിൽ നിന്നു തന്നെ വേതനം കണ്ടെത്തുന്ന രീതിയിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്ന രീതി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതിനുള്ള വരുമാനം കണ്ടെത്തുന്നതിന് കുറഞ്ഞ നിരക്കിൽ പരിശോധനാ ഫീസ് നിശ്ചയിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.24 <u>കൊക്കയാർ ഗ്രാമപഞ്ചായത്ത്</u>

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/655/24 CC/352/24)

വിഷയം:- പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 95/25 | *അടങ്കൽ* | *1,93,796 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ* | |

കൊക്കയാർ ഗ്രാമപഞ്ചായത്തിന് തനത് വരുമാനം കുറവാണ്. സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്. നെഗറ്റീവ് വാല്യുവേഷൻ ആണ്. അതിനാൽ 2023-24-ലെ പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതിനൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- തനത് ഫണ്ടില്ലാത്തതിനാൽ പ്രത്യേകാനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.25 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2024-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2024-ലെ 12(1) -ാം നമ്പർ തീരുമാനവും (SRG/ 853/24 – CC /509/24)

വിഷയം:- അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.310/25 | അടങ്കൽ | 1,50,000രൂപ (തനത് ഫണ്ട് ) |
| പേര് | കുറുവിൽകുണ്ട് അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | |

പുതുതായി നിർമ്മിച്ച സ്മാർട്ട് അങ്കണവാടി കെട്ടിടത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കാനാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി നടപ്പാക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് ഇതിനായി വിഹിതം ഉപയോഗിക്കുന്നത് അനുവദനീയമല്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണസമിതിയെ അറിയിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിക്ക് കൂടുതൽ സമയമെടുക്കുമെന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നേരിട്ട് കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ അങ്കണവാടി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടതാണ്.

തീരുമാനം :-

1) വേങ്ങര ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി ജലനിധി മുഖേനയാണ് നടപ്പാക്കുന്നത്. വാട്ടർ സോഴ്സിന്റെയടക്കം പ്രശ്നമുള്ളതിനാൽ ജലജീവൻ മിഷൻ പദ്ധതി വേങ്ങരയിൽ ആരംഭിക്കാൻ പോകുന്നതേയുള്ളൂ. അതിനാൽ ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തിന് നേരിട്ട് നടപ്പാക്കാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതില്ല.
2) ഈ സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത് എന്നതു കാണാതെ ജലജീവൻ മിഷൻ മുഖേന അങ്കണവാടിക്ക് കുടിവെള്ളം എത്തിച്ചാൽ മതിയെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെടുത്ത നിലപാട് ഉചിതമായില്ല എന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.26 <u>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി</u>**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2024 – കത്ത് (SRG/803/24 –CC /360/24)

വിഷയം:- നഗരസഭയ്ക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 131/25 | *അടങ്കൽ* | *19,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *നഗരസഭാ ചെയർപേഴ്സന് വാഹനം വാങ്ങൽ* | |

നഗരസഭാ ചെയർപേഴ്സന് വാഹനം വാങ്ങുന്നതിന് 19.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ ഇത് ജില്ലാ ആസൂത്രണസമിതി നിരസിച്ചു. വാഹനം വാങ്ങുന്നതിന് 19.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി വാഹനം വാങ്ങാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.27 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2024-ലെ കത്തും അനുബന്ധ രേഖകളും (SRG/841/24 – CC/343/2024 )

വിഷയം:- മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണം നടത്തിയതിന്റെ ബാക്കി തുക വി.സി.ബി.യുടെ അനുബന്ധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 50/25 | അടങ്കൽ | 8,45,416 രൂപ |
| | | തനത് ഫണ്ട് -സേവിംഗ്സ് |
| പേര് | മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണ പ്രവർത്തിയുടെ ബാലൻസ് തുക അടവാക്കൽ | |

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണത്തിന് വികസനഫണ്ട് (ജനറൽ) 40.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോജക്ട് നം. 116/2018) ഈ തുക ചെറുകിട ജലസേചന വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു. കാലവർഷത്തിൽ തകർന്ന മണ്ണട്ടാംപാറ അണക്കെട്ടിന്റെ (VCB) രണ്ട് റഗുലേറ്റർ ഷട്ടറുകൾ പുനസ്ഥാപിക്കുകയും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. ഇതിനായി 31,54,584 രൂപ ചെലവായി. ബാക്കി തുക 8,45,416 രൂപയുണ്ട്. ഇത് ഇറിഗേഷൻ വകുപ്പിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. അതിനാൽ പ്രോജക്ട് തയ്യാറാക്കാതെ ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ഇതുപയോഗിച്ച് ഷട്ടറുകളുടെ അനുബന്ധ പ്രവൃത്തികളുടെ ഭാഗമായി 25 KVA ജനറേറ്റർ സ്ഥാപിക്കൽ, ജനറേറ്റർ റൂം നിർമ്മാണം, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ നടത്താൻ ബ്ലോക്ക് പഞ്ചായത്ത് 16.10.2019 ന് അനുമതി നൽകി. ഇതനുസരിച്ച് ഈ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ പ്രവൃത്തികളുടെ ബിൽ തുക 8,29,247 രൂപയാണ്. എന്നാൽ ഇതിനിടയിൽ ഇറിഗേഷൻ വകുപ്പിൽ ചെലവഴിക്കാതെ കിടന്ന 8,45,416 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബിയിലേയ്ക്ക് 16.12.2021-ൽ ഇറിഗേഷൻ വകുപ്പ് തിരികെ അടച്ചു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഈ തുക 23.12.2021-ൽ സർക്കാറിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് അടച്ചു. ജനറേറ്റർ സ്ഥാപിച്ച് അനുബന്ധപ്രവർത്തനം നടത്തിയതിന്റെ മുകളിൽപറഞ്ഞ പ്രകാരമുള്ള ബിൽ തുക (8,29,247) ഇറിഗേഷൻ വകുപ്പിന് നൽകണം. മിച്ചം തുക സർക്കാരിലേയ്ക്ക് തിരികെ അടച്ചതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) ഇറിഗേഷൻ വകുപ്പിന് നൽകേണ്ട തുകയായ 8,29,247 രൂപ തനതു ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകുന്നു.
2) മിച്ചം തുക ഉപയോഗിച്ച് അധിക പ്രവൃത്തികൾ നടപ്പാക്കാൻ ഇറിഗേഷൻ വകുപ്പിന് ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകിയതിനുശേഷം ഇറിഗേഷൻ വകുപ്പ് തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ അടച്ചതും ഈ തുക ബ്ലോക്ക് പഞ്ചായത്ത് സർക്കാരിലേയ്ക്ക് അടച്ചതും വീഴ്ചയാണ്. ഇതിന്മേൽ തുടർനടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.28 കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2024-ലെ കത്തും കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.07.2024-ലെ 401039/DPDC02/General/23/1454(1)-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/847/24 – CC/1016/23)

വിഷയം:- VCB നിർമ്മാണത്തിൽ കാലതാമസം വന്നതിനാൽ ഫൈൻ ഈടാക്കുന്നത് ഒഴിവാക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 233/24 | അടങ്കൽ | 45,21,719 രൂപ |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം -11,60,000 രൂപ |
| | | ജില്ലാ പഞ്ചായത്ത് വിഹിതം - 20,00,000 രൂപ |
| | | സി.എഫ്.സി. ടൈഡ് ഗ്രാന്റ് - 13,61,719 രൂപ |
| പേര് | പാറാട് തോട് VCB നിർമ്മാണം | |

കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് 2019-20 വർഷം പാറാട് തോട് VCB നിർമ്മാണം എന്ന പ്രോജക്ട് എടുത്തിരുന്നു. 2021-22, 2022-23 വർഷം ഇത് സ്പിൽഓവറായി തുടർന്നു. VCB നിർമ്മാണം പൂർത്തിയാക്കാൻ വൈകിയതിനാൽ കരാറുകാരൻ നൽകിയ ഫൈനൽ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിരുന്നു. 2019-ലെ വെള്ളപ്പൊക്കം, 2020-ലെ കൊവിഡ് മൂലമുള്ള ലോക്ക്ഡൗൺ എന്നിവ മൂലമാണ് കാലതാമസമുണ്ടായതെന്നറിയിച്ചിട്ടുണ്ട്. എന്നാൽ പ്രകൃതി ദുരന്തങ്ങൾ മൂലമാണ് കാലതാമസം വന്നത് എന്നതിനാൽ ഈടാക്കിയ പലിശ തുക തിരികെ നൽകണമെന്നതു സംബന്ധിച്ച്. എഗ്രിമെന്റനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയും മറ്റു വിവരങ്ങളും താഴെപ്പറയും പ്രകാരമാണ്.

കരാർ ഉടമ്പടി തീയതി - 04.01.20219
പൂർത്തീകരിക്കേണ്ട തീയതി - 03.01.2020
പ്രവൃത്തി പൂർത്തീകരിച്ചത് - 26.12.2022

തീരുമാനം :- കരാർ പ്രകാരമുള്ള തീയതിയേക്കാൾ പ്രവൃത്തി പൂർത്തീകരിക്കാൻ മൂന്ന് വർഷത്തോളം അധികമെടുത്തതിന് മുകളിൽ പറഞ്ഞവ മതിയായ കാരണമല്ല എന്ന് യോഗം വിലയിരുത്തി. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.29 ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാന്റെ 28.06.2024 -ലെ KAICO/Ho/TECH/526/36/2023-24-ാം നമ്പർ കത്തും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ 4.29-ാം നമ്പർ തീരുമാനവും (SRG/599/24)

വിഷയം:- കുടിവെള്ള ശുദ്ധീകരണം - പരിപാലനം ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ, കോളേജുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വാട്ടർ ATM, വാട്ടർ കിയോസ്കുകൾ, വാട്ടർ ഫിൽറ്റർ പ്ലാന്റുകൾ, വാട്ടർ ഡിസ്പെൻസറുകൾ, വിവിധ ശ്രേണിയിലുള്ള RO പ്ലാന്റുകൾ, ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്. KAICO യുടെ RO പ്ലാന്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 14.02.2023-ലെ CHEGECT/2023-ാം നമ്പറായുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് KAICO യുടെ RO പ്ലാന്റുകൾ ഗുണനിലവാരമുള്ളതാണ്.

മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- ഈ ആവശ്യം സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.30 തോട്ടം മേഖലയിലെ നിർമ്മാണ പ്രവർത്തനം**

ബഹു. പീരുമേട് എം.എൽ.എയുടെ 27.06.2024-ലെ കത്ത് (SRG/672/24)

വിഷയം:- തോട്ടം മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നത് സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളും എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തോട്ടം മേഖലയിൽ നിർമ്മാണം നടത്തുന്നത് തോട്ടം ഉടമകൾ നൽകുന്ന NOCയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ എസ്റ്റേറ്റ് ഭൂമി സറണ്ടർ ചെയ്താൽ മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താനും ഈ നിർമ്മിതികൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കാനും കഴിയൂ എന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നുള്ളൂ എന്നറിയിച്ചിരിക്കുന്നു. എസ്റ്റേറ്റ് ഉടമകളുടെ NOC യുടെ അടിസ്ഥാനത്തിൽ നിർമ്മാണം നടത്താനും ഈ നിർമ്മിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കാനും നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതിന്മേൽ പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.31 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

ബഹു. നാദാപുരം എം.എൽ.എയുടെ 19.06.2024-ലെ 1338/ekv/ndm/2025 -ാം നമ്പർ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2024 -ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023-ലെ 4/1-ാം നമ്പർ തീരുമാനവും (SRG/760/24)

വിഷയം:- വളയം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ പുതിയ നിർമ്മാണ പ്രവർത്തനത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ള വളയം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ മുകളിലത്തെ നില നിർമ്മിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി 1.00 കോടി രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റായി വകയിരുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചില്ല.

തീരുമാനം :- പുതിയ നിർമ്മാണത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി./എഫ്.എം) വകുപ്പ് |

**4.32 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.05.2024-ലെ കത്ത് (SRG/ 505/24, SRG/480/24)

വിഷയം:- മണ്ണ് സംരക്ഷണ പദ്ധതികളുടെ നിർവ്വഹണവും ടെണ്ടറിങ്ങും സംബന്ധിച്ച്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് മണ്ണ് സംരക്ഷണ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ആണ് ഈ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

08.01.2021–ലെ 3/2021/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് 15.00 ലക്ഷം രൂപവരെയുള്ള പദ്ധതികൾ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് അനുമതിയുള്ളൂ. അതിനാൽ ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് തടസ്സമുണ്ടാകുന്നു. ഈ സാഹചര്യത്തിൽ 15.00 ലക്ഷത്തിലധികം അടങ്കൽ തുകയുള്ള പ്രോജക്ടുകളും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തന്നെ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്താൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– ഇതിന്മേൽ പൊതു തീരുമാനം ഖണ്ഡിക 3.5 ബാധകമാണ്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.33 കൺസ്യൂമർഫെഡ്

കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 07.02.2024–ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023–ലെ ഖണ്ഡിക 4.76–ാം നമ്പർ തീരുമാനവും സർക്കാരിന്റെ 06.06.2024–ലെ DA1/307/2023/തസ്വഭവ നമ്പർ കത്തും (SRG 533/24, SRG/540/24)

വിഷയം:– തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ കൺസ്യൂമർഫെഡിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇ–ടെണ്ടർ നടപടിയിലൂടെയാണ് കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങുന്നത്. അതിനാൽ മറ്റൊരു ടെണ്ടർ നടപടിയില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ആവശ്യമായ എല്ലാ സാധനങ്ങളും നേരിട്ട് വാങ്ങാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ കൺസ്യൂമർ ഫെഡിനെ ഉൾപ്പെടുത്തണമെന്ന് കൺസ്യൂമർഫെഡ് ചെയർമാൻ ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023–ലെ യോഗം പരിഗണിക്കുകയും കൺസ്യൂമർ ഫെഡ് ഏതൊക്കെ സാധനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കി നൽകാൻ യോഗം കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന ഉല്പന്നങ്ങളാണ് കൺസ്യൂമർഫെഡ് വിതരണം ചെയ്യുന്നതെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(i) നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും
(ii) നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള സ്കൂൾ, ഓഫീസ്, സ്റ്റേഷനറി ഉല്പന്നങ്ങൾ
(iii) ജീവൻ രക്ഷാ മരുന്നുകൾ, വെറ്ററിനറി മരുന്നുകൾ, മെഡിക്കൽ ഉല്പന്നങ്ങൾ
(iv) ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉല്പന്നങ്ങൾ
(v) CDS നും ICDS നും ആവശ്യമായ കിറ്റുകൾ, ഭക്ഷ്യ ഉല്പന്നങ്ങൾ

ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ/ക്വട്ടേഷൻ ഒഴിവാക്കി കൺസ്യൂമർ ഫെഡിൽ നിന്ന് മുകളിൽപറഞ്ഞ സാധനങ്ങൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

എന്നാൽ സ്റ്റോർപർച്ചേസ് മാന്വലിന്റെ 9.22, 9.23 ഖണ്ഡികകൾ ബാധകമായിട്ടുള്ള Annexure–16 ലെ സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ഉല്പാദന വ്യവസായ സ്ഥാപനങ്ങളുടെ പരിധിയിൽ കൺസ്യൂമർഫെഡ് ഉൾപ്പെടുന്നില്ലെന്ന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് സ്വന്തമായി ഉൽപാദിപ്പിക്കുന്നതും ഇടനിലക്കാരായി പ്രവർത്തിച്ച് വിതരണം നടത്തുന്നതുമായ ഉല്പന്നങ്ങൾക്കായി ടെണ്ടർ/ക്വട്ടേഷൻ ഇളവ് അനുവദിക്കുന്ന കാര്യം മാന്വൽ പ്രകാരം പരിഗണിക്കാൻ കഴിയില്ല എന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- സ്റ്റോർ പർച്ചേസ് വകുപ്പിന്റെ കുറിപ്പിന്റെ കൂടി അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിന്റെ ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.34 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

ബഹു. വേങ്ങര എം.എൽ.എ.യുടെ 26.07.2024-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.07.2024-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/ 729/24, SRG/805/24 – CC/442/2024)

വിഷയം:- വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് വാടകരഹിത കെട്ടിടം നൽകുന്നത് സംബന്ധിച്ച്

വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. വാടക കുടിശ്ശിക വരുത്തിയതിനാൽ അവിടെ നിന്ന് ഒഴിയണമെന്ന് ഉടമ ആവശ്യപ്പെട്ടിരിക്കുന്നു. പുതിയതായി നിർമ്മിക്കുന്ന വേങ്ങര റവന്യൂ ടവറിൽ വേങ്ങര ഉപവിദ്യാഭ്യാസ ഓഫീസിന് സ്ഥലം അനുവദിക്കുമെന്ന് ബഹു. വേങ്ങര എം.എൽ.എ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റവന്യൂടവർ പൂർത്തിയാകുംവരെയോ പരമാവധി 3 വർഷക്കാലയളവിലേക്കോ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വേങ്ങര ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് വാടക രഹിതമായി സ്ഥലം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**4.35 <u>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്</u>**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറിയുടെ 19.09.2024-ലെ കത്ത് (SRG/ 891/24)

വിഷയം:- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സെയിൽസ് ഔട്ട് ലറ്റുകൾക്ക് മുറി അനുവദിച്ച് നൽകണമെന്നതു സംബന്ധിച്ച്

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സെയിൽസ് ഔട്ട് ലറ്റുകൾ പ്രവർത്തിക്കുന്നതിന് താഴെപ്പറയുന്ന നഗരസഭകളിൽ സ്ഥലം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്.

1) കാഞ്ഞങ്ങാട് നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് മുറി
2) കരുനാഗപ്പള്ളി നഗരസഭ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന സ്ഥലത്തിൽ നിന്നും 1000 ചതുരശ്ര അടി മുറി.

തീരുമാനം :- മുറി അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത് അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സർക്കാർ ഉടമസ്ഥതയിലുള്ളതാണെന്നതു കൂടി കണക്കിലെടുത്ത് നിലവിലെ മാനദണ്ഡ പ്രകാരം ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആവശ്യത്തിന്മേൽ ഉചിതമായ തീരുമാനം കാഞ്ഞങ്ങാട് നഗരസഭക്കും കരുനാഗപ്പള്ളി നഗരസഭക്കും എടുക്കാവുന്നതാണെന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ് |

**4.36 <u>കൊടുവള്ളി നഗരസഭ</u>**

കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 28.09.2024-ലെ LSGD/JD/KKD/7315/24-B നമ്പർ കത്തും കൊടുവള്ളി നഗരസഭയിലെ 14-ാം വാർഡ് കൗൺസിലറുടെ 25.09.2024-ലെ കത്തും അനുബന്ധരേഖകളും (SRG/925/24)

വിഷയം:- കൊടുവള്ളി നഗരസഭയ്ക്ക് റ്റി.എസ്.പി. വിഹിതം അനുവദിക്കണമെന്നതു സംബന്ധിച്ച്

കൊടുവള്ളി നഗരസഭയ്ക്ക് മുൻവർഷങ്ങളിൽ റ്റി.എസ്.പി. വിഹിതം അനുവദിച്ചിരുന്നു. എന്നാൽ 2021-22 മുതൽ നഗരസഭയ്ക്ക് റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടില്ല. നഗരസഭയിൽ ആകെ 367 പട്ടികവർഗ്ഗക്കാർ താമസിക്കുന്നുണ്ട്. രണ്ട് പട്ടികവർഗ്ഗ നഗറുകൾ ഉണ്ട്. കരിവല്ലിക്കാവ് പട്ടിക വർഗ്ഗ നഗറിൽ 97 പട്ടികവർഗ്ഗ കുടുംബങ്ങളും (255 പേർ) പൂവ്വറമ്മൽ പട്ടികവർഗ്ഗ നഗറിൽ 14 പട്ടികവർഗ്ഗ കുടുംബവും (36 പേർ) താമസിക്കുന്നുണ്ട്. ഇതു പരിഗണിച്ച് കൊടുവള്ളി നഗരസഭയ്ക്ക് പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് അനുസൃതമായി റ്റി.എസ്.പി. വിഹിതം അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- കൊടുവള്ളി നഗരസഭയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ജനസംഖ്യയുടെയും വിവരങ്ങൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകുന്ന വിവരങ്ങൾ പരിശോധിച്ച് തുടർ നടപടികൾക്കായി ധനവകുപ്പിന് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പട്ടികവർഗ്ഗ വികസന വകുപ്പ്<br>2) ധനവകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.37 <u>വടക്കാഞ്ചേരി നഗരസഭ</u>**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.08.2024-ലെ കത്തും വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 29.05.2024-ലെ G3 - 9235/19-ാം നമ്പർ കത്തും വടക്കാഞ്ചേരി നഗരസഭാ കൗൺസിലിന്റെ 29.04.2024-ലെ 18-ാം നമ്പർ തീരുമാനവും (SRG 875/24-CC/366/24).

വിഷയം:- PMAY (G) ലിസ്റ്റില്ലാത്തിനാൽ അർഹതയുള്ള മറ്റു ഗുണഭോക്താക്കൾക്ക് വീടു നൽകുന്നത് സബന്ധിച്ച്

വടക്കാഞ്ചേരി നഗരസഭയിൽ PMAY (U) പദ്ധതിയിൽ 2017 മുതൽ ഇതുവരെ 1606 കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 1182 ഭവന നിർമ്മാണം പൂർത്തിയാക്കി. 424 ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി വിവിധ പദ്ധതികളിലായി 343 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 160 ഭവനങ്ങൽ പൂർത്തിയായി. 183 എണ്ണത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. പുതിയ ലിസ്റ്റ് വന്നിട്ടില്ല. ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ നിന്ന് വിവിധ കാരണങ്ങളാൽ നീക്കം ചെയ്ത 161 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കി. ഇതിൽ നിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 സെന്റിൽ താഴെ ഭൂമിയുള്ള ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്ന ഭവന രഹിതരായ 100 ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് 2024-25, 2025-26 വർഷങ്ങളിലായി 4.00 ലക്ഷം രൂപ വീതം എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു. ഇങ്ങനെ നൽകുന്ന ഭവനം ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭൗതിക നേട്ടത്തിൽ ലിസ്റ്റ് ചെയ്യേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.38 <u>കൊണ്ടോട്ടി നഗരസഭ</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024-ലെ കത്തും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറിയുടെ 14.11.2024-ലെ G4(E2) - 5934/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 879/24 - CC/411/24)

വിഷയം:- വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈന്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ഈ ഗുണഭോക്താവ് വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കി. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 25.03.2022-ൽ ഉത്തരവായിട്ടുണ്ട്. രണ്ടു സൈഡുകളിലായുള്ള സംരക്ഷണഭിത്തി പൊളിച്ച് 40 മീറ്റർ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ആകെ 12.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഈ വ്യക്തിക്ക് 15.5 സെന്റ് സ്ഥലമുണ്ട്. നഗരസഭയുടെ എസ്.സി.പി ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.39 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2024-ലെ കത്തും കാസർഗോഡ് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 29.12.2023-ലെ 42/1-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.11.2024-ലെ B1 - 1318/23-ാം നമ്പർ കത്തും 26.10.2024-ലെ 2043/2024/LSGD നമ്പർ സർക്കാർ ഉത്തരവും (SRG/883/24 - CC/535/24)

വിഷയം:- റോഡ് നിർമ്മാണത്തിനു സ്ഥലം വിട്ടു നൽകിയ വ്യക്തികൾക്ക് പകരം സ്ഥലവും വീടും നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 280/25 | അടങ്കൽ | 10,00,000 രൂപ |
| | | തനത് ഫണ്ട് |
| പേര് | നീലിമല - പെരിങ്കയ റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തിക്ക് സ്ഥലം വിട്ടു നൽകിയ വ്യക്തിക്ക് നഷ്ടപരിഹാരം നൽകൽ. | |

കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2023-24 വർഷം പെരിങ്കയ റോഡ് പുനരുദ്ധാരണത്തിന് പ്രോജക്റ്റ് എടുത്തിരുന്നു. റോഡ് നിർമ്മാണത്തിനായി ശ്രീ. രാജേഷ് എം.കെ, ശ്രീ. എലുമ്പൻ എന്നിവർ 3 സെന്റ് സ്ഥലം വീതം സൗജന്യമായി വിട്ടു നൽകി. ഈ കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണ്. റോഡ് കട്ടിംഗ് കഴിഞ്ഞപ്പോൾ ഇവരുടെ സ്ഥലം ഉയരത്തിലായതിനാൽ മണ്ണിടിച്ചിൽ ഭീഷണിയുണ്ട്. ഇതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 1.00 കോടി രൂപയോളം ചെലവു വരും. അതിനാൽ മുകളിൽ പറഞ്ഞ രണ്ടു കുടുംബത്തിന് സുരക്ഷിതമായ വേറെ പ്രദേശത്ത് സ്ഥലം വാങ്ങി വീടു വച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

സർക്കാരിന്റെ 26.10.2024-ലെ 2043/2024/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞവരിൽ ശ്രീ.രാജേഷ് എം.കെ.യുടെ നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്ത് പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് കള്ളാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി. ഇതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാപഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതുപോലെ സ്ഥലം വിട്ടു നൽകിയ ശ്രീ.എലുമ്പനും സ്ഥലം വാങ്ങി വീടു വയ്ക്കാൻ ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

1) രണ്ടുപേരും സൗജന്യമായി സ്ഥലം വിട്ടു നൽകി എന്നതിനാൽ ശ്രീ.എലുമ്പൻ എന്ന വ്യക്തിക്കും ധനസഹായം നൽകാൻ അനുമതി നൽകുന്നു.
2) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഈ കുടുംബങ്ങൾ സ്ഥലം സൗജന്യമായി വിട്ടു നൽകിയാതാണ്. അതിനാൽ മിച്ചമുള്ള സ്ഥലം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. ഇതിന്റെ

ഉടമസ്ഥത ഈ ഗുണഭോക്താക്കളിൽ തന്നെ നിലനിർത്തികൊണ്ട് വീട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം (പരമാവധി 3 സെന്റ്) വാങ്ങി നൽകി വീട് നിർമ്മിക്കാൻ ധനസഹായം നൽകാവുന്നതാണ്. ലൈഫ് ഭവന പദ്ധതിയിലെ നിരക്കിനു പകരം (2.25 ലക്ഷം രൂപ) മാനദണ്ഡ പ്രകാരമുള്ള ഭൂമിയുടെ മാർക്കറ്റ് വില നൽകാവുന്നതാണ്.

3) സർക്കാരിന്റെ 26.10.2024-ലെ 2043/2024/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ശ്രീ.രാജേഷ്. എം.കെ. യുടെ നിലവിലുള്ള വീടും സ്ഥലവും ഗ്രാമപഞ്ചായത്തിന് സറണ്ടർ ചെയ്യണമെന്ന ഉത്തരവ് റദ്ദ് ചെയ്യാൻ തീരുമാനിച്ചു. ഈ സ്ഥലവും വീടും ശ്രീ.രാജേഷ് എം.കെ യുടെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തി മുകളിൽ ക്രമനമ്പർ 2-ൽ പറയും പ്രകാരം സ്ഥലം വാങ്ങി വീട്ടു നിർമ്മിച്ചു നൽകേണ്ടതാണ്. രണ്ട് കുടുംബത്തിനും സ്ഥലവും വീട്ടു നിർമ്മിച്ചു നൽകാൻ ജില്ലാ പഞ്ചായത്ത് തയ്യാറായ സ്ഥിതിക്ക് ജില്ലാ പഞ്ചായത്തിനു തന്നെ ഇതിന്മേൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്. ഈ വിവരങ്ങൾ ഗുണഭോക്താക്കളെ കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.40 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2024-ലെ CA1/2024 -ാം നമ്പർ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.05.2024-ലെ A6 - 6296/2022 -ാം നമ്പർ കത്തും സർക്കാരിന്റെ 01.11.2024-ലെ DE1/257/2024 - LSGD നമ്പർ ഫയലും (SRG/1038/24 - DE1/257/2024 - LSGD)

വിഷയം:- ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

കൊല്ലം ജില്ലയിൽ കരിപ്ര ഗ്രാമപഞ്ചായത്തിലും ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്തിലും ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീട് നിർമ്മിച്ചു നൽകാൻ ഭവന നിർമ്മാണ വകുപ്പ് 7.20 കോടി രൂപയുടെ ഭരണാനുമതി 22.07.2023 നു നൽകിയിട്ടുണ്ട്. ഓരോ വീടിനുമുള്ള യൂണിറ്റ് ചെലവിന്റെ 60 ശതമാനം ഗുണഭോക്താവും (തദ്ദേശഭരണ സ്ഥാപനം) 40 ശതമാനം ഹൗസിംഗ് ബോർഡുമാണ് വഹിക്കുന്നത്. ഒരു വീടിന്റെ യൂണിറ്റ് ചെലവ് 9.60 ലക്ഷമായിട്ടാണ് ഹൗസിംഗ് ബോർഡ് നിശ്ചയിച്ചിരിക്കുന്നത്.

ഇതിന്റെ ഭാഗമായി കൊല്ലം ജില്ലാപഞ്ചായത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 75 പേർക്ക് വീട്ടു നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്താക്കളിൽ 50 പേർ പൊതുവിഭാഗത്തിൽപ്പെട്ടവരും 25 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ്. ഒരു വീടിന് 5.76 ലക്ഷം രൂപ ജില്ലാ പഞ്ചായത്തും 3.84 ലക്ഷം രൂപ ഹൗസിംഗ് ബോർഡും നൽകും. ഹൗസിംഗ് ബോർഡാണ് വീട് നിർമ്മിച്ചു നൽകുന്നത്. ഇതിന്റെ ഭാഗമായി ഒരു വീടിന് 5.76 ലക്ഷം രൂപ നിരക്കിൽ ജില്ലാ പഞ്ചായത്ത് ഹൗസിംഗ് ബോർഡിന് തുക കൈമാറി. ആകെ 4.32 കോടി രൂപയാണ് KSHBക്ക് അടച്ചത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 4.00 ലക്ഷം രൂപയാണ് ഒരു വീടിന് നൽകാവുന്ന ധനസഹായം. ഇതു ചൂണ്ടിക്കാണിച്ച് ഓഡിറ്റ് വിഭാഗം തടസ്സം പറഞ്ഞതിനാൽ വീട് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. എന്നാൽ സർക്കാരിൽ നിന്ന് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ലഭിച്ചു എന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചതനുസരിച്ച് പദ്ധതി നടപ്പാക്കാവുന്നതാണെന്ന് ഓഡിറ്റ് വിഭാഗം അറിയിച്ചിട്ടുണ്ട്. 'സ്വപ്നക്കൂട്' എന്ന ഈ ഭവന പദ്ധതിക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് 5.76 ലക്ഷം രൂപ വീതം ഒരു വീടിന് ചെലവഴിക്കാൻ (ഒരു വീടിന് ആകെ 9.60 ലക്ഷം രൂപ) അനുമതി നൽകണമെന്നതു സംബന്ധിച്ച്.

വീട്ടു നിർമ്മാണത്തിന് ഉയർന്ന നിരക്ക് നൽകുന്നത് സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ 23.02.2023-ലെ 59/2023/SHG നമ്പർ പ്രകാരം നൽകിയ ഭരണാനുമതി ഉത്തരവിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ

പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ഒഴിവാക്കുന്നതിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് ഹൗസിംഗ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തീരുമാനം :- 1) ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയാണ്. ദുർഘട പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6.00 ലക്ഷം രൂപ നൽകാം. ലൈഫ് ലിസ്റ്റ് പ്രകാരം വീട് നിർമ്മാണം നടക്കുന്ന സാഹചര്യത്തിൽ ലിസ്റ്റിനു വെളിയിലുള്ള കുടുംബത്തിനെ പരിഗണിക്കാവുന്നതല്ല. അതിനാൽ ആവശ്യം നിരസിച്ചു.

2) മുകളിൽ പറഞ്ഞവയിൽ EPIP കുടുംബങ്ങൾ ഉണ്ടാകുകയും അവരുടെ മൈക്രോ പ്ലാനിൽ ഭവന നിർമ്മാണം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇവർക്ക് ലൈഫ് നിരക്ക് പ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.41 ലൈഫ് മിഷൻ – കൊപ്പം ഗ്രാമപഞ്ചായത്ത്

ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.08.2024-ലെ 4446/CC/2019/ലൈഫ് നമ്പർ കത്ത്. (SRG/790/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നത് സംബന്ധിച്ച്

പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ ശ്രീമതി.ബിന്ദുവും മകളും താമസിക്കുന്ന ഭവനം അതിജീർണ്ണാവസ്ഥയിലുള്ളതാണ്. ശ്രീമതി. ബിന്ദു PMAY ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിനാൽ ലൈഫ് ലിസ്റ്റിൽ അപേക്ഷ നൽകിയിരുന്നില്ല. ശ്രീമതി. ബിന്ദു കാഴ്ചശക്തിയില്ലാത്തതും 25 വയസ്സുള്ള മകൾ ബിനിഷ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തിയുമാണ്. ഭർത്താവ് ഉപേക്ഷിച്ചു. 2021-22 സാമ്പത്തിക വർഷത്തിനു ശേഷം PMAY(G) യിൽ ടാർജറ്റ് അനുവദിക്കാതിരുന്നതിനാൽ ഈ ലിസ്റ്റിലുള്ളവർക്ക് വീടിനു ധനസഹായം നൽകാൻ കഴിഞ്ഞില്ല. ഈ കുടുംബത്തിന് വളരെ പരിതാപകരമായ സാഹചര്യമായിതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭവനനിർമ്മാണത്തിനു ധനസഹായം നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിരിക്കുന്നു.

തീരുമാനം :- വളരെ മോശം സാഹചര്യമാണ് ഈ കുടുംബത്തിന്റേതെന്നതിനാലും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തതിനാലും ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.42 കാലടി ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 860/24 – CC/445/2024)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കാലടി ഗ്രാമപഞ്ചായത്തിലെ ശ്രീ.അഷറഫ് കുതിരപ്പറമ്പിൽ എന്ന വ്യക്തി 2020-ലെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ക്രമനമ്പർ 4 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി ഉൾപ്പെട്ട റേഷൻകാർഡിലുള്ള അപേക്ഷകന്റെ പിതാവായ മുഹമ്മദ് കുതിരപ്പറമ്പിൽ എന്ന വ്യക്തിക്ക് സ്വന്തമായി വീടുണ്ട്. അതിനാൽ ശ്രീ.അഷറഫിന് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകാൻ കഴിയുന്നില്ല. വാർദ്ധക്യസഹജമായ അസുഖങ്ങളുള്ള മാതാവും വൃക്കരോഗിയായ സഹോദരനും ഈ കുടുംബത്തിലുണ്ടെന്നും ഈ വ്യക്തിക്ക് മാനസികാരോഗ്യ

പ്രശ്നമുള്ളതിനാൽ ജോലിക്ക് പോകാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ വ്യക്തിക്ക് വീട് നിർമ്മിച്ച നൽകാൻ ധനസഹായം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഈ കുടുംബത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.43 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2024-ലെ കത്ത് (SRG/912/24 - CC/530/24)

വിഷയം:- PMAY ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കല്ലറ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. മനില.സി, അൻസി ഭവൻ, ചെറുവാളം എന്ന വ്യക്തി PMAY(G) പട്ടികജാതി വിഭാഗം ഗുണഭോക്തൃ ലിസ്റ്റിൽ 8-ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വ്യക്തി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടതല്ലാത്തിതിനാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ കഴിയില്ല. അതിനാൽ ഓംബുഡ്സ്മാൻ മുമ്പാകെ അപേക്ഷ നൽകി. IAY/PMAY അക്കൗണ്ടിൽ പലിശയിനത്തിൽ ബാക്കിയുള്ള തുകയിൽ നിന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പ്രത്യേക അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.44 വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2024-ലെ കത്തും വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.08.2024-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/ 909/24 - CC/510/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. ബിന്ദു ഇല്ലിക്കലും കുടുംബവും അതിദരിദ്രരുടെ ലിസ്റ്റിൽ (EPIP27924) ഉൾപ്പെട്ടതാണ്. ലൈഫ് ലിസ്റ്റിൽ ഇവരുടെ ക്രമനമ്പർ 259 ആണ്. ഇവരുടെ ഭർത്താവ് വീണ് പരിക്ക് പറ്റിയതുമൂലം ജോലി ചെയ്യാൻ ശേഷിയില്ലാത്ത വ്യക്തിയാണ്. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ഇവർക്ക് വീട്ടു നിർമ്മാണം ആരംഭിക്കുകയും മേൽക്കൂരയുടെ വാർപ്പ് വരെ പൂർത്തിയാകുകയും ചെയ്തു. ഇനി തുക സംഭരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ നിർമ്മാണം നിർത്തി വച്ചു. അതിദരിദ്ര കുടുംബം എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി ലൈഫ് ഭവന സഹായമായ 4.00 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- വീട് പൂർത്തിയാക്കാനുള്ള ബാക്കി വിഹിതം (4.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.45 പിണറായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2024-ലെ കത്ത് (SRG/869/24 - CC/477/24)

**വിഷയം:-** ലൈഫ് ഭവന പദ്ധതി- വായ്പാതുക ലഭ്യമാക്കുന്നതു സംബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിൽ വീട്ടു നിർമ്മാണം പൂർത്തിയാക്കിയവർക്ക് ഹഡ്കോ ലോൺ വിഹിതം ലഭിക്കാത്തതിനാൽ അർഹമായ ഗഡുക്കൾ നൽകാൻ കഴിയുന്നില്ല. ആയതിനാൽ വീട്ടു നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്ന മറ്റ് വിഹിതം ഉപയോഗിച്ച് ഗഡു അനുവദിക്കാനും ഹഡ്കോ ലോൺ ലഭ്യമാകുന്ന മുറയ്ക്ക് വീട് നിർമ്മാണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് അടുത്ത ഗഡുക്കൾ നൽകാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഹഡ്കോ അധികാരികളുമായി ചർച്ച ചെയ്ത് ഇതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.46 <u>തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം</u>**

തദ്ദേശസ്വംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.11.2024-ലെ LSGD/PD/61109/2023/DB5 -ാംാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 1067/24)

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച്.

പതിനാലം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022, സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19.04.2022) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ നിർബന്ധമായും ഇ-ടെണ്ടർ മുഖേനയായിരിക്കണം നടത്തേണ്ടത്. ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയോ സാധാരണ ടെണ്ടർ മുഖേനയോ ഗുണഭോക്തൃ സമിതി മുഖേനയോ നടപ്പാക്കാവുന്നതാണ്. ധനവകുപ്പിന്റെ 17.06.2022-ലെ 66/2022/ധന ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുകയുടെ പരിധിയില്ലാതെ എല്ലാ മരാമത്ത് പ്രവൃത്തികളെയും ഇ-ടെണ്ടർ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനവകുപ്പിന്റെ 22.11.2022 -ലെ 204/2022/ധന നമ്പർ ഉത്തരവ് പ്രകാരം 5.00 ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ 2023 മാർച്ച് 31 വരെ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ കാലപരിധി കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 01.04.2023 മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കാൻ 04.04.2023-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കുലർ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ, ഇ- ടെണ്ടർ ഗുണഭോക്തൃ സമിതി മുഖേന ചെയ്യാമെന്ന് നിർദ്ദേശം ഉള്ളതിനാൽ ധനവകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായി പല തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്നതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതിന്മേൽ വ്യക്തത വരുത്തുന്നതിന് ഫയൽ ധനവകുപ്പിന് നൽകാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ധനവകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി) വകുപ്പ് |

## 4.47 ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

ആലപ്പഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 11.09.2024-ല കത്തും ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.05.2023-ലെ 25-ാം നമ്പർ തീരുമാനവും. (SRG/888/24 - CC/524/24)

വിഷയം:- 2021-22-ൽ നടപ്പാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നടത്തുന്നത് സംബന്ധിച്ച്

ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം താഴെപ്പറയുന്ന 10 നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. സുലേഖയിൽ ഈ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം രേഖപ്പെടുത്തിയെങ്കിലും ഇവയ്ക്ക് നൽകേണ്ട ടെണ്ടർ എക്സസ് നൽകിയിരുന്നില്ല. 10 പ്രവൃത്തികളുടെ ആകെ ടെണ്ടർ എക്സസ് തുക 2,08,995 രൂപയാണ്. ഈ തുക നൽകാൻ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി തേടിയപ്പോൾ ഓരോ പ്രോജക്ടുകളും സ്പിൽ ഓവറായി സമർപ്പിക്കാൻ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചു. പൂർത്തീകരണപത്രം രേഖപ്പെടുത്തിയ തിനാൽ സ്പിൽഓവർ പ്രോജക്ടായി എടുക്കാൻ സാങ്കേതികമായി കഴിയില്ല. ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് ടെണ്ടർ എക്സസ് നൽകാൻ അനുമതി സംബന്ധിച്ച്. പ്രവൃത്തിയുടെ പേരും ടെണ്ടർ എക്സസ്സ് തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | വിഹിതം | ടെണ്ടർ എക്സസ് |
|---|---|---|---|
| 1 | ചെല്ലേടത്തു ഭാഗം റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 24,667 രൂപ |
| 2 | ശോശ ITC അങ്കണവാടി റോഡ് | " | 24,763 രൂപ |
| 3 | അങ്കണവാടി കരുവാട്ടിൽ റോഡ് | " | 24,178 രൂപ |
| 4 | കാവുങ്കൽ കോപ്പുഴ റോഡ് ടാറിംഗ് | " | 7,765 രൂപ |
| 5 | പുതുപള്ളിക്കാവ് കൊട്ടുകാളിക്കൽ റോഡ് | " | 18,210 രൂപ |
| 6 | ചെങ്ങണ്ട SNDP റോഡ് ടാറിംഗ് | " | 23,760 രൂപ |
| 7 | തൈക്കൂട്ടത്തിൽ റോഡ് ടാറിംഗ് | " | 16,347 രൂപ |
| 8 | തിരുനെല്ലൂർ കായൽ റോഡ് ടാറിംഗ് | " | 20,700 രൂപ |
| 9 | പനവേലിൽ നികർത്തിൽ റോഡ് ടാറിംഗ് | " | 24,058 രൂപ |
| 10 | കോപ്പായി സ്വാഗതം റോഡ് ടാറിംഗ് | " | 24,547 രൂപ |

തീരുമാനം :- 1) ഈ പ്രവൃത്തികളുടെ കരാറിൽ ടെണ്ടർ എക്സസ് നൽകാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് യോഗത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടുകൾ ഓരോന്നും സ്പിൽഓവറായി ഉൾപ്പെടുത്തി അനുവദനീയമായ ടെണ്ടർ എക്സസ് നൽകുന്നതിനു പകരം ഓരോ പ്രോജക്ടിന്റേയും വിശദാംശങ്ങളും ടെണ്ടർ എക്സസ് തുകയും ഉൾപ്പെടുത്തി പുതിയതായി ഒരു പ്രോജക്ട് മാത്രം എടുത്ത് തുക നൽകുന്നതിന് അനുമതി നൽകുന്നു.

2) ഒപ്പം പ്രോജക്ട് പൂർത്തീകരിക്കാതെ പൂർത്തീകരണ പത്രം സുലേഖയിൽ രേഖപ്പെടുത്തിയതു പോലുള്ള വീഴ്ച ഇനി ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.48 <u>കളമശ്ശേരി നഗരസഭ</u>**

കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 04.09.2024-ലെ കത്ത് (SRG/845/24)

വിഷയം:- കളമശ്ശേരി നഗരസഭയ്ക്ക് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച്

കളമശ്ശേരി നഗരസഭയുടെ നിലവിലെ ആംബുലൻസ് ഉപയോഗശൂന്യമായതിനാൽ 21.00 ലക്ഷം രൂപ മുടക്കി പുതിയ ആംബുലൻസ് വാങ്ങാൻ അനുമതി സംബന്ധിച്ച്. ആംബുലൻസിന് 13 വർഷം പഴക്കമുണ്ട്. റിപ്പയർ ചെയ്യാൻ വലിയ തുകയാകും. മുനിസിപ്പാലിറ്റി നേരിട്ടാണ് ആംബുലൻസിന്റെ പ്രവർത്തനം നിയന്ത്രിച്ചിരുന്നത്.

തീരുമാനം :- ഇന്നത്തെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം ഖണ്ഡിക 3.1 ന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരസിച്ചു. ആംബുലൻസ് വാങ്ങുന്നതിന് MPLAD, MLASDF, CSR ഫണ്ട് തുടങ്ങിയ സ്രോതസ്സ് തേടാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.49 <u>ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024-ലെ കത്തും ചെന്നിത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2024-ലെ C1/6707/23-ാം നമ്പർ കത്തും (SRG 887/24 - CC/513/24)

വിഷയം:- ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 190/24 | അടങ്കൽ | 27,75,000 രൂപ |
| | | (ഹെൽത്ത് ഗ്രാന്റ് ) |
| പേര് | തൃപ്പെരുന്തറ സബ് സെന്റർ കെട്ടിട നിർമ്മാണം വാർഡ് 3 – 2022-23. | |

ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിലെ തൃപ്പെരുന്തറ സബ് സെന്ററിന് കെട്ടിട നിർമ്മാണത്തിനായി 55.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. മൂന്നാം വാർഡിലെ ഇരമത്തൂർ അങ്കണവാടിയോട്ട ചേർന്നുള്ള ഭൂമിയിൽ നിർമ്മാണം നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് ഇവിടെ കെട്ടിട നിർമ്മാണം സാധ്യമല്ല. സൗജന്യമായി ഭൂമി ലഭിക്കില്ല. വേറെ ഭൂമി വാങ്ങാൻ ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ FHC കെട്ടിടത്തിനോട് ചേർന്ന് പ്രവർത്തിക്കുന്നതും നിലവിൽ ഭൂമിയുള്ളതുമായ മെയിൻ സെന്ററിന് കെട്ടിട നിർമ്മാണത്തിന് ഈ തുക ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- നിലവിലെ കുടുംബാരോഗ്യ കേന്ദ്രത്തോട്ട ചേർന്നുള്ള ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനേക്കാൾ നല്ലത് അകലെയുള്ള മറ്റ സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതാണ് എന്ന് യോഗം വിലയിരുത്തി. അതിനാൽ ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന സെന്ററിനു തന്നെ ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനോ കെട്ടിടം ഇല്ലാത്ത മറ്റേതെങ്കിലും സെന്ററിന് കെട്ടിടം നിർമ്മിക്കാൻ വിഹിതം ഉപയോഗിക്കാനോ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.50 കൊക്കയാർ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 19.07.2024-ലെ കത്തും കൊക്കയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.07.2024-ലെ 4(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 707/24 - CC/406/24)

വിഷയം:- ബോയ്സ് റബ്ബർ എസ്റ്റേറ്റ് വക സ്ഥലത്ത് പ്രൈമറി ഹെൽത്ത് സെന്റർ പണിയുന്നത് സംബന്ധിച്ച്

കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തെത്തുടർന്ന് മൂന്നാം വാർഡിൽ മേലോരത്ത് ഉണ്ടായിരുന്ന പി.എച്ച്.സി. പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പി.എച്ച്.സി. കെട്ടിടം നിർമ്മിക്കുന്നതിന് 25 സെന്റ് സ്ഥലം വിട്ടു നൽകാൻ ബോയിസ് റബ്ബർ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് അധികാരികൾ 05.12.2023-ന് സമ്മതപത്രം നൽകിയിട്ടുണ്ട്. ഇവിടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- പൊതു തീരുമാനം ഖണ്ഡിക 3.4 ൽ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.51 ആലത്തൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/683/24 - CC/331/24)

വിഷയം:- പകൽ വീടിന്റെ പ്രവർത്തനം ചാരിറ്റബിൾ ട്രസ്റ്റിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച്

ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/722 -ാം നമ്പർ കെട്ടിടത്തിൽ പകൽവീട് നടത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യ, ആലത്തൂർ എന്ന സംഘടന വഹിക്കാമെന്നറിയിച്ചിട്ടുണ്ട്. രാവിലെ വയോജനങ്ങളെ പകൽവീട്ടിൽ എത്തിക്കുക, രാവിലത്തെ ലഘുഭക്ഷണം, ഉച്ചയ്ക്ക് ആഹാരം, വൈകിട്ട് വീട്ടിലെത്താനുള്ള സൗകര്യം എന്നിവ ട്രസ്റ്റ് നൽകും എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പകൽ വീടിനായുള്ള കെട്ടിടവും നടത്തിപ്പ് ചുമതലയും നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യക്ക് കൈമാറാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു. എന്നാൽ പകൽ വീടിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എപ്പോഴും വിലയിരുത്തണമെന്നും പകൽവീട് കെട്ടിടം മറ്റാവശ്യത്തിന് ട്രസ്റ്റ് ഉപയോഗിക്കരുതെന്നും എത്ര നാളത്തേയ്ക്കാണ് പകൽ വീടിനായി ട്രസ്റ്റിനു വിട്ടു നൽകുന്നതെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുമായി ട്രസ്റ്റ് ഭാരവാഹികൾ കരാറിലേർപ്പെടേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.52 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2024-ലെ കത്തും കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലിന്റെ 29.02.2024-ലെ 18-ാം നമ്പർ ഭരണസമിതി തീരുമാനവും കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 08.08.2024-ലെ കത്തും കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 28.10.2024-ലെ H1-69/2025-ാം നമ്പർ കത്തും (SRG/703/24 – CC/386/24)

വിഷയം:- നഗരസഭയിൽ വാർഡ് ശുചീകരണ പ്രവർത്തനത്തിനായി കാട്ടുവെട്ടുയന്ത്രം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം 69/25 | അടങ്കൽ | 12,95,000 രൂപ |
| | | (CFC Tied Grant) |
| പേര് | വാർഡുകളിലേയ്ക്ക് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങൽ | |

ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി കാട് വെട്ടുന്നതിന് വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് കാട്ടുവെട്ട് യന്ത്രം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള 16.03.2024-ലെ സർക്കുലർ പ്രകാരം വാർഡ് സാനിറ്റേഷൻ ഫണ്ട് ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങുന്നതിന് അനുമതിയില്ല. അതിനാൽ CFC Tied Grant ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രം വാങ്ങാൻ അനുമതി സംബന്ധിച്ച്. യന്ത്രങ്ങൾ വാങ്ങിയതിനുശേഷം ഇതിന്റെ ആവർത്തന ചെലവ് സാനിറ്റേഷൻ ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- 10 വാർഡിന് പരമാവധി ഒരു കാട്ടുവെട്ടുയന്ത്രം എന്ന ക്രമത്തിൽ വാങ്ങാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു എം) വകുപ്പ് |

## 4.53 The Vision Multi-Lateral Labour Contract Co-operative Society Ltd. No. 1263

The Vision Multi-Lateral Labour Contract Co-operative Society പ്രസിഡന്റിന്റെ 04.10.2024-ലെ കത്ത് (SRG/978/24)

വിഷയം:- Bacillus Thuringiensis Variety Israelensis എന്ന കൊതുക് നശീകരണ മരുന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

Bacto Power Pvt. Ltd കോയമ്പത്തൂർ എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന Bacillus Thuringiensis Variety Israelensis എന്ന കൊതുക് നശീകരണ മരുന്ന് The Vision Multi-Lateral Labour Contract Co-operative Society കേരളത്തിൽ വിതരണം നടത്തുന്നുണ്ട്. ലേബർ കോൺട്രാക്ട് സൊസൈറ്റി ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ മരുന്ന് ഈ സൊസൈറ്റിയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- മറ്റൊരു കമ്പനി ഉല്പാദിപ്പിക്കുന്ന കൊതുക് നശീകരണ മരുന്ന് ലേബർ കോൺട്രാക്ട് സൊസൈറ്റി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.54 ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്**

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.10.2024-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2024-ലെ 142839/23/ DPC/DPO/EKM/CC നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 1041/24 - CC/832/24)

വിഷയം:- ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതു ശ്മശാന നിർമ്മാണത്തിന് അധികമായി ചെലവു വന്ന തുക നൽകുന്നത് സംബന്ധിച്ച്

| | | | |
|---|---|---|---|
| പ്രോ.നം. 200/24 | അടങ്കൽ | | 46,98,625 രൂപ |
| | | സംസ്ഥാന വിഹിതം | 1,00,000 രൂപ |
| | | തനത് ഫണ്ട് | 43,51,117 രൂപ |
| | | സംഭാവന | 2,47,508 രൂപ |
| പേര് | പൊതുശ്മശാനം നിർമ്മാണം | | |

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് 2019-20 വർഷം 74.80 ലക്ഷം രൂപ വകയിരുത്തി ശ്മശാനം നിർമ്മിക്കാൻ പ്രോജക്ട് എടുത്തിരുന്നു. കോസ്റ്റ് ഫോർഡിനെയാണ് നിർവ്വഹണം ഏൽപ്പിച്ചത്. പാർട്ട് ബിൽ നൽകിയതിനുശേഷം 2023-24 വർഷം സ്പിൽഓവർ തുകയായി 46,98,625 രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ ഫർണസ് സ്ഥാപിക്കുന്നതിന് 23,24,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ മലിനീകരണ നിയന്ത്രണബോർഡും ശുചിത്വ മിഷനും ഫർണസിന്റെ സ്പെസിഫിക്കേഷൻ പുതുക്കിയതനുസരിച്ച് ഫർണസിന്റെ എസ്റ്റിമേറ്റ് തുക 30,97,500 രൂപയായി. അതിനാൽ കരാർ വച്ചതിനെക്കാൾ അധികമായി 7,73,500 രൂപ കൂടി കോസ്റ്റ് ഫോർഡിനു നൽകണം. ഈ തുക തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ശുചിത്വ മിഷന്റെയും പുതുക്കിയ സ്പെസിഫിക്കേഷൻ പ്രകാരമാണ് ഫർണസിന് വില ഉയർന്നത് എന്നതിനാൽ അനുമതി നൽകുന്നു. ഇതിനു തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ. വില സംബന്ധിച്ച രേഖകളും മറ്റും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.55 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.9.2024 -ലെ കത്തും മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2024-ലെ 13(1) നമ്പർ തീരുമാനവും (SRG/908/24 - CC/506/24)

വിഷയം:- മാലിന്യ ശേഖരണത്തിന്റെ ഭാഗമായി വാഹനത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്

മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ MCF ലേയ്ക്ക് കൊണ്ടുവന്നതിന് വാഹനത്തിന് വാടക നൽകിയത് ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിൽ നിന്നാണ്. ഒപ്പം റിജക്ടറ്റഡ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് MCF ൽ നിന്നും കൈമാറിയപ്പോൾ റോഡിന് വീതി കുറവായതിനാൽ ചെറിയ വാഹനം ഉപയോഗിച്ചതിനും കൺസോർഷ്യത്തിൽ നിന്നാണ് വാടക നൽകിയത്. 2023 ജനുവരി മുതൽ 2023 നവംബർ മാസം വരെയുള്ള സമയത്തെ വാടക 1,31,450 രൂപയാണ്. ഹരിതകർമ്മസേന ആവശ്യപ്പെട്ട പ്രകാരം ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിനു തിരികെ നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 4.56 ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് 17.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/702/24 – CC/396/24)

വിഷയം:- പഠനമുറിക്കുള്ള ധനസഹായത്തിന്റെ അവസാനഗഡു നൽകുന്നത് സംബന്ധിച്ച്

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 2022-23 വർഷം 12 പേർക്ക് പഠനമുറി നൽകുന്നതിന് ബഹുവർഷ പ്രോജക്ട് എടുത്തിരുന്നു. 2022-23 വർഷം 7.00 ലക്ഷം രൂപയും 2023-24 വർഷം 17.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. 2022-23 വർഷം 11 കുടുംബങ്ങൾ പഠനമുറിക്ക് എഗ്രിമെന്റ് വച്ച് അഡ്വാൻസ് വാങ്ങി പഠനമുറി നിർമ്മാണം ആരംഭിച്ചു. 2022-23 വർഷം രണ്ട് ഗഡു കൈപ്പറ്റിയ ശ്രീ.റിതുനന്ദ് എം.കെ. S/O സുനീഷ് എം.കെ., മൊകായിക്കൽ എന്ന കുടുംബം പഠനമുറി പൂർത്തിയാക്കിയതിന് ശേഷം അവസാന ഗഡു ലഭിക്കുന്നതിന് അപേക്ഷ നൽകി. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിന് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയാണ് നൽകാവുന്നത്. ആകെ 920 ചതുരശ്ര അടി വിസ്തീർണ്ണം ആവാം. എന്നാൽ അവസാന ഗഡു നൽകാനായി പരിശോധനാ സമയത്ത് വീടിന്റെ ആകെ വിസ്തീർണ്ണം 1132 ചതുരശ്ര അടി ആണെന്ന് കണ്ടെത്തി. അധികമായി 212 ചതുരശ്ര അടി വിസ്തീർണ്ണം. ഇതിൽ പഠനമുറിയുടെ വിസ്തീർണ്ണം 143 ചതുരശ്ര അടിയാണ് (അധികമായി 23 ചതുരശ്ര അടി) എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഠനമുറിയുടെ വാല്യുവേഷൻ തുക 99,370 രൂപയാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ളതിനേക്കാൾ കൂടുതൽ വിസ്തീർണ്ണമാണെങ്കിലും അർഹമായ ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഗുണഭോക്താവിന് 1.25 ലക്ഷം രൂപ പഠനമുറിക്ക് ഇതിനകം നൽകിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ പഠനമുറിയുടെ വാല്യുവേഷൻ തുക 99,370 രൂപ മാത്രമാണ്. പ്രത്യേക പരിഗണന നൽകി അധികമായി കൈപ്പറ്റിയ തുക തിരികെ അടയ്ക്കുന്നതിൽ നിന്നൊഴിവാക്കുന്നു. എന്നാൽ ഇനി തുക നൽകാവുന്നതല്ല എന്നു നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.57 എറണാകുളം ജില്ലാപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.07.2024 ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 25.06.2024 ലെ 6(8) -ാം നമ്പർ തീരുമാനവും (SRG/862/24-CC/439/24)

**വിഷയം:-** SSLC വിദ്യാർത്ഥികൾക്ക് അധിക സമയ പഠനത്തിന് റിഫ്രഷ്മെന്റ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 227/25 | *അടങ്കൽ* | *10,00,000 രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | ജ്യോതിർഗമയ | |

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് സ്കൂളിലേയും മറ്റ് എയ്ഡഡ് സ്കൂളിലേയും 10-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് SSLC പരീക്ഷയ്ക്ക് മുന്നോടിയായി നൽകുന്ന അധികസമയ പരിശീലനത്തിന് ഒരു കുട്ടിക്ക് 10 രൂപ നിരക്കിൽ റിഫ്രഷ്മെന്റ് നൽകാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി 175 സ്കൂളുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 50 ദിവസമാണ് പരിശീലനം നൽകുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം :- സർക്കാർ സ്കൂളിലേയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.58 <u>തലക്കാട് ഗ്രാമപഞ്ചായത്ത്</u>**

തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2024 ലെ A2-6842/2024-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ ഖണ്ഡിക 4.1-ാം നമ്പർ തീരുമാനവും (SRG/ 680/24)

**വിഷയം:-** സ്കൂളിലേക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതു സംബന്ധിച്ച്.

തലക്കാട് ഗ്രാമപഞ്ചായത്തിൽ മാനേജ്മെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന ദേവീ സഹായ ലോവർ പ്രൈമറി സ്കൂളും മറ്റ വസ്തുക്കളും 06.02.2010 ന സർക്കാരിനു കൈമാറി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ സർക്കാർ ഏറ്റെടുത്തിട്ടില്ല. മാനേജ്മെന്റ് നിലവിലില്ലാത്തതിനാൽ ദൈനംദിന കാര്യങ്ങൾ തലക്കാട് ഗ്രാമപഞ്ചായത്താണ് നോക്കുന്നത്. സർക്കാർ രേഖ പ്രകാരം ഈ സ്കൂൾ 'മാനേജ്മെന്റ് സ്കൂളായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ നാല് തസ്തികയുള്ള ഈ സ്കൂളിൽ 2023 മെയ് മാസത്തിൽ രണ്ട് അദ്ധ്യാപകർ വിരമിച്ചു. ലോവർ പ്രൈമറി സ്കൂൾ ടീച്ചർ (LPST) തസ്തികയിൽ ജില്ലയിൽ സംരക്ഷണാനുകൂല്യമുള്ള ആരും തന്നെ പുനർവ്യന്യസിക്കപ്പെടാതെ പുറത്തു നിൽക്കുന്നില്ല എന്നും 2023-24 വർഷം സംസ്ഥാനത്തെ ഗവ/എയ്ഡഡ് വിദ്യാലയങ്ങളിൽ താത്കാലിക അധ്യാപക നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്നും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ 05.07.23 ൽ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സ്കൂളിന്റെ അക്കാദമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുവദിക്കപ്പെട്ടതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ (2എണ്ണം)സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിത അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ 31.03.2025 മാർച്ച് വരെയോ വിദ്യാലയങ്ങൾ മധ്യവേനൽ അവധിക്ക് അടയ്ക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ മുകളിൽ പറഞ്ഞ സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഈ സ്കൂളിന്റെ ഉടമസ്ഥത ഇപ്പോഴും സർക്കാരോ ഗ്രാമപഞ്ചായത്തോ ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചു. ഇതിനാവശ്യമായ അദ്ധ്യാപകരെ PTA മുഖേന നിയമിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇവിടെ 30 കുട്ടികൾ മാത്രമാണ് പഠിക്കുന്നതെന്നും അതിനാൽ PTA മുഖേന നിയമിക്കുന്നത് പ്രായോഗികമല്ല എന്നും അറിയിച്ചിരിക്കുന്നു. അതിനാൽ 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് സർക്കാരോ ഗ്രാമപഞ്ചായത്തോ സ്കൂൾ ഏറ്റെടുക്കുന്നതുവരെ നിലവിലുള്ള രണ്ട് അദ്ധ്യാപക ഒഴിവിലേയ്ക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :- 1)** പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ആവശ്യമായ അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട് എന്ന് യോഗത്തിൽ ഹാജരായിരുന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. അതിനാൽ ഈ വിഷയം പരിഗണിച്ചില്ല.

**2)** സർക്കാരോ ഗ്രാമപഞ്ചായത്തോ സ്കൂൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.59 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 31.08.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 881/24 – CC/5/24)

വിഷയം:- KWA, ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചം വന്ന തുക മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാത്ത ബാക്കി തുക തിരികെ നൽകിയിട്ടുണ്ട്. ആകെയുള്ള 33 പ്രവൃത്തികളിൽ KWAയുടെ 26 എണ്ണവും GWD ന്റെ 7 എണ്ണവുമാണ്. ആകെ 1,86,45,224 രൂപയാണ് തിരികെ ലഭിച്ചത്. ഇതിൽ പൊതു വിഭാഗം ഫണ്ടും എസ്.സി.പി. ഫണ്ടും ഉൾപ്പെടും. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ളത്തിനായി തന്നെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു. തിരികെ ലഭിച്ച തുകയിൽ എസ്.സി.പി വിഹിതം പട്ടികജാതി വിഭാഗത്തിന് തന്നെ പ്രയോജനപ്പെടുന്ന കുടിവെള്ള പ്രോജക്ട് മാത്രമേ എടുക്കാവൂ എന്നു നിർദ്ദേശിക്കുന്നു. അടുത്ത സാമ്പത്തിക വർഷം തന്നെ ഈ പ്രോജക്ടുകൾ പൂർത്തിയാക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.60 അനങ്ങനടി ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 27.01.2023-ലെ PAN/16000/2022- ജെ4(DP) നമ്പർ കത്തും ശ്രീ.മുകേഷ്. വി.കെ, വട്ടാർക്കുടി, പാവക്കോണം -ന്റെ 18.08.2024-ലെ കത്തും അനുബന്ധരേഖകളും.(SRG/825/24)

വിഷയം:- വേനൽക്കാലത്ത് കുടിവെള്ള വിതരണം ചെയ്തതിന്റെ തുക നൽകുന്നത് സംബന്ധിച്ച്

വേനൽക്കാലത്ത് മെയ് 31 വരെയാണ് കുടിവെള്ള വിതരണത്തിന് അനുമതിയുള്ളത്. അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 30.05.2022-ലെ ഭരണസമിതി തീരുമാനപ്രകാരം ജൂൺമാസത്തിൽ (01.06.2022 മുതൽ 30.06.2022 വരെ) ശ്രീ.മുകേഷ്.വി.കെ. വട്ടാർക്കുഴി എന്ന കരാറുകാരൻ മുഖേന ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തു. മെയ് മാസത്തെ തുക കൂടി ചേർത്ത് ആകെ 4,09,500 രൂപയാണ് ചെലവ്. ഇതിൽ 1.79 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും നൽകി. ഇനി 2,30,500 രൂപ കൂടി നൽകണം. ഈ തുക നൽകാവുന്നതാണെന്ന് റൂറൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിലും ഈ വ്യക്തി തന്നെയാണ് കുടിവെള്ള വിതരണം ചെയ്തത്. ജി.പി.എസ് സ്റ്റേറ്റ്മെന്റ്, ബിൽ, ട്രിപ് ഷീറ്റ് തുടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബാക്കി ലഭിക്കേണ്ട തുകയായ 2,30,500 രൂപ നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതിന്മേൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായി എന്നതും റൂറൽ ഡയറക്ടർ ശുപാർശ ചെയ്ത വിഷയമാണ് എന്നതും പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.61 വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ C-3633/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 916/ 24 )

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതിയിലുള്ള കുളം നവീകരിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം.47/24 | അടങ്കൽ | 13,50,000 രൂപ (സി.എഫ്.സി. ടൈഡ് ഗ്രാന്റ്) |
|---|---|---|
| പേര് | തൃക്കപാലേശ്വരം കുളം നവീകരണം | |

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മൈലം ഗ്രാമപഞ്ചായത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തൃക്കപാലേശ്വരം കുളത്തിന്റെ നവീകരണത്തിനായി 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. കുളം നവീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശക സമിതിയും സമ്മതപത്രം നൽകിട്ടുണ്ട്. ജീർണ്ണാവസ്ഥതയിലുള്ള ഈ കുളം നവീകരിക്കുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) കുളത്തിന്റെ സമീപപ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലം ഉറപ്പാക്കാനും കുളം നവീകരണം സഹായകരമാകും എന്നതിനാൽ ഇനി പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) എല്ലാ വിഭാഗത്തിലുംപ്പെട്ട പൊതുജനങ്ങൾക്കും ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുവദിക്കാമെന്ന് ക്ഷേത്ര ഉപദേശക സമിതിയും ദേവസ്വംബോർഡും സമ്മതപത്രം നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.62 നൂറനാട് ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2024-ലെ കത്ത് (SRG/713/24 – CC/428/24)

വിഷയം:- കർഷകരിൽ നിന്ന് നെല്ല് ശേഖരിച്ച് നൂറനാടൻ റൈസ് എന്ന പേരിൽ വിപണനം നടത്തുന്നതിന് അനുമതി സംബന്ധിച്ച്

| പ്രോ.നം 113/25 | അടങ്കൽ | 8,50,000 രൂപ |
|---|---|---|
| | | (തനത് ഫണ്ട്) |
| പേര് | നൂറനാടൻ റൈസ് | |

നൂറനാട് ഗ്രാമപഞ്ചായത്ത് 2023-24 വർഷം കർഷകരിൽ നിന്ന് നെല്ല് ശേഖരിച്ച് അരിയാക്കി നൂറനാടൻ റൈസ് എന്ന പേരിൽ കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പുവഴി വിപണിയിൽ എത്തിച്ചു. 21 ടൺ നെല്ല് സംഭരിച്ച് 5.60 ലക്ഷം രൂപ കർഷകർക്ക് നൽകി. ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിനത്തിൽ 7,91,954 രൂപ ചെലവായി. 8,27,411 രൂപ ഗ്രാമപഞ്ചായത്തിനു ലഭിച്ചു. കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പിനും വിഹിതം നൽകി. കഴിഞ്ഞ വർഷം ഗ്രാമപഞ്ചായത്തിനു ലഭിച്ച വരുമാനം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഈ തുക ഉപയോഗിച്ച് കഴിഞ്ഞ വർഷം നടപ്പാക്കിയ അതേ രീതിയിൽ ഈ വർഷവും പ്രോജക്ട് നടപ്പാക്കി. ഒരു സൊസൈറ്റി രൂപീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭിക്കാൻ കാലതാമസമെടുക്കും എന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കൺവീനറും കൃഷി ഓഫീസർ ജോയിന്റ് കൺവീനറുമായ കമ്മിറ്റി മുഖാന്തിരമാണ് ഈ വർഷം പ്രോജക്ട് നടപ്പാക്കിയത്. ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്.

തീരുമാനം:- ഈ വർഷം പ്രോജക്ട് നടപ്പാക്കിയെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കാതെ കഴിഞ്ഞ വർഷത്തെ വരുമാനമാണ് ഉപയോഗിച്ചത് എന്നതിനാൽ സാധൂകരണം നൽകുന്നു. ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ടതുപോലെ സൊസൈറ്റി രൂപീകരിച്ച് ബൈലോ തയ്യാറാക്കി പ്രോജക്ട് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. സ്വന്തമായി വരുമാനമുണ്ടാകുംവിധം ആദ്യവർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് വിഹിതം ചെലവഴിച്ച സാഹചര്യത്തിൽ പദ്ധതി വിപുലീകരണത്തിനല്ലാതെ ഇനി ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.63 വേങ്ങര ഗ്രാമപഞ്ചായത്ത്**

വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.07.2024-ലെ കത്ത് (SRG/844/24)

വിഷയം:- നടീൽ വസ്തുക്കൾ, ചട്ടികൾ തുടങ്ങിയവ കൃഷിശ്രീ കാർഷിക സേവനകേന്ദ്രങ്ങളിൽ നിന്നു നേരിട്ട് വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

കൃഷി വകുപ്പിന്റെ കീഴിൽ ഫാം മെക്കനൈസേഷന്റെ ഭാഗമായി കൃഷിശ്രീ കേന്ദ്രങ്ങൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 2022-23 മുതൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കൃഷിശ്രീ കാർഷിക സേവനകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവർ തൈകളും നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കുന്നുണ്ട്. കൃഷിശ്രീ കേന്ദ്രങ്ങളിൽ നിന്ന് വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/മൺചട്ടി/HDPE ചട്ടികൾ തുടങ്ങിയവ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ കൃഷിശ്രീ യൂണിറ്റ് മുകളിൽ പറഞ്ഞവ സ്വയം ഉല്പാദിപ്പിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ ഗുണനിലവാരം, താരതമ്യവില എന്നിവ സംബന്ധിച്ചും മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.64 പാടശേഖര സമിതികളുടെ നിയന്ത്രണത്തിലുള്ള മോട്ടോർ തറകളുടെ റിപ്പയറിംഗ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06.07.2024-55/EPA1/2023/തസ്വഭവ നമ്പർ കത്തും ഇതേ നമ്പറിലുള്ള 12.01.2024-ൽ തദ്ദേശസ്വയംഭരണ വകുപ്പ് EPA1 വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും (SRG 690/24)

വിഷയം:- പാടശേഖരസമിതിയുടെ അധീനതയിലുള്ള മോട്ടോർ തറകളുടെ മെയിന്റനൻസ് നടത്തുന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം പാടശേഖര സമിതികൾക്ക് ജലസേചനത്തിന് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/പെട്ടിയും പറയും 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതിയുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണി പാടശേഖര സമിതി നടത്തണമെന്നാണ് മാർഗ്ഗരേഖയിൽ പറയുന്നത്. കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2016-2019) സമിതി യുടെ 19-ാമത് റിപ്പോർട്ടിലെ 9-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ ലഭ്യമാക്കിയ നടപടി പരിഗണിച്ച സമിതി മോട്ടോർ തറകൾ നന്നാക്കുന്നതിന് ഗ്രാമപഞ്ചായകൾക്ക് അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) നെൽക്കൃഷിക്ക് മറ്റു പല വിധത്തിലുള്ള ധസഹായത്തിനു പുറമെയാണ് മുകളിൽ പറഞ്ഞ പമ്പ്സെറ്റുകൾ 100 ശതമാനം സബ്സിഡിയോടെ നൽകുന്നത് എന്നു യോഗം നിരീക്ഷിച്ചു. അതിനാൽ പാടശേഖര സമിതികൾ തന്നെ അറ്റകുറ്റപ്പണിയും നടത്തേണ്ടതാണ്. എന്നാൽ പെട്ടിയും പറയും അറ്റകുറ്റപ്പണിക്ക് പാടശേഖര സമിതിക്ക് ഫണ്ടില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് ആകെ ചെലവിന്റെ 25 ശതമാനം ഉപയോഗിക്കാൻ അനുമതി നൽകുന്നു.

2) ഊർജ്ജക്ഷമത കുറഞ്ഞ പെട്ടി-പറയ്ക്ക് പകരം സബ്മേഴ്സിബിൾ പമ്പ്, പോർട്ടബിൾ പമ്പ്, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സ്ഥാപിക്കണമെന്നാണ് കൃഷി വകുപ്പിന്റെ നിർദ്ദേശം. അതിനാൽ കാര്യക്ഷമത കൂടുതലുള്ള പമ്പുകൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ/ഇ.പി.എ) വകുപ്പ് |

## 4.65 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2024, 25.11.2024 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/882/24 - CC/66/24)

**വിഷയം:-** കാർഷിക സംഘത്തിന് കെട്ടിട വാടക, ജീവനക്കാർക്ക് വേതനം തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച്

| | | | |
|---|---|---|---|
| പ്രോ.നം. 117/24 | അടങ്കൽ | | 6,75,000 രൂപ |
| | | തനത് ഫണ്ട് | 50,000 രൂപ |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 6,25,000 രൂപ |
| പേര് | കരുതൽ - കാർഷിക സംസ്കരണ യൂണിറ്റ് | | |

ജില്ലാ പഞ്ചായത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി ചെറുതോണിയിൽ പ്രവർത്തിച്ചുവരുന്ന ഹരിത കാർഷിക സംഘത്തിന് (വിപണന കേന്ദ്രം) അവർ വരുത്തിയ ചെലവിന്റെ 50 ശതമാനം തുകയായ (മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക) 2,79,164 രൂപ 09.08.2023നു നൽകി. ഇതിനു പുറമെ ഈ സംഘത്തിന്റെ കെട്ടിട വാടക (പ്രതിമാസം 10,000 രൂപ), രണ്ടു ജീവനക്കാരുടെ വേതനം (പ്രതിമാസം 30,000 രൂപ വീതം) വൈദ്യുതി ചാർജ്ജ് (പ്രതിമാസം 5000 രൂപ) റിവോൾവിംഗ് ഫണ്ട് (1.00 ലക്ഷം രൂപ) എന്നിവ കൂടി ഈ സംഘത്തിന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- മാർഗ്ഗരേഖ പ്രകാരം സംഘത്തിന് ആകെ വന്ന ചെലവിന്റെ 50 ശതമാനമാണ് നൽകാവുന്നത്. ഈ വിഹിതം ഇതിനകം നൽകിയ സാഹചര്യത്തിൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.66 വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

സർക്കാരിന്റെ 06.08.2024-ലെ DA2/88/2024/LSGD നമ്പർ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.07.2024-ലെ 400715/DPPF14/GA/2024/1924(7)-ാം നമ്പർ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.03.2024-ലെ 17-ാം നമ്പർ തീരുമാനവും (SRG/730/24)

വിഷയം:- 'ശലഭോദ്യാനം'എന്ന പ്രോജക്ടിന്റെ തുക കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് ചെയ്തതിന് സാധൂകരണം സംബന്ധിച്ച്

വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ പൊതുകുളത്തിന്റെ പരിസരത്ത് ശലഭോദ്യാനം നിർമ്മിക്കുന്നതിന് 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അനുവദിച്ച 3.50 ലക്ഷം രൂപയാണ് (പ്രോജക്ട് നം.131/2024) ഇതിനായി വകയിരുത്തിയിരുന്നത്. ഈ തുക ജൈവവൈവിധ്യ ബോർഡിന്റെ ഉപദേശ പ്രകാരം കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് (KFRI) ഡെപ്പോസിറ്റ് ചെയ്തു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് നൽകിയ വിഹിതം ബോർഡിന്റെ തന്നെ നിർദ്ദേശ പ്രകാരമാണ് KFRI ക്ക് ഡെപ്പോസിറ്റ് ചെയ്തത് എന്നതിനാൽ സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.67 കുന്നമംഗലം ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/706/24 – CC/421/24)

വിഷയം:- ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചമുള്ള തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 6/23 | അടങ്കൽ | 24,00,000 രൂപ |
| | | (CFC Tied Grant) |
| പേര് | സുജലം – ചെറുപുഴ സംരക്ഷണം | |

കുന്നമംഗലം ഗ്രാമപഞ്ചായത്ത് ചെറുപുഴയിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി 2022-23 വർഷം ഇറിഗേഷൻ വകുപ്പ് നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 24.00 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ പ്രവൃത്തിക്ക് ആകെ 13,79,901 രൂപയാണ് ചെലവായത്. ഇതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 10,20,099 രൂപ തിരികെ വാങ്ങി തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഇറിഗേഷൻ വകുപ്പ് മുഖേന ചെറുപുഴയിലെ സുബ്രഹ്മണ്യ ക്ഷേത്രം കടവ്, പലക്കമണ്ണിൽ കടവ്, ഇല്ലത്ത് കടവ് എന്നിവടങ്ങളിലെ ചെളിയും മണ്ണും മാറ്റുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- അധികമായി ചെയ്യാനുദ്ദേശിക്കുന്നത് സമാന പ്രവൃത്തി ആയതിനാലും ആദ്യം അനുമതി നൽകിയ പുഴയിൽ (ചെറുപുഴ) ആയതിനാലും തുക ഇറിഗേഷൻ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് കത്തിൽ ആവശ്യപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.68 കണ്ണൂർ കോർപ്പറേഷൻ**

_കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024-ലെ കത്തും കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 20.03.2024-ലെ 21-ാം നമ്പർ തീരുമാനവും (SRG/795/24 – CC 247/24)

വിഷയം:-എൽപി/യു.പി. സ്കൂളുകളിലും പൊതു സ്ഥലത്തും പ്രതിമ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| **(i)**പ്രോ.നം 674/2**4** | അടങ്കൽ | 9,00,000 രൂപ |
| | | വികസനഫണ്ട് – ജനറൽ |
| പേര് | LP, UP സ്കൂളുകളിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കൽ | |
| **(ii)** പ്രോ.നം 1462/2**4** | അടങ്കൽ | 8,00,000 രൂപ |
| | | വികസനഫണ്ട് – ജനറൽ |
| പേര് | പൊതു സ്ഥലങ്ങളിൽ ആർ. ശങ്കർ, കെ. കരുണാകരൻ എന്നിവരുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കൽ | |

കണ്ണൂർ കോർപ്പറേഷൻ കഴിഞ്ഞ വർഷം (2023-24) എൽ.പി/യു.പി. സ്കൂളുകളിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കാനും (4 എണ്ണം) പൊതു സ്ഥലങ്ങളിൽ ആർ.ശങ്കർ, കെ. കരുണാകരൻ എന്നിവരുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കാനും പ്രോജക്ട് എടുത്തിരുന്നു. ഇവയ്ക്ക് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. അതിനാൽ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- തനത് ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്ഥാപിക്കാവുന്നതാണ്. പ്രോജക്ട് നം. 1462/24 ന് കോർപ്പറേഷൻ വിഹിതം ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

## 4.69 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024, 01.08.2024 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/801/24 - CC/437/24)

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടി നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| (i)പ്രോ.നം 159/25 | അടങ്കൽ | 3,00,000 രൂപ |
| | | തനത് ഫണ്ട് |
| പേര് | തുമ്പപ്പൂ 2024- ജില്ലാ പഞ്ചായത്ത് ഓണാഘോഷം | |

ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് ഓണാഘോഷ പരിപാടി നടത്തുന്നതിനാണ് പ്രോജക്ട്. ഇതിന്റെ ഭാഗമായി കലാകായിക മത്സരങ്ങൾ, പ്രദർശന മേളകൾ, കലാപരിപാടികൾ, ദീപാലങ്കാരങ്ങൾ തുടങ്ങിയവയാണ് ഓണാഘോഷ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഓണാഘോഷ പരിപാടിയ്ക്കായി 2.00 ലക്ഷം രൂപ ചെലവഴിക്കാൻ 14.11.2023 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വർഷവും ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ പ്രോജക്ട് ഓണസമയത്ത് നടപ്പാക്കിയെന്നറിയിച്ചിട്ടുണ്ട്.

തീരുമാനം :- സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.70 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.10.2024 -ലെ കത്ത് (SRG/ 1043/24 - CC/594/2024)

വിഷയം:- നെൽക്കൃഷിയുടെ കൂലി ചെലവ് സബ്സിഡി നൽകുന്നത് സംബന്ധിച്ച്.

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നെൽക്കൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകാൻ 2023-24-ൽ പ്രോജക്ട് എടുത്തിരുന്നു. ഇതനുസരിച്ച് ശ്രീമതി. ശ്രീകല സോമൻ എന്ന കർഷകനു നൽകിയ 14,000 രൂപ അക്കൗണ്ട് നമ്പർ തെറ്റായതിനാൽ സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് വരവു വച്ചു എന്ന് ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ തുക ശ്രീമതി. ശ്രീകല സോമന് ഈ വർഷത്തെ പ്രോജക്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്കാണ് പോയതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്ത ണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

2) പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കാത്തത് വീഴ്ചയാണ്. ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

3) ഈ തുക ധനവകുപ്പിൽ നിന്നു തിരികെ ലഭിക്കാൻ ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ധനവകുപ്പിനോടാവശ്യ പ്പെടാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.71 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2024-ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.08.2024-ലെ 2.5 (1) -ാം നമ്പർ തീരുമാനവും (SRG/ 1042/24 – CC/600/2024)

വിഷയം:- പഠനമുറിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പഠനമുറിക്ക് ധനസഹായം നൽകാനുള്ള പ്രോജക്റ്റ് കഴിഞ്ഞ വർഷം എടുത്തിരുന്നു. ഈ പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീ. പ്രദോഷ് കുമാർ എം.എസ് എന്ന വ്യക്തിക്ക് പഠനമുറിക്ക് ആദ്യ ഗഡുവായി 30,000 രൂപ നൽകിയത് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്കാണ്. എന്നാൽ സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് കേരള ബാങ്ക് ആയി മാറിയതിനാൽ അക്കൗണ്ട് നമ്പർ മാറിയിരുന്നു. അതിനാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക വരവ് വയ്ക്കാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായി എന്ന് ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ ഈ തുക 2024-25 -ലെ പഠനമുറിക്കുള്ള പ്രോജക്ടിൽ നിന്ന് ഗുണഭോക്താവിന് നൽകാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- 1) തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്കാണ് പോയതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്ത ണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

2) പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കാത്തത് വീഴ്ചയാണ്. ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

3) ഈ തുക ധനവകുപ്പിൽ നിന്നു തിരികെ ലഭിക്കാൻ ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ധനവകുപ്പിനോടാവശ്യ പ്പെടാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.72 പയ്യന്നൂർ നഗരസഭ**

പയ്യന്നൂർ നഗരസഭാ ചെയർപേഴ്സന്റെ 15.10.2024, 23.12.2024 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/ 1032/24)

വിഷയം:- റെയ്ഡ്കോയ്ക്ക് 2023-24 വർഷം നൽകിയ തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് പോയതിനാൽ ഈ വർഷം റെയ്ഡ്കോക്ക് തുക അനുവദിച്ച് നൽകുന്നത് സംബന്ധിച്ച്.

പയ്യന്നൂർ നഗരസഭ 2023-24 വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീന് അക്രഡിറ്റഡ് ഏജൻസിയായ പയ്യന്നൂർ റെയ്ഡ്കോ മുഖേന സ്ഥാപിച്ചിരുന്നു. ഇതിന്റെ ബിൽ തുകയായ 3,88,550 രൂപ റെയ്ഡ്കോയുടെ പേരമ്പ്ര കേരള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ ട്രഷറിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ IFSC തെറ്റായതിനാൽ ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് വരവു വച്ചു എന്ന് ട്രഷറി ഓഫീസർ 03.02.2024-ൽ അറിയിച്ചിട്ടുണ്ട്. ഈ തുക നൽകാനായി 2024-25 വർഷം സ്പിൽ ഓവറായി 2,81,980 രൂപയുടെ (വികസനഫണ്ട്) പ്രോജക്ട് എടുത്തിട്ടുണ്ട് (പ്രോജക്ട് നം.329/25). ബാക്കി തുകയായ 1,06,570 രൂപ തനത് ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ നൽകാനും ഉദ്ദേശിക്കുന്നു. ഈ തുക (ആകെ 3,88,550 രൂപ) നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-
1) തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്കാണ് പോയതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കാത്തത് വീഴ്ചയാണ്. ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
3) ഈ തുക ധനവകുപ്പിൽ നിന്നു തിരികെ ലഭിക്കാൻ ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ധനവകുപ്പിനോടാവശ്യപ്പെടാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.73 <u>മങ്കട ഗ്രാമപഞ്ചായത്ത്</u>**

മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.09.2024-ലെ കത്ത് (SRG/839/24)

വിഷയം:- അങ്കണവാടി കുട്ടികളുടെ കലാ കായിക മത്സരങ്ങൾക്ക് കൂടുതൽ തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം അങ്കണവാടി കുട്ടികളുടെ കലാകായിക മത്സരങ്ങൾക്ക് 15,000 രൂപ വരെയാണ് പരമാവധി ചെലവഴിക്കാവുന്നത്. ഇത് 1,50,000 രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

തീരുമാനം :- പൊതു തീരുമാനം ഖണ്ഡിക 3.2 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.74 <u>ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ</u>**

മക്കരപറമ്പ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ശ്രീമതി. നിഷാ മോൾ.പി. അടക്കമുള്ള സ്റ്റാഫ് അംഗങ്ങൾ നൽകിയ കത്തും അനുബന്ധരേഖകളും (SRG/ 1099/24 – IA1/41/2024/LSGD)

വിഷയം:- ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്.

ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥിരം ജീവനക്കാരായി പരിഗണിച്ച് സർക്കാർ ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നത് സംബന്ധിച്ച്

തീരുമാനം :- ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരടക്കമുള്ളവരെ സ്ഥിരം ജീവനക്കാരായി പരിഗണിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന ആവശ്യം വകുപ്പുതല പരിശോധനയുടെ അടിസ്ഥാനത്തിൽ എടുക്കേണ്ട തീരുമാനമാണ്. അതിനാൽ ഇത് വകുപ്പുതലത്തിൽ പരിശോധിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.75 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2024-ലെ കത്ത് (SRG/ 775/24)

വിഷയം:- പ്രത്യേക ശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ അമ്മ തൊട്ടിലിൽ ഓട്ടിസം, ഭിന്നശേഷി , സെറിബ്രൽ പാൾസി തുടങ്ങിയ രോഗം ബാധിച്ച കുട്ടികളെയും ഉപേക്ഷിക്കപ്പെടുന്നുണ്ട്. ഇത്തരം കുട്ടികളെ പ്രത്യേകമായി പുനരധിവസിപ്പിക്കുന്നതിന് ശിശുക്ഷേമ സമിതിയുടെ ഉടമസ്ഥതയിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിലുള്ള 52 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്തിന് പലപ്പോഴായി കേന്ദ്ര-സംസ്ഥാന അവാർഡായി ലഭിച്ചതിൽ 2.00 കോടി രൂപ അക്കൗണ്ടിൽ ഉണ്ട്. ഈ തുക കെട്ടിടം നിർമ്മിക്കാനായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) അമ്മതൊട്ടിലിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളിൽ ഓട്ടിസം പോലുള്ള രോഗങ്ങൾ ബാധിച്ച കുട്ടികൾ വളരെ കുറവാണ്. ഇവരെ പുനരധിവസിപ്പിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വനിതാ ശിശുവികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അഭിപ്രായം വകുപ്പുതലത്തിൽ തേടി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പരിഗണിക്കാൻ തീരുമാനിച്ചു. റിപ്പോർട്ടിൽ താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

2) എത്ര കുട്ടികളാണ് ഇപ്രകാരം ഉള്ളത്, പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ചെയ്യേണ്ട സേവനങ്ങൾ ഏതൊക്കയാണ്, ആവശ്യമുള്ള സൗകര്യങ്ങൾ എങ്ങനെ ഒരുക്കും, പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ ആവർത്തന ചെലവ് എങ്ങനെ കണ്ടെത്തും തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.76 കരുവാറ്റ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും കരുവാറ്റ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/1176/24 - CC/571/2024)

വിഷയം:- അങ്കണവാടികളുടെ സമഗ്ര ആരോഗ്യ പരിപാലന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 100/22 | അടങ്കൽ | 50,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് ) |
| *പേര്:-* | ബാലമുകുളം അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ പരിപാലനം | |

കരുവാറ്റ ഗ്രാമപഞ്ചായത്തിൽ 19 അങ്കണവാടികൾ ഉണ്ട്. ഈ അങ്കണവാടികളിൽ ആയുർവേദ ടീം നേരിട്ട് സന്ദർശിച്ച് അവർക്ക് ആവശ്യമായ മരുന്നുകൾ നൽകുന്നതിനും ആവശ്യമെങ്കിൽ ലാബ് ഇൻവെസ്റ്റിഗേഷനും നടത്തി രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമാണ് പ്രോജക്ട്. ഇത് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- ആവശ്യം നിരസിച്ചു. ആയുർവേദ മരുന്ന് നൽകിക്കൊണ്ടുള്ള പാരലൽ ചികിത്സാ പദ്ധതി അങ്കണവാടികളിൽ സ്വീകരിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.77 പനയം ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2024-ലെ കത്തും പനയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.01.2024-ലെ 2-ാം നമ്പർ തീരുമാനവും (SRG/991/24 – CC/202/24)

വിഷയം:- ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 991/24* | *അടങ്കൽ* | *35,00,000 രൂപ* |
| | *വികസനഫണ്ട് - ജനറൽ* | *13,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *19,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *3,00,000 രൂപ* |
| *പേര്* | *ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾ* | |

മാർഗ്ഗരേഖ പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനാണ് (കെട്ടിടം, ഫർണിച്ചർ, സ്ഥലം വാങ്ങൽ, വർക്ക് ഷെഡ് തുടങ്ങിയവ) ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നത്. പനയം ഗ്രാമപഞ്ചായത്തിന് പകൽ വീടിന്റെ പ്രവർത്തനം തുടങ്ങുന്നതിനും മറ്റും വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട് എന്ന് ചൂണ്ടിക്കാണിച്ച് BRC യുടെ ദൈനംദിന പ്രവർത്തനത്തിനും ജീവനക്കാരുടെ വേതനത്തിനും ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്. BRC യുടെ ദൈനംദിന പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നതല്ല എന്ന് ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

തീരുമാനം:- ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയാണെങ്കിൽ BRC യ്ക്ക് മതിയായ അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കി ഈ വർഷത്തേയ്ക്ക് BRC യുടെ ദൈനം ദിന ആവശ്യത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ/ഐ.എ) വകുപ്പ് |

**4.78 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.08.2024-ലെ 1(3) -ാം നമ്പർ തീരുമാനവും (SRG/ 1002/24 – CC/518/24)

വിഷയം:- സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥി കൾക്ക് പുസ്തകം ലഭ്യമാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 143/24 | അടങ്കൽ | 3,00,000 രൂപ |
| | | (വികസനഫണ്ട് – ജനറൽ) |
| *പേര്:-* | *സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലോൺ എ ബുക്ക് പദ്ധതിക്ക് പുസ്തകം വാങ്ങൽ* | |

UPSC നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ജനറൽ സ്റ്റഡീസ്, ഓപ്ഷണൽ പേപ്പറുകൾക്കുള്ള പുസ്തകങ്ങൾ രണ്ട് – മൂന്ന് വർഷത്തേയ്ക്ക് ലഭ്യമാക്കാനാണ് പ്രോജക്ട്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നിർദ്ദേശിക്കുന്ന പുസ്തകങ്ങളാണ് ലഭ്യമാക്കുന്നത്. പുസ്തകം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പഠനത്തിന്റെ ആവശ്യം കഴിഞ്ഞ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകണം പിന്നീട് ഈ പുസ്തകങ്ങൾ മറ്റ് വിദ്യാർത്ഥികൾക്ക് നൽകും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം :– ഇപ്രകാരം വാങ്ങുന്ന പുസ്തകം ഏറ്റവും അനുയോജ്യമായ ലൈബ്രറിക്ക് കൈമാറിക്കൊണ്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.79 പന്തളം നഗരസഭ**

പന്തളം നഗരസഭാ ചെയർമാന്റെ 28.10.2024–ലെ കത്ത് (SRG/ 1015/24 )

വിഷയം:– ശബരിമല ഇടത്താവളത്തിൽ ആവശ്യമായ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്

ശബരിമല മകരവിളക്ക കാലത്തും അല്ലാതെയും ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ ധാരാളം തീർത്ഥാടകർ എത്തുന്നുണ്ട്. ശബരിമല മണ്ഡല – മകരവിളക്ക് തീർത്ഥാടനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾക്കായി പന്തളം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– അനുവദനീയമായ മേഖലയിൽ തുക നഗരസഭയ്ക്ക് ചെലവഴിക്കാവുന്ന താണ്. പ്രത്യേക അനുമതി ആവശ്യമുള്ളവയുടെ വിശദാംശം സഹിതം ജില്ലാ ആസൂത്രണസമിതി മുഖേന നൽകുമ്പോൾ പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.80 വയനാട് ജില്ലാ ആസൂത്രണസമിതി**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2024–ലെ 196121 /2024/DPC/DPO/വയനാട് നമ്പർ കത്ത് (SRG/930/2023)

(i) വിഷയം:– സോയിൽ ഫീൽഡ് ഇൻവെസ്റ്റിഗേറ്ററെ നിയമിക്കുന്നതിന് അനുമതി സംബന്ധിച്ച്.

മണ്ണ് പരിശോധന നടത്തി കൃഷി നടത്തുന്ന കർഷകരുടെ എണ്ണം കുറവാണ്. കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സോയിൽ ഫീൽഡ് ഇൻവെസ്റ്റിഗേറ്ററെ നിയമിക്കാൻ അനുമതി സംബന്ധിച്ച്. ആസ്പിറേഷൽ ബ്ലോക്ക് പദ്ധതികളുടെ ഭാഗമായി സോയിൽ ഹെൽത്ത് കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :– സോയിൽ ഇൻവെസ്റ്റിഗേറ്ററെ നിയമിക്കേണ്ട ചുമതല കൃഷി വകുപ്പിനാണ്. ആവശ്യം നിരസിച്ചു.

(ii) വിഷയം:– ഹയർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നത് സംബന്ധിച്ച്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകാൻ അനുമതിയുണ്ട്. ഇതോടൊപ്പം സെക്കന്ററി തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്റ്റ് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്

തീരുമാനം :– ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.81 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2024-ലെ കത്തും അനുബന്ധരേഖകളും (SRG/1055/24 – CC/698/24)

വിഷയം:– വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത കർഷകർക്കും കൃഷി ആവശ്യത്തിന് ധനസഹായം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം.192/25 | അടങ്കൽ | 9,49,636 രൂപ |
| | വികസനഫണ്ട് ജനറൽ | 6,21,490 രൂപ |
| | ഗുണഭോക്തൃ വിഹിതം | 146 രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,28,000 രൂപ |
| *പേര്:–* | *നിറപറ – നെൽകൃഷി വ്യാപനം – വിത്ത്, കുമ്മായം, കൂലിചെലവ് സബ്സിഡി* | |

ആസൂത്രണമാർഗ്ഗരേഖ പ്രകാരം കൃഷിക്ക് സഹായം നൽകുന്നതിന് വിളകളെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തണമെന്നുണ്ട്. എന്നാൽ ഇപ്രകാരം വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താതെ തന്നെ നെൽകൃഷിക്കായി വിത്ത്, കുമ്മായം, കൂലി ചെലവ് എന്നിവയ്ക്ക് സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.82 ATMA – MALAPPURAM**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2024-ലെ 450/2024 – 25/DPC/DPOMPM നമ്പർ കത്തും ആത്മ മലപ്പുറം പ്രോജക്ട് ഡയറക്ടറുടെ 18.06.2024-ലെ 'ആത്മ'/111/24-ാം നമ്പർ കത്തും (SRG/ 746/24)

വിഷയം:– കൃഷിക്കാവശ്യമായ നടീൽ വസ്തുക്കളും വളങ്ങളും മറ്റും വാങ്ങുന്നത് സംബന്ധിച്ച്.

കൃഷി വകുപ്പ് നേരിട്ട് സഹായം നൽകുന്ന ജില്ലയിലെ കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ നടീൽ വസ്തുക്കൾ/വളങ്ങൾ മറ്റ് സേവനങ്ങൾ വാങ്ങാൻ/ ഉപയോഗപ്പെടുത്താൻ അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നതും സംബന്ധിച്ച്

തീരുമാനം :– പൊതുവായി അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു. പ്രവർത്തന പാരമ്പര്യവും പരിചയവുമുള്ള സ്ഥാപനങ്ങൾ ഗുണമേന്മ സംബന്ധിച്ച സാക്ഷ്യപത്രം സഹിതം നൽകുന്ന മുറയ്ക്ക് പ്രത്യേകം പരിശോധിച്ച് അനുമതി നൽകുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.83 തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2024-ലെ കത്തും തോടന്നൂർ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 16.03.2024-ലെ 2(2)-ാം നമ്പർ തീരുമാനവും തോടന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 14.03.2024-ലെ b-60/2023-ാം നമ്പർ കത്തും (SRG/ 1054/24 – CC/673/2024)

വിഷയം:- വിള ഇൻഷ്വറൻസ് ഇല്ലാത്ത കർഷകർക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 51/24 | അടങ്കൽ | 7,16,000 രൂപ (വികസന ഫണ്ട് ജനറൽ) |
| *പേര്:-* | സ്ഥിരം കൃഷി സഹായം - നെല്ല് | |

സംസ്ഥാന കാർഷിക വികസന - കാർഷിക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസിൽ ചേരാത്ത കർഷകർക്ക് നെൽക്കൃഷിക്കുള്ള ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.84 <u>വയനാട് ജില്ലാ പഞ്ചായത്ത്</u>**

വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.09.2024-ലെ കത്ത് (SRG/ 1018/24)

വിഷയം:- ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ X-Ray യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച്

ജില്ലാ പഞ്ചായത്ത് 2023-24 വർഷം വയനാട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ X-Ray മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ X-Ray ടെക്നീഷ്യന്റെ തസ്തികയില്ല. ഈ യൂണിറ്റ് പ്രവർത്തിക്കുന്നതിനായി X-Ray ടെക്നീഷ്യനെ നിയമിക്കണം. ഗുണഭോക്താവിൽ നിന്നും ന്യായമായ ഫീസ് ഈടാക്കി ഈ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ച് ടെക്നീഷ്യന്റെ വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ HDC യോടൊപ്പം ഫീസ് ഈടാക്കാൻ സഹായകരമാകുംവിധം HMC കൂടി രൂപീകരിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- വെറ്ററിനറി ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനുള്ള സർക്കാർ ഉത്തരവ് ആയിട്ടുണ്ട് എന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.85 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2024-ലെ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.07.2024-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/ 1213/ 24 - CC/675/24 )

വിഷയം:- ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.10/25 | അടങ്കൽ | 41,00,000 രൂപ |
| | | വികസനഫണ്ട് - 35,00,000 രൂപ |
| | | തനത്ഫണ്ട് - 6,00,000 രൂപ |
| *പേര്:-* | ABC തെരുവുനായ പദ്ധതി - വേതനം - ജില്ലാ പഞ്ചായത്ത് വിഹിതം | |

സർക്കാരിന്റെ 23.08.2022 -ലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കളെ പിടികൂടി സെന്ററിൽ എത്തിച്ച് സർജറിക്കു ശേഷം തിരികെ പിടികൂടിയ സ്ഥലത്ത് വിടുന്നതിന് 300 രൂപ ഡോഗ് കാച്ചേഴ്സിനു നൽകാം. ഇതിനു പുറമെ വാഹന കൂലിയിനത്തിൽ 200 രൂപയും നൽകാം. എറണാകുളം ജില്ലയിൽ മുളന്തുരുത്തി,

കോലഞ്ചേരി എന്നിവിടങ്ങളിലാണ് ABC സെന്ററുകൾ ഉള്ളത്. എന്നാൽ ദൂരം കൂടുതലായതിനാലും ഉയർന്ന വാഹന വാടക കാരണവും ഡോഗ് കാച്ചർമാർ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു. ജില്ലയിൽ ബഹു. മൃഗസംരക്ഷണം-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വാഹന വാടക 400 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ABC കേന്ദ്രം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളാണെങ്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ആയി 200 രൂപയും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ പോയി നായ പിടിക്കുകയാണെങ്കിൽ 400 രൂപയുമായി ഉയർത്തണമെന്നതു സംബന്ധിച്ച് .

തീരുമാനം :- ആവശ്യം പരിഗണിച്ചില്ല. മൃഗസംരക്ഷണ ഡയറക്ടർ ഇതു സംബന്ധിച്ച് ആവശ്യം ഉന്നയിക്കുമ്പോൾ പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

## 4.86 പ്രാദേശിക വെറ്ററിനറി മരുന്നുല്പാദന കമ്പനികൾ

വെറ്റ് ഒറിജിനൽ പ്രൈവറ്റ് ലിമിറ്റഡ്, വെഞ്ഞാറമ്മൂട്, V.C.ഫാർമസ്യൂട്ടിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോർത്ത് പറവൂർ എന്നീ കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാരുടെയും കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റിന്റെ 10.09.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1155/24)

വിഷയം:- മൃഗങ്ങളുടെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട് മരുന്നു വാങ്ങുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് പരിഗണന നൽകണമെന്നതു സംബന്ധിച്ച്.

വെറ്റ് ഒറിജിനൽ പ്രൈവറ്റ് ലിമിറ്റഡ്, വെഞ്ഞാറമ്മൂട്, V.C.ഫാർമസ്യൂട്ടിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോർത്ത് പറവൂർ, എറണാകുളം എന്നിവ മരുന്നുല്പാദന കമ്പനികൾ ആണ്. തദ്ദേശഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും മരുന്നുവാങ്ങുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ (MSME) ഇത്തരം സ്ഥാപനങ്ങൾക്ക് മുൻഗണനകൾ ലഭിക്കുന്നില്ല. ധനവകുപ്പിന്റെ 31.03.2021-ലെ 4/2021/SPD നമ്പർ ഉത്തരവ് പ്രകാരവും 18.09.2020 -ലെ 5382/2020/Fin ഉത്തരവ് പ്രകാരവും കേരളത്തിൽ പ്രവർത്തിക്കുന്ന MSME കളിൽ നിന്ന് നിശ്ചിത ശതമാനം ഉല്പന്നങ്ങൾ വാങ്ങണമെന്നും നിശ്ചിത ശതമാനം പ്രൈസ് പ്രിഫറൻസ് നൽകണമെന്നുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും മരുന്നു വാങ്ങിക്കുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മുൻതൂക്കം നൽകി ഈ യൂണിറ്റുകളിൽ നിന്നു മരുന്ന് വാങ്ങൽ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഇതിനായി പ്രത്യേക നിർദ്ദേശം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ ധനവകുപ്പിന്റെ മുകളിൽ പറഞ്ഞ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.87 നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.11.2024-ലെ A4/5647/24-ാം നമ്പർ കത്തും നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 14.10.2024-ലെ 2(2)/24 നമ്പർ തീരുമാനവും (SRG/1071/24)

വിഷയം:- ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് പശുവിനെ നൽകുന്നതു സംബന്ധിച്ച്

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട ഭാവന സുരേഷിന് പശുവിനെ നൽകാൻ ഉദ്ദേശിക്കുന്നു. പശുവിനെ പരിപാലിച്ചും പാൽ വിൽപന

നടത്തിയുമാണ് ഈ വ്യക്തി ഉപജീവനം നടത്തുന്നത്. ഗുണഭോക്തൃ വിഹിതം ഒഴിവാക്കി തനത് ഫണ്ടിൽ നിന്ന് 50,000 രൂപ പശുവിനെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ
   തദ്ദേശസ്വയംഭരണ വകുപ്പ്
7. റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
9. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
13. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
14. ചീഫ് ടൗൺ പ്ലാനർ
15. ഡയറക്ടർ, MGNREGS
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
18. ഡയറക്ടർ, മണ്ണ് പര്യവേഷണ – സംരക്ഷണവും (പ്രതിനിധി)
19. ഡയറകടർ, പൊതു വിദ്യാഭ്യാസ വകുപ്പ് (പ്രതിനിധി)
20. ഡയറക്ടർ, കൃഷി വകുപ്പ് (പ്രതിനിധി)
21. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
22. ഡയറക്ടർ, പട്ടികജാതി വകുപ്പ് (പ്രതിനിധി)
23. ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് ( പ്രതിനിധി)
24. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (പ്രതിനിധി)
25. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്(പ്രതിനിധി)